
295
FEBRUARY 2022

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



KERALA PRIVATE
COLLEGE TEACHER

FEB 2022 295

■ *എഡിറ്റോറിയൽ* 3

■ *ദേശീയ വിദ്യാഭ്യാസത്തിന്റെ പ്രയോഗരൂപങ്ങൾ*
**ഡോ. സി. പത്മനാഭൻ** 4

■ *Impact of Russia-Ukraine Geopolitical War on Indian Economy*
**Dr. Kumar SP** 6

■ *വാർത്തയിൽ നിറയുന്ന വർണ്ണവിവേചന ധ്വനികൾ*
**ഡോ. എസ്.ആർ. സഞ്ജീവ്** 10

■ *മുർമാൻസ്കിലെ രാപ്പകലുകൾ*
**ജോയ്സ്കുട്ടി ജോസഫ്** 15

■ *വായനയിലെ സർഗാത്മകതയും പെൺമൂല്യങ്ങളും*
**ഡോ. നുജും എ.** 22

■ *വന്ധ്യം*
**എൻ.കെ. സുനിൽകുമാർ** 30

■ *'ഓൺലൈൻ വിദ്യാഭ്യാസം: സാധ്യതകളുണ്ട് സ്കൂളുകളിലും*
**ഡോ. ശങ്കരനാരായണൻ പാലേരി** 31

■ *ശീതനിദ്ര*
**ഡോ. ബീസ പി. ഭാസ്കർ** 34

■ *Nanotechnology for achieving sustainable development goals*
**Dr. Jithesh Kavil** 35

■ *ഓലമെടയലും പുരമേയലും: ഒരു ഗ്രാമീണ നിറവിന്റെ ഓർമ്മ*
**ഡോ. വന്ദന ബി.** 37

EDITORIAL BOARD

Editor
**Dr. A.S. Sumesh**

Managing Editor
**Dr. K.R. Kavitha**

Assistant Editors
**Dr. Shyla Hameed**
**Dr. Vidhu Narayan**

Special Editors
**Dr.Sunil Kumar NK**
**Dr. Preethakrishna**

**Members**
Jogy Alex
Dr. C. Padmanabhan
Dr. C.L. Joshy
Dr. Nisha V
Pramod Vellachal
Dr. Sony John
Dr. M.R. Rajesh
Harinarayanan S.
Dr. Santhosh Kumar Vallikkat
V.H. Nishad
Dr. Sunil Kumar NK
Lijo Sebastian
Dr. Sindhu K.V.
Milon Franz
Dr. Jibin Baby
Dr. Preethakrishna
Dr. Devi K Varma
Kishore Ram

Design : Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by **Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.org**

**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER**

Form IV
Kerala Private College Teacher
(See Rule 8 of the Registration of Newspapers Rules 1956)


| | | |
|---|---|---|
| 1. Place of Publication | : | Thiruvananthapuram |
| 2. Periodicity of Publication | : | Monthly |
| 3. Printer's Name | : | Dr.C.Padmanabhan |
| Nationality | : | Indian |
| Address | : | AKPCTA State Committee Office Vanchiyoor, Thiruvananthapuram-35 |
| 4. Publisher's Name | : | Dr. C.Padmanabhan |
| Nationality | : | Indian |
| Address | : | AKPCTA State Committee Office Vanchiyoor, Thiruvananthapuram-35 |
| 5. Name of Editor | : | Dr.A.S.Sumesh |
| Nationality | : | Indian |
| Address | : | AKPCTA State Committee Office Vanchiyoor, Thiruvananthapuram-35 |
| 6. Name and Address of Newspaper and partners or share holding more than one percent of the total capital | : | Nil |

I, Dr. C. Padmanabhan, hereby declare that particulars given above are true to the best of my knowledge and belief.

Thiruvananthapuram
01.03.2022

Sd/-
Dr.C.Padmanabhan
Publisher

# എഡിറ്റോറിയൽ



ഏറെ ഭയപ്പെടുത്തുന്ന തിരക്കിട്ട മാറ്റങ്ങൾക്കും അനിശ്ചിതത്വങ്ങൾക്കും ഇടയിലൂടെ ഉന്നത വിദ്യാഭ്യാസ രംഗം കടന്നുപോവുകയാണ്. പ്രതീക്ഷിച്ചതുപോലെ, അല്ലെങ്കിൽ അതിനേക്കാൾ വേഗത്തിലാണ് വിദ്യാഭ്യാസ പരിഷ്കാങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയെ നേരിട്ട് ബാധിക്കുന്ന നിരവധി റെഗുലേഷനുകൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിനു കീഴിൽ വരുന്ന നിരവധി ഏജൻസികൾ ഇതിനകം തന്നെ പുറപ്പെടുവിച്ചു കഴിഞ്ഞു. ചർച്ചകൾക്കോ പരിഷ്കരണങ്ങൾക്കോ ആവശ്യമായ സമയം പോലും നൽകാതെ ദേശീയ വിദ്യാഭ്യാസ നയരേഖയുടെ ചുവടുപിടിച്ച് വിവിധങ്ങളായ പരിഷ്കാരങ്ങൾ റിപ്പോർട്ടുകളായിത്തന്നെ പുറത്തുവരുന്ന സാഹചര്യമാണ് ഉള്ളത്. കലാലയങ്ങളുടെയും സർവകലാശാലകളുടെയും നിലനിൽപ്പുപോലും അപകടത്തിലാവും വിധമുള്ള പരിഷ്കാരങ്ങളിൽ പലതിനും വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ല എന്നത് ആശങ്ക വർദ്ധിപ്പിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ സുപ്രധാന പങ്കാളികൾ എന്ന നിലയിൽ ഏറെ കരുതലോടെയും ജാഗ്രതയോടെയും വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ വർത്തമാന പരീക്ഷണങ്ങളെ നാം സമീപിക്കേണ്ടതുണ്ട്. വിദ്യാർഥി പക്ഷത്ത് നിന്നുകൊണ്ട് പുരോഗമന ആശയങ്ങളെ മുറുകെപ്പിടിക്കുകയും ആവശ്യമായ അക്കാദമിക ഇടപെടലുകൾക്ക് നേതൃത്വം നൽകുകയും ചെയ്യുക എന്നതാണ് ഇനി നമ്മുടെ ദൌത്യം.

**എഡിറ്റർ**
collegeteacheredt@gmail.com
9744168522

ഡോ. സി. പത്മനാഭൻ



# ദേശീയവിദ്യാഭ്യാസത്തിന്റെ പ്രയോഗരൂപങ്ങൾ


ജനാധിപത്യത്തിന്റെ രീതി സമ്പ്രദായങ്ങൾക്ക് നിരക്കുന്നരീതിയിൽ ആയിരുന്നില്ല ദേശീയവിദ്യാഭ്യാസനയം പ്രഖ്യാപിക്കപ്പെട്ടത് എന്നത് അതിനെതിരേ ഉയർന്ന ഏറ്റവും പ്രധാനപ്പെട്ട വിമർശനങ്ങളിൽ ഒന്നായിരുന്നു. ഇന്ത്യൻ പാർലമെൻറ് സമ്മേളിക്കാൻ കേവലം രണ്ട് ആഴ്ച ബാക്കി നിൽക്കേയാണ് കേന്ദ്രമന്ത്രിസഭ തിരക്കിട്ട് ചേർന്ന് ദേശീയവിദ്യാഭ്യാസനയത്തിന് അംഗീകാരം നൽകുന്നത്. 1986 ൽ പ്രഖ്യാപിക്കപ്പെട്ട രണ്ടാം ദേശീയവിദ്യാഭ്യാസനയത്തിന് ശേഷം മൂന്ന് പതിറ്റാണ്ടുകൾ പിന്നിട്ട് 29 ജൂലായ് 2020 ൽ ആണ് മൂന്നാം ദേശീയവിദ്യാഭ്യാസനയം പ്രഖ്യാപിക്കപ്പെട്ടത്. പ്രഖ്യാപനത്തിന് മുമ്പ് ഈ നയം പാർലമെൻറ് അതിൻറെ വിദഗ്ധവിചിന്തനത്തിന് വിധേയമാക്കണം എന്ന് കേന്ദ്രസർക്കാരിന് തോന്നിയതേ ഇല്ല എന്നത് ഒരു വശത്ത് ജനാധിപത്യസംവിധാനങ്ങളോട് സംഘപരിവാറിന് ഉള്ള സഹജമായ പുച്ഛത്തിന് ഉദാഹരണമായി എടുക്കാമെങ്കിൽ മറുവശത്ത് ആരുടേയും ശ്രദ്ധയിൽ പെടാതെ അവരുടെ നിഗൂഢ അജണ്ടകൾ വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കാൻ ഉള്ള വ്യഗ്രതയായും ഇതിനെ കാണാം.

ദേശീയ വിദ്യാഭ്യാസ നയപ്ര

ഖ്യാപനത്തിന് തൊട്ടുപിന്നാലെ വന്ന യുജിസിയുടെ ഓപ്പൺ ആൻറ് ഡിസ്റ്റൻസ് ലേർണിംഗ് റെഗുലേഷൻസ് 2020 യഥാർത്ഥത്തിൽ ഗ്രോസ് എൻ റോൾമെൻറ് റേഷ്യോ വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോട് കൂടി കൊണ്ടുവന്നത് ആണ്. എന്നാൽ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കാതെ തന്നെ ഗ്രോസ് എൻ റോൾമെൻറ് റേഷ്യോ വർദ്ധിപ്പിക്കാൻ ഉതകുന്ന ഈ രീതി ഉന്നതവിദ്യാഭ്യാസരംഗത്ത് മുതൽമുടക്ക് വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറല്ല എന്നതിൻറെ വളരെ വ്യക്തമായ സൂചനയാണ്. ഇതിൻറെ ചുവട് പിടിച്ചുകൊണ്ടാണ് ബ്ലെൻഡഡ് അദ്ധ്യയനം സംബന്ധിച്ച UGC രേഖ പിന്നീട് പുറപ്പെടുവിച്ചത്. ഓൺലൈൻ ഉപാധികൾ ഉപയോഗിച്ചുകൊണ്ട് അദ്ധ്യയനം മെച്ചപ്പെടുത്തുക എന്നതായിരുന്നില്ല മറിച്ച് നിലവിലുള്ള സ്ഥാപനങ്ങൾക്ക് പകരം കേന്ദ്രീകൃതമായതും ചിലവ് കുറഞ്ഞതുമായ സമ്പ്രദായം കൊണ്ടുവരിക എന്നതായിരുന്നു കേന്ദ്ര സർക്കാർ ലക്ഷ്യമിട്ടത്. പിന്നീട് വന്ന അക്കാദമിക് ബാങ്ക് ഓഫ് ക്രഡിറ്റ് റഗുലേഷനും ഇതേ രീതിയിൽ സ്ഥാപനങ്ങളെ അസ്ഥിരപ്പെടുത്തി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തിലേക്ക് തന്നെയാണ് വിരൽ ചൂണ്ടുന്നത്. ഇപ്പോഴിതാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 50% അധ്യാപകരെ കരാർ അടിസ്ഥാനത്തിലോ നിശ്ചിത കാലയളവിലേക്കോ നിയമിക്കാൻ വഴി തുറക്കുന്ന UGC യുടെ കരട് മാർഗരേഖ പുറത്ത് വന്നു കഴിഞ്ഞു. അതോടൊപ്പം ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് ഇതര മേഖലകളിൽ നിന്ന് അദ്ധ്യാപകരെ നിയമിക്കാൻ ഉതകുന്ന പ്രൊഫസർ ഓഫ് പ്രാക്ടീസ് നിർദ്ദേശം ഈ ദിശയിൽ ഏറ്റവും പുതിയ പ്രതിലോമകരമായ ചുവടുവെയ്പ്പാണ്.

ദേശീയവിദ്യാഭ്യാസനയം പ്രയോഗരൂപത്തിൽ വരുമ്പോൾ നിലവിലുള്ള സ്ഥാപനങ്ങളും സ്ഥിരം തൊഴിലും ഇല്ലാതാവും എന്നതിന് വേറെ തെളിവുകൾ ആവശ്യമില്ല.

**ദേശീയ വിദ്യാഭ്യാസ നയ പ്രഖ്യാപനത്തിന് തൊട്ടു പിന്നാലെ വന്ന യുജിസിയുടെ ഓപ്പൺ ആൻറ് ഡിസ്റ്റൻസ് ലേർണിംഗ് റെഗുലേഷൻസ് 2020 യഥാർത്ഥത്തിൽ ഗ്രോസ് എൻ റോൾമെൻറ് റേഷ്യോ വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോട് കൂടി കൊണ്ടുവന്നത് ആണ്. എന്നാൽ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കാതെ തന്നെ ഗ്രോസ് എൻ റോൾമെൻറ് റേഷ്യോ വർദ്ധിപ്പിക്കാൻ ഉതകുന്ന ഈ രീതി ഉന്നതവിദ്യാഭ്യാസരംഗത്ത് മുതൽമുടക്ക് വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറല്ല എന്നതിൻറെ വളരെ വ്യക്തമായ സൂചനയാണ്.**



Dr.Kumar S.P.
Sree Narayana College, Chempazhanthy

# Impact of Russia - Ukraine Geopolitical War on Indian Economy

The geopolitical unrest between Russia and Ukraine has become a serious military action and now it has reached almost akin to a minor world war. As world economy is an integrated market, this unrest will indeed adversely affect the whole economic machineries of the world in various ranges. India has a good trade and diplomatic relationship between the both countries. Hence the impact of this unrest will not prudently affect the Indian economy.

**India - Ukraine Trade Scenario**

India is Ukraine's largest export destination in Asia - Pacific with bilateral trade (FY 2020-21 it is around 2.5 billion) and the fifth largest export destination. India-Ukraine trade during April -December 2021-22 touched $2.35 billion and the bilateral trade for the whole year was expected to be close to the all-time high of $2.73 billion registered in 2018-19. As a percentage of India's overall trade, Ukraine's share has remained more or less stagnant at less than 0.5%, commerce ministry data indicates.

India maintains a trade deficit with Ukraine as the value of imports – mainly agricultural products, metallurgical products, plastics and polymers, etc are higher than the value of the export of products like pharmaceuticals, machinery, chemicals and food products. Leading Indian pharmaceutical companies have their representative offices in Ukraine. An Indian Pharmaceutical Manufacturers' Association is also active in that country. A representative of a leading pharmaceutical industry association said it is so far business as usual when it comes to drug exports from India to Ukraine.

India's exports to Ukraine during April-December 2021-22 were worth $372 million. The imports stood at $1.98 billion during the same period. In 2020-21, the value of India's total trade with Ukraine was $2.59 billion with imports alone accounting for $2.14 billion. In 2018-19, when the overall trade came close to $2.8 billion, India had imported $2.34 billion worth of goods from Ukraine.

## India-Ukraine Trade At A Glance

**Russia's Ukraine invasion threatens $2.35 billion bilateral trade**

Values in US $ Millions

| S.No. | Year | 2017-2018 | 2018-2019 | 2019-2020 | 2020-2021 | 2021-22 (April-Dec) |
|---|---|---|---|---|---|---|
| 1 | **EXPORT** | **330.1** | **390.8** | **463.81** | **450.97** | **372.23** |
| 3 | India's Total Export | 3,03,526.16 | 3,30,078.09 | 3,13,361.04 | 2,91,808.48 | 3,05,026.15 |
| 5 | %Share | 0.11 | 0.12 | 0.15 | 0.15 | 0.12 |
| 6 | **IMPORT** | **2,355.97** | **2,341.03** | **2,060.79** | **2,139.86** | **1,980.11** |
| 8 | India's Total Import | 4,65,580.99 | 5,14,078.42 | 4,74,709.28 | 3,94,435.88 | 4,40,923.98 |
| 10 | %Share | 0.51 | 0.46 | 0.43 | 0.54 | 0.45 |
| 11 | **TOTAL TRADE** | **2,686.07** | **2,731.82** | **2,524.60** | **2,590.83** | **2,352.34** |
| 13 | India's Total Trade | 7,69,107.15 | 8,44,156.51 | 7,88,070.32 | 6,86,244.36 | 7,45,950.12 |
| 15 | %Share | 0.35 | 0.32 | 0.32 | 0.38 | 0.32 |

SOURCE: MINISTRY OF COMMERCE

### India - Russia Trade Scenario

India has strong trade relation with Russia.As per figures of Department of Commerce, bilateral trade during FY 2020 amounted USD 8.1 billion. Indian exports amounted USD 2.6 billion while imports from Russia amounted USD 5.48 billion. Disruptions in supply chain and other constraints due to the covid pandemic in 2020 led to a 19.5% decline in the bilateral trade from 2019 (Jan-Dec). During April – August 2021 (as per Department of Commerce), India's trade with Russia saw a strong revival, increasing by 54% compared with the same period last year.

Major items of export from India include electrical machinery, pharmaceuticals, organic chemicals, iron& steel, apparels, tea, coffee and vehicle spare parts. Major items of import from Russia include defense equipment, mineral resources, precious stones and metals, nuclear power equipment, fertilizers, electrical machinery, articles of steel and inorganic chemicals.

Bilateral trade in services has remained stable during the last five years with trade balance in Russia's favor. The figure stands at USD 973.645 million for the year 2020. Trade in services (Jan-Dec 2020) reduced to about 1 billion as compared to 1.35 billion (Jan- Dec 2019).

Bilateral investments between the two countries remain strong and surpassed the previous target of USD 30 billion in 2018, leading to revised target of USD 50 billion by 2025. The major bilateral investments by Russia in India are in the oil and gas, petrochemicals, banking, railways and steel sectors. Indian investments in Russia are mainly in oil and gas, diamond and pharmaceuticals sectors.

### India-Russia bilateral trade

*$9.4 billion: India-Russia bilateral trade so far in FY22

* This includes $2.55 billion exports and $6.9 billion imports

* $8.1 billion: India-Russia bilateral trade in FY21

### Macro Pressures

As far as the macro economic pressure of the current war tension in Indian economy is concerned, the impact on commodities especially energy is the cause of primary concern. Rising crude prices invariably result in a depreciating rupee, increasing inflation and fiscal deficit, and a reduction in GDP growth. It is estimated that a 10% rise in crude prices reduces our GDP growth by around 20 basis points, increases inflation by around 40 bps, and widens the current account deficit by around 30 bps.

With higher remittances and services exports we are in a better position to withstand the current account deficit and rupee volatility. Undoubtedly, there will be a dent in growth but it will be a bearable pain.

A few days ago, finance minister NirmalaSitharaman had flagged concerns over the after effects of Russia's invasion of Ukraine and said that never has global peace faced challenges of this significance since World War-II. "India's development is going to be challenged by the newer challenges emanating in the world. Peace is being threatened and after the Second World War, (a) war of this significance, this impact, on the globe probably is not felt," Sitharaman had said. India may affect by the following ways.

### Trade Sector

The ongoing crisis in Ukraine is



set to push the country's import bills beyond the USD 600 billion mark this fiscal, given India's import dependence on crude oil, natural gas, gems and jewellery, edible oils and fertilizers, which can lead to a spike in inflation and current account deficit, and a falling rupee, warns a report. India runs trade deficit with Russia, with exports declining while imports are increasing. Oil forms a major part of our import basket from Russia.The report said 2.8 per cent of our total imports have been imported from Russia in FY22 so far.Electrical machinery and equipment is our major export to Russia. However, the total trade is not that much (Russia's share is 1.3 per cent of total trade) and it is our top 25th trade partner.The impact through trade channel would be limited and the economy through higher commodity prices impacting our inflation and CAD.Every $10/bbl increase in oil price is likely to increase inflation by 25 bps and widen CAD as percentage of GDP by 35 bps.

**Banking Sector**

Banking sector has remained resilient to the Russia-Ukraine conflict so far.India's top lender SBI will not process any transactions involving Russian entities subject to international sanctions imposed on Russia. Profitability, asset quality and capital adequacy has risen to a new peak with profitability of banks in Dec'21 quarter, as well as YTD FY22 seen touching new highs.Apart from strong banking scenario, the SBI report showed there's adequate liquidity of Rs 7 lakh crore and appropriate cash balance of Rs 2.8 lakh crore. This should adequately insulate the banking sector to navigate through the crisis.

**Corporate Sector**

Economists at SBI showed Indian corporates have undertaken many steps to utilize the opportunity in the pandemic to say relevant and keep the balance sheet in shape.Corporates have raised an all-time high amount of Rs 1.89 lakh crore through public equity markets.Improvement in credit ratio (upgrades to downgrades) across sectors were also witnessed. New investment announcements which were around Rs 10 lakh crore in last two years improved to Rs 12.78 lakh crore in first nine months of FY22 (April–December). It can



report a 50 per cent growth in FY22 as compared to previous year, the report said.

**GDP**

With limitations on trade, banking and corporate sector, SBI report expects negligible impact of the Russia-Ukraine conflict on Indian economy. “The economy seems poised to enter a high growth (9.2 per cent in FY22 over -6.6 per cent in FY21), low inflation (4.5 per cent in FY23 vs. 5.3 per cent inFY22) phase,” it added.

**Inflation**

The increase in the oil prices resulting from the Russia Ukraine war will have a direct impact on the freight movement because of which food items such as fruits, vegetables, oil, and pulses, among others are likely to be expensive.

Inflation projections show that a 10 per cent rise in crude oil fans 0.3-0.4 pp rise in headline inflation. According to Dr. SoumyaKanti Ghosh, group chief economic adviser State Bank of India, there appears to be an upside risk of 90-100 bps to RBI’s inflation of 4.5 per cent for FY23 if oil price averages to $90/barrel; and 100-130 bps upside if oil price averages to $100/barrel.Eminent economist Jayanth R Varma on Sunday said the Russia-Ukraine conflict is likely to have adverse effects on both economic growth as well as inflation and policy makers must remain alert and ready to respond rapidly to the emerging situation.How Russia-Ukraine war will Impact India?

India imports more than 80% of its oil requirement, however, the share of oil imports in its total imports is around 25 percent. This is worrisome, as the Russia Ukraine war can lead to rising in oil prices which will further pose risk to India’s rising inflation. The rise in oil prices will also have an impact on the current account deficit. It is a difference between the values of goods and the services imported and exported.

**Crude Oil**

Indian Oil Corporation (IOC) said it would no longer accept cargoes of Russian crude and Kazakh CPC Blend cargoes on a free on board (FOB) basis due to insurance risk.If the experts are to be believed, the prices of Brent Crude Oil are likely to increase to $105 a barrel. As India imports Crude Oil, it will become at expensive prices, the effect of which will be seen in the form of a price rise.

Gas Imports

As per the data, India imports 0.20% of gas imports from Russia. Recently, the Gas Authority of India Limited (GAIL) has also signed an agreement with Gazprom for LNG. Under this, an agreement has been signed between the two countries to import 25 lakh tonnes annually for the period of 20 years. However, in what provides some relief, the sanctions on Russia imposed by the United States do not include a ban on the oil and gas exports.

References

Times of India, Daily.
www.bloombergquint.com
RBI analysis
India Today.
Embessy of India, Moscow.

**ഡോ .എസ്.ആർ. സഞ്ജീവ്**
മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം

# വാർത്തയിൽ നിറയുന്ന വർണ്ണവിവേചന ധ്വനികൾ

"ലക്ഷ്യം നേടിയ നായകർ ചെയ്യുന്നതെന്താണോ അത് അയാൾ ചെയ്തു. അയാൾ മരിച്ചു.
യുദ്ധവും സമാധാനവും – ലിയോ ടോൾസ്റ്റോയ്

എല്ലാ ബഹുമാനത്തോടും കൂടി പറയട്ടെ. ഇത് ഇറാഖോ അഫ്ഗാനിസ്ഥാനോ പോലെ പതിറ്റാണ്ടുകൾ സംഘർഷഭരിതമായി നിന്ന ഒരു പ്രദേശമല്ല. നിങ്ങൾക്കറിയാമല്ലോ... ഇത് സാമാന്യേന സംസ്കാരസമ്പന്നമായ.. സാമാന്യേന യൂറോപ്യൻ രീതികൾ പിന്തുടരുന്ന ഒരു നഗരമാണെന്ന്. അമേരിക്കൻ മാധ്യമസ്ഥാപനമായ സി.ബി. എസ്സിന്റെ വിദേശകാര്യകറസ്പോണ്ടന്റ് ചാർലി ദ് അഗത ഉക്രെയ്ൻ റിപ്പോർട്ടിംഗിനിടെ ഉപയോഗിച്ച വാക്കുകളാണിത്. മറ്റൊരു യു. എസ്. സ്ഥാപനമായ എൻ.ബി. സിയുടെ കെല്ലി കൊബീല ഇങ്ങനെ എഴുതി. 'തുറന്നു പറയുകയാണെങ്കിൽ ഇവരാരും സിറിയയിൽ നിന്നല്ല. ഇവർ വെളുത്ത ക്രസ്ത്യാനികളാണ്. പോളണ്ടിൽ ജീവിക്കുന്നവരെപ്പോലെയാണ് ഈ അഭയാർത്ഥികൾ..."

നീലനേത്രമുള്ള സ്വർണ്ണമുടിക്കാരായ ക്രസ്ത്യൻ മധ്യവർഗ്ഗത്തിന്റെ പലായനം അമേരിക്കൻ മാധ്യമങ്ങൾക്കു മാത്രമല്ല, മിക്കവാറും യൂറോപ്യൻ വാർത്താ ഏജൻസികൾക്കും പാശ്ചാത്യരീതികളെ പിന്തുടരുന്നവർക്കും ഹൃദയഭേദകമായി. പലായനക്കാഴ്ചകൾ മധ്യേഷ്യൻ രാജ്യങ്ങൾക്കും പ്രത്യേകിച്ച് മുസ്ലിങ്ങൾക്കും സംവരണം ചെയ്തതാണെന്ന ധ്വനി റിപ്പോർട്ടിംഗിൽ നിന്ന് പലരും വായിച്ചെടുത്തും. സംസ്കാരസമ്പന്നം (സിവിലൈസ്ഡ്) എന്ന വാക്ക് ട്വിറ്ററിലെ പ്രതിഷേധ ഹാഷ് ടാഗായി. സിവിലൈസേഷൻ എന്ന വാക്കിന്റെ പ്രതിനിധാനങ്ങളിലൊന്നായ പ്രാചീനമെസപ്പൊട്ടോമിയൻ സംസ്കാരത്തിന്റെ ഇരിപ്പിടമായ ഇറാക്കിനെ പ്രാകൃതമാക്കുന്ന ചരിത്രനിഷേധമാണ് പാശ്ചാത്യ മാധ്യമ ആഖ്യാനങ്ങളിൽ വിടർന്നത്. പാശ്ചാത്യമാധ്യമങ്ങളുടെ പക്ഷപാതിത്വം പ്രകടമായ കവറേജാണ് ഉക്രെയ്ൻ-റഷ്യ യുദ്ധത്തിലുടനീളം കാണാൻ കഴിയുന്നത്. വളരെ സ്വാഭാവികമായി ഈ പക്ഷപാതിത്വത്തെ അംഗീകരിക്കുന്ന മട്ടിൽ നിർമ്മിതമായ സംവേദനശേഷിയാണ് ഇത്രയും കാലം കാഴ്ചക്കാരെ ഭരിച്ചിരുന്നതെങ്കിൽ ഡിജിറ്റൽ മാധ്യമങ്ങൾ പ്രതിരോധ ശബ്ദങ്ങൾക്ക് ഇടം നൽകിത്തുടങ്ങിയിരിക്കുന്നു.

യൂറോപ്പ് സംസ്കാരസമ്പന്നവും ഇറാഖും അഫ്ഗാനിസ്ഥാനും സംസ്കാരശൂന്യവുമാകുന്ന യുക്തി ആർക്കും പിടിതരുന്നതല്ല. രണ്ട് ലോകയുദ്ധങ്ങൾ, ലോകം മുഴുവൻ വ്യാപിച്ച കൊളോണിയൽ ആർത്തി, ശീതയുദ്ധത്തിലൂടെ തടവറയിലിട്ട മനുഷ്യാവകാശങ്ങൾ. യൂറോപ്പിന്റെ സംസ്കാരം സമ്പന്നമായത് ഇങ്ങനെയൊക്കെയാണെന്നാണ് ചരിത്രം പറയുന്നത്. ശീതയുദ്ധത്തിന്റെ അവശിഷ്ടത്തിൽ നിന്നല്ലേ ഇന്നത്തെ വിനാശകരമായ ക്യാമ്പെയ്ൻ രൂപം കൊള്ളുന്നതു തന്നെ.

### വഞ്ചിക്കപ്പെട്ട ജനത

യുദ്ധത്തിന്റെ പശ്ചാത്തലവിവരണത്തിലും പാശ്ചാത്യമാധ്യമങ്ങളുടെ നഗ്നമായ രാഷ്ട്രീയതാല്പര്യം എടുത്തു കാട്ടാനാവും. ഉക്രെയ്ൻ പ്രസിഡന്റ് വോളോദിമിർ സൈലൻസ്കിയെ ഡേവിഡിനോടും പ്ലാദിമിർ



പുട്ടിനെ ഗോലിയാത്തിനോടും ഉപമിച്ചുണ്ടാക്കിയ ദ്വന്ദത്തിന്റെ പാശ്ചാത്യ മാധ്യമ ആഖ്യാനങ്ങളിൽ അപ്രത്യക്ഷമാകുന്നത് ചരിത്രത്തിന്റെ തമസ്കരണമാണ്. പുട്ടിനെ തീർക്കാൻ റഷ്യയിൽ ഒരു ബ്രൂട്ടസുണ്ടോ എന്നൊക്കെയുള്ള യുദ്ധവെറിയൻ സെനറ്റർമാരുടെ പ്രസ്താവനകൾക്ക് നൽകുന്ന അമിതപ്രാധാന്യത്തിനിടെയാണ് ഇത്തരത്തിലുള്ള ഗുരുതരമായ വീഴ്ച കാണാൻ കഴിയുക. ലോകം കണ്ട ഏറ്റവും വലിയ സൈനിക സഖ്യമായ നാറ്റോ സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കു ശേഷം പടിപടിയായി കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾക്ക് അംഗത്വം നൽകിയതും റഷ്യയുടെ പടിവാതിൽക്കലേയ്ക്കു വരെ സൈനികനീക്ക ശേഷി വർധിപ്പിച്ചതും സൃഷ്ടിച്ച പ്രകോപനത്ത മന:പൂർവം തമസ്കരിച്ചുകൊണ്ടാണ് യുദ്ധത്തിന്റെ നരേറ്റീവുകൾ ഉണ്ടാകുന്നത്. അമേരിക്കൻ പ്രകൃതിവാതക കമ്പനികളുടെ യൂറോപ്യൻ മേഖലയിലുള്ള സാമ്പത്തിക താല്പര്യവും അതിന് റഷ്യ ഉയർത്തുന്ന പ്രതിരോധവും സൃഷ്ടിക്കുന്ന അനുബന്ധപ്രശ്നങ്ങൾ മാധ്യമകവറേജുകളിലില്ല. ഇതിനർത്ഥം റഷ്യൻ അധിനിവേശം ന്യായീകരിക്കത്തക്കതാണെന്നല്ല. ഇവിടെ സംവാദത്തിനും സമാധാനപരമായ പരിഹാരത്തിനും മാർഗ്ഗങ്ങൾ തുറക്കുന്നതിനു പകരം അമേരിക്കൻ താല്പര്യസംരക്ഷകർ കുട്ടിക്കുരങ്ങനെക്കൊണ്ട് ചുടുചോറ് മാന്തിക്കുകയായിരുന്നുവെന്ന് യുദ്ധത്തിന്റെ ഓരോ ദിനങ്ങളും തെളിയിക്കുന്നു. ശീതയുദ്ധഹാങ്ഓവർ കൊണ്ടു നടക്കുന്ന ബൈഡനെപ്പോലൊരാൾക്ക് ആത്മാർത്ഥതയുണ്ടെന്ന് ധരിച്ച ഉക്രെയ്ൻ ജനത വീണ്ടും വീണ്ടും വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ലോകത്തിന്റെ പാശ്ചാത്യമാധ്യമലെൻസ് മനുഷ്യത്വവരുദ്ധമായിരുന്നുവെന്നതിന് ഉദാഹരണങ്ങൾ നിരവധി. ആഫ്രിക്കയിലെ കൊടുംപട്ടിണിയും തെക്കനേഷ്യൻ രാജ്യങ്ങളിലെ വിശപ്പും അഭയാർത്ഥികളുടെ പലായനവും ലൈംഗിക അടിമകളാവുന്ന സ്കൂൾ വിദ്യാർത്ഥിനികളുമൊക്കെ വ്യത്യസ്തതയുള്ള കാഴ്ചകളും അനുഭവങ്ങളും എന്ന സംജ്ഞയിലേയ്ക്ക് മാത്രം ചുരുങ്ങിപ്പോയ മാധ്യമപാഠമാണ് പടിഞ്ഞാറ് നമുക്ക് പലപ്പോഴും നൽകിയത്. ഈ പാഠങ്ങളിൽ സിറിയൻ അഭയാർത്ഥിയായ മൂന്നു വയസ്സുകാരൻ അലൻ കുർദി നമുക്കു വേണ്ട കണ്ണട മാത്രമായി. കുർദിയുടെ ചലനമറ്റ ശരീരത്തിന്റെ ദൃശ്യം നമ്മുടെ കണ്ണായി മാറിയില്ല. അനുതാപമില്ലാത്ത സഹതാപം മാത്രം.

## പോവർട്ടിപോൺ എന്ന ദൃശ്യാനുഭവം

1984 ലെ എത്യോപ്യൻ ക്ഷാമകാലത്തെക്കുറിച്ചും പട്ടിണിയെക്കുറിച്ചും ബി.ബി.സി. ലേഖകൻ മൈക്കൽ ബർഖ് തയ്യാറാക്കിയ റിപ്പോർട്ട് പാശ്ചാത്യനാടുകളിൽ ധാർമ്മികരോഷത്തിന്റെ തീ പടർത്തി. ബിബ്ലിക്കൽ ഫാമിൻ എന്ന് ബർഖ് വിശേഷിപ്പിച്ച എത്യോപ്യൻ കാഴ്ചകൾ പിന്നീട്

ആഫ്രിക്കയുടെ പല ഭാഗങ്ങളിൽ നിന്നും ആവർത്തിക്കപ്പെട്ടു. സെലിബ്രിറ്റി ഫണ്ട് റെയ്സിംഗിനു തുടക്കം കുറിച്ചു. പക്ഷേ അമർത്യാ സെൻ പറഞ്ഞതു പോലെ ക്ഷാമം പ്രകൃതിയുടെ സ്വാഭാവിക സൃഷ്ടി മാത്രമല്ല, അതിന് മനുഷ്യന്റെ രാഷ്ട്രീയ സാമൂഹ്യ ഇടപെടലും കാരണമാണെന്ന വസ്തുത ആഖ്യാതാക്കൾ സൗകര്യപൂർവം മറന്നു. മടുപ്പ് മാറ്റാനുള്ള വ്യത്യസ്ത ദൃശ്യങ്ങളുടെ കൗതുകത്തിലേയ്ക്ക് ഇത്തരം മനുഷ്യരോദനങ്ങൾ പരിമിതപ്പെട്ടു. ചിലരിതിനെ "പോവർട്ടി പോൺ" എന്നു വിളിച്ചു. സഹതാപം വിളമ്പാനുള്ള ജീവിതാവസ്ഥകളായി ലഘൂകരിച്ചു. ഞങ്ങളും അവരും എന്ന ആഖ്യാനമാതൃകകളാണ് ഈ കവറേജുകളെ എല്ലാക്കാലവും സ്വാധീനിച്ചിരുന്നത്. ജീവിതസൗഭാഗ്യങ്ങൾ ഏറിപ്പോയതുകൊണ്ട് കഷ്ടപ്പെടാനൊന്നുമില്ലാത്തതിനാൽ മടുപ്പ് മാറ്റാനുള്ള കാഴ്ചകൾ ഈ മാധ്യമങ്ങൾ കിഴക്കു നിന്ന് നിർമ്മിച്ചെടുത്തു. എഡ്വർഡ് സെയ്ദിനെപ്പോലുള്ളവർ വിശദീകരിച്ച പടിഞ്ഞാറിന്റെ അന്യനിർമ്മിതിയും നിയോകൊളോണിയലിസത്തിന്റെ ദുരയും പുതിയ രൂപത്തിൽ തിരിച്ചു വന്നുകൊണ്ടേയിരിക്കുന്നു; ചരിത്രത്തിന്റെ തനിയാവർത്തനമായി. വിവരങ്ങളുടെയും വാർത്തകളുടെയും മേലുള്ള അധീശത്വമാണ് യുദ്ധവിജയത്തിന്റെ ആദ്യവഴിയെന്ന് അമേരിക്കയും പാശ്ചാത്യരാജ്യങ്ങളും എക്കാലവും തിരിച്ചറിഞ്ഞിട്ടുണ്ട്. ചേരിചേരാ രാജ്യങ്ങളുടെ സമ്മർദ്ദഫലമായി രൂപം കൊണ്ട മാക് ബ്രൈഡ് കമ്മീഷൻ റിപ്പോർട്ട് (ബഹുസ്വരങ്ങളും ഏകലോകവും) എന്ന മാധ്യമരംഗത്തെ നിയോകൊളോണിയലിസത്തിനെതിരെയുള്ള എക്കാലത്തെയും പ്രബലമായ ചെറുത്തുനിൽപ്പിന്റെ രേഖ നിരോധിച്ചു കൊണ്ടാണ് അമേരിക്കയും ബ്രിട്ടനും 80 കളിൽ തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങൾ ഊട്ടിയുറപ്പിച്ചതെന്നോർക്കുക. സാമാധാന നൊബേൽ സമ്മാന ജേതാവായ ജോൺ മാക് ബ്രൈഡ് നേതൃത്വം നൽകിയ കമ്മീഷന്റെ ഉദ്ദേശലക്ഷ്യം തന്നെ രാജ്യാന്തരവാർത്താവിനിമയത്തിൽ തുല്യതയും പ്രതിനിധാനവും ബഹുസ്വരതയും ഉറപ്പുവരുത്തുക എന്നതായിരുന്നു. ഗബ്രിയേൽ ഗാർസ്യമാർക്കേസും മുസ്തഫ മസൂദിയും ബി.ജി. വർഗ്ഗീസുമൊക്കെ അംഗങ്ങളായ ആ 20 അംഗ കമ്മിറ്റിയുടെ നിർദ്ദേശങ്ങളെ തുരങ്കം വെയ്ക്കാൻ പാശ്ചാത്യ ശക്തികൾ മത്സരബുദ്ധ്യാ ഒന്നിച്ചു. ഇത്തരം പരാജയങ്ങളിൽ നിന്ന് പാഠം പഠിക്കാൻ ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾക്ക് കഴിയാതിരുന്നതുകൊണ്ടാണ് ഇന്നും വിവരവിനിമയത്തിലെ കുത്തക കൈവശപ്പെടുത്തിയിരിക്കുന്ന ശക്തികൾ തങ്ങളുടെ താല്പര്യാർത്ഥം സമകാലികചരിത്ര രചന നടത്തിക്കൊണ്ടിരിക്കുന്നത്. ഉക്രൈയ്ൻ നൽകുന്ന പാഠവും അതുതന്നെയാണ്.

### ഗില്ലറ്റിൻ ദ് ട്രൂത്ത്

യുദ്ധത്തിന്റെ ആദ്യ ഇര



വാസ്തവമാണെന്ന വാക്യം എത്രമാത്രം പ്രസക്തമാണെന്ന് ഉക്രെയ്ൻ നമ്മെ ഓരോ ദിവസവും ഓർമ്മിക്കുന്നു. വ്യാജവാർത്തകൾ (റഷ്യൻ സർക്കാർ നൽകാത്ത വാർത്തകളെല്ലാം വ്യാജം എന്ന് വിവക്ഷ) പ്രസിദ്ധീകരിക്കുന്നത് ക്രിമിനൽ കുറ്റമാക്കുന്ന നിയമം കൊണ്ടുവന്ന വ്ലാദിമിർ പുട്ടിൻ റഷ്യയിൽ ഫേസ് ബുക്കിന്റെയും ട്വിറ്ററിന്റെയും പ്രവർത്തനം മരവിപ്പിച്ചു. ഫേസ് ബുക്ക് റഷ്യ ടുഡേ ടിവിയുടെയും ആർ.ഐ.എ ന്യൂസ് ഏജൻസിയുടെയും പേജുകൾ യൂറോപ്പിലെയും യു.കെയിലെയും ഫീഡുകളിൽ നിന്ന് എടുത്തു മാറ്റിയതിനു പിന്നാലെയാണിത്. ഇന്റർനെറ്റ് യുദ്ധത്തിൽ റഷ്യയ്ക്ക് ജയിക്കാനാവില്ലെന്നത് സുവ്യക്തമാണ്. രാജ്യാന്തര ടെക് ഭീമന്മാർ മുഴുവൻ പാശ്ചാത്യനാടുകളിൽ നിന്നാണല്ലോ. ഇന്റർനെറ്റിനെ യുദ്ധമുഖമായി ഉപയോഗിക്കുന്നതിൽ ഉക്രെയ്ൻ പിറകിലല്ല. ഉക്രെയ്ൻ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ മന്ത്രി 31 കാരനായ മിഖായേൽ ഫെദോറോവ് യുക്രെയ്ൻ സൈബർ ആർമിയെ ഉപയോഗിച്ച് റഷ്യയ്ക്കു മേലുള്ള ഇന്റർനെറ്റ് ആക്രമണം ശക്തമാക്കിയിരിക്കുകയാണ്. എലോൺ മസ്കിനെപ്പോലുള്ളവരുടെ സഹായം തേടിയ ഫെദോറോവ് ആപ്പിൾ, ഗൂഗിൾ, മെറ്റ, ഓറാക്കിൾ തുടങ്ങിയ കമ്പനികളുടെ സേവനം റഷ്യയിൽ നിർത്തലാക്കുന്ന ക്യാമ്പസ്സിൽ ചെറിയ വിജയം അവകാശപ്പെടുന്നു. പക്ഷേ സൈബർ യുദ്ധം ഗുരുതരമായ പ്രത്യാഘാതങ്ങൾക്കും വഴി തെളിയിച്ചേയ്ക്കാം. റഷ്യൻ ടെലിഫോൺ, ട്രാൻസ്പോർട്, ഊർജ്ജ ഗ്രിഡുകൾക്കു നേരെ സൈബർ ആക്രമണം അഴിച്ചുവിടാനും രാജ്യത്തെ സ്തംഭിപ്പിക്കാനും ഫെദോറോവ് ഹാക്കർമാരോട് നടത്തിയ ആഹ്വാനം സമ്പൂർണ്ണ അരാജകത്വത്തിലേയ്ക്ക് നയിക്കുമെന്ന ആശങ്ക ലോകത്തെമ്പാടും പ്രബലമാണ്. ഇന്ത്യയ്ക്ക് ഈ അനുഭവം പ്രത്യേക പാഠം നൽകുന്നുണ്ട്. ചൈനയെപ്പോലെ വെബോ , വീ ചാറ്റ് തുടങ്ങിയ സൈബർ പ്ലാറ്റ് ഫോമുകൾ തദ്ദേശീയമായി വികസിപ്പിച്ചെടുത്തിട്ടില്ലെങ്കിൽ രാജ്യാന്തര ടെക് ഗ്രിഡുകൾക്ക് നമ്മെ ശിലായുഗത്തിലേയ്ക്ക് തള്ളിവിടാനാകുമെന്ന് ഉക്രെയ്ൻ അനുഭവം മുന്നറിയിപ്പ് നൽകുന്നു.

റഷ്യയിലും വസ്തുതകളെ അഭിമുഖീകരിക്കാൻ ഭരണകൂടം തയ്യാറായിട്ടില്ല. അവിടെ നിന്നുയരുന്ന യുദ്ധവിരുദ്ധപ്രകടനങ്ങൾ തന്നെ ഉദാഹരണം. സർക്കാർ വൃത്തങ്ങളിൽ നിന്നല്ലാതെ ലഭിക്കുന്ന ഒരു വാർത്തയും പ്രസിദ്ധീകരിക്കരുതെന്നാണ് പുട്ടിന്റെ അന്ത്യശാസനം. സാമൂഹ്യമാധ്യമങ്ങൾ വിലക്കപ്പെട്ടിരിക്കുന്നു. വാൾ സ്ട്രീറ്റ് ജേണൽ പോലുള്ള അമേരിക്കൻ മാധ്യമങ്ങൾ യുദ്ധത്തിന്റെ റഷ്യൻ ആഖ്യാനത്തിനെതിരെ ഇൻഫർമേഷൻ വാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഹോളിവുഡ് സിനിമകളിൽ മാത്രം കണ്ടിരുന്ന ആണവയുദ്ധചർച്ചകളും ഭീഷണികളും സർ റിയൽ ആഖ്യാനം പോലെ ടെലിവിഷൻ സ്റ്റേഷനുകളിൽ നിറയുന്നു. മഹാഭാരതയുദ്ധത്തിൽ ആഗ്നേയാസ്ത്രവും






വരുണാസ്ത്രവും ഏറ്റുമുട്ടുന്ന യുദ്ധവിവരണം പോലെ 1991 ലെ ഗൾഫ് യുദ്ധകാലത്ത് നമ്മൾ കേട്ടതും കണ്ടതുമായ കഥകളുണ്ടായിരുന്നു. സദ്ദാമിന്റെ സ്കഡും അമേരിക്കയുടെ പേട്രിയറ്റും ആകാശത്ത് പരസ്പരം ഏറ്റുമുട്ടുന്ന കാഴ്ചകൾ സി.എൻ.എന്നിന്റെ കള്ളക്കടത്ത് ടി.വി. സിഗ്നലുകളിലൂടെ ഇന്ത്യക്കാരും കണ്ട് ആനന്ദിച്ചതാണ്. യുദ്ധക്കാഴ്ചകൾ വിളമ്പുന്ന എംബെഡഡ് ജേർണലിസ്റ്റുകൾ അക്കാലത്തും പിന്നീടും തീൻമേശകളിലെ പരിചിതമുഖങ്ങളായി. യുദ്ധമെന്ന തീയറ്റർ അനുഭവത്തിൽ നിന്ന് ലോകം കുറെയേറെ മുന്നോട്ടുപോയെന്ന് നാമിനിയും മനസ്സിലാക്കിയിട്ടില്ല.

പ്രശസ്ത പോസ്റ്റ് സ്ട്രക്ചറലിസ്റ്റ് ചിന്തകനായ ജോൺ ബോദ്രിയാർദിന്റെ ഗൾഫ് യുദ്ധത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ലോകം മുഴുവൻ ചർച്ച ചെയ്തതാണ്. പതിനായിരക്കണക്കിന് ടൺ ഭാരമുള്ളതും അതീവ പ്രഹരശേഷിയുള്ളതുമായ ബോംബുകൾ ഇറാഖിനു മേൽ വർഷിക്കുന്നതിനെ യുദ്ധമെന്നു വിളിക്കാനാവില്ലെന്നും ഗൾഫ് യുദ്ധമെന്ന് ഒന്ന് ഉണ്ടായിട്ടില്ലെന്നുമായിരുന്നു ബോദ്രിയാർദിന്റെ നിരീക്ഷണം. മാധ്യമനിർമ്മിതമായ

യാഥാർത്ഥ്യം അതീതയാഥാർത്ഥ്യമാണെന്നും (ഹൈപ്പർ റിയാലിറ്റി) സത്യമെന്ന് അനുഭവത്തെ സാധൂകരിക്കുന്ന റഫറൻസസ് ഇല്ലാത്തതിനാൽ ഇക്കാണുന്നതെല്ലാം ഒരു അനുകരണപ്രതീതി (സെമുലേഷൻ) മാത്രമാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞുവെച്ചു. സംഭവങ്ങൾ സംഭവിച്ചതായി ആരും സാക്ഷ്യം പറഞ്ഞില്ലെങ്കിൽ അത്തരത്തിലൊരു സംഭവമേ ഉണ്ടായിട്ടില്ലെന്ന അതീത യാഥാർത്ഥ്യത്തിലേയ്ക്ക് മനുഷ്യൻ വീണുപോകുമെന്ന ദുഖകരമായ അവസ്ഥ ബോദ്രിയാർദിന്റെ എഴുത്തുകളിൽ കാണാം. ബോസ്നിയൻ വംശഹത്യയോടുള്ള പടിഞ്ഞാറിന്റെ കുറ്റകരമായ അവഗണന ഇതിനുദാഹരണമായി അദ്ദേഹം എടുത്തു കാട്ടുന്നു. ഉക്രൈയ്നിൽ നടക്കുന്നതിനെ ബോദ്രിയാർദിയൻ വീക്ഷണത്തിൽ യുദ്ധമെന്ന് വിളിക്കാമോ? ചരിത്രം ബാക്കിവെച്ച വിദ്വേഷത്തിന്റെയും സംശയത്തിന്റെയും സാന്ദ്രീകരണത്തിൽ പട്ടാളക്കാരും അന്യരാജ്യത്തുനിന്നെത്തിയ വിദ്യാർത്ഥികളും മനുഷ്യകവചങ്ങളാകുന്ന കാലം. അതിർത്തികൾക്ക് തുറന്നിട്ട രാജ്യവും ജനതയും അതിർത്തിയെന്ന ആധുനികരാഷ്ട്രീയസംജ്ഞയുടെ തടവിലാക്കപ്പെട്ട ദയനീയമായ സന്ദർഭം. ഉക്രെയ്ൻ നമ്മ നൂറ്റാണ്ടുകൾ പിറകിലേയ്ക്ക് നടത്തുകയാണ്. ചരിത്രത്തിന്റെ ആദ്യകയ്യെഴുത്തുപ്രതിയെന്ന് വിശേഷിപ്പിക്കപ്പെടുന്ന മാധ്യമങ്ങൾ കാടുകാണാതെ മരം മാത്രം കാണുന്നു. അതും ഉണങ്ങി വീഴാറായ ചില്ലകളിൽ കയ്യൂന്നിനിന്നു കൊണ്ട്.


**ജോയ്സ്കുട്ടി ജോസഫ്**
കെ.ഇ. കോളേജ്, മാന്നാനം

# മുർമാൻസ്കിലെ രാപ്പകലുകൾ

ഭൂഗോളത്തെ നെടുകെ തുളച്ചു കൊണ്ട് മറുപുറമെത്തുന്ന ഒരു കുഴി. ഈ കുഴിയിലേക്ക് വീണു പോകുന്ന ഞാൻ... ഗ്രാവിറ്റിയുടെ ത്രിശങ്കു സ്വർഗ്ഗത്തിൽ.കുറെക്കാലം മുമ്പ് ഞാൻ കണ്ട ഒരു സ്വപ്നമാണിത്.സെൻ്റ് പീറ്റേഴ്സ്ബർഗിൽ നിന്ന് നേരെ വടക്ക് മുർമാൻസ്കിലേക്ക് പറക്കുന്ന സ്മാർട്ടവിയയുടെ ഒരു വിമാനത്തിലിരിക്കുന്ന എനിക്ക് ഇത്തരമൊരു സ്വപ്നത്തിന്റെ ഓർമ്മയുണ്ടായതെന്തുകൊണ്ട് എന്ന് പറയാം. മുർമാൻസ്ക് എന്ന ധ്രുവപ്രദേശ നഗരത്തിന്റെ പേര് ആദ്യമായി ഞാൻ കേൾക്കുന്നത് ഒരു കുഴിയുമായി ബന്ധപ്പെട്ട് വളരെ യാദൃച്ഛികമായാണ്. മുമ്പ് ഒരു ദക്ഷിണാഫ്രിക്കൻ സന്ദർശനത്തിനിടയിൽ കിംബർലിയിലെ മനുഷ്യനിർമ്മിതമായ വൻ കുഴിയെക്കുറിച്ച് പറയുന്നതിനിടയിലാണ് മുർമാൻസ്കിലെ കോല സൂപ്പർ ഡീപ് ഹോളിനെക്കുറിച്ച് അറിയുന്നത്. പന്ത്രണ്ട് കിലോമീറ്ററിലേറെ (12262 മീറ്റർ) ആഴമുള്ള ഇത് അടുത്തകാലം വരെ ലോകത്തിലെ ഏറ്റവും താഴ്ചയുള്ള മനുഷ്യനിർമ്മിത കുഴിയായിരുന്നു. ഈ 'നരക കുഴി'യുടെ(Well to hell) അടിയിലെ ചൂട് 180 ഡിഗ്രിയാണത്രേ. ആർട്ടിക് വൃത്തത്തിനുള്ളിലെ മുർമാൻസ്കിലേക്ക് അടുക്കുന്നുവെന്നും അവിടത്തെ ഇപ്പോഴത്തെ താപനില മൈനസ് 8 ഡിഗ്രിയാണെന്നുമുള്ള പൈലറ്റിന്റെ അറിയിപ്പാണ് എന്നെ യാഥാർത്ഥ്യത്തിലേക്ക് തിരിച്ചു കൊണ്ടുവന്നത്. സാധാരണയിലും താഴ്ന്ന് പറക്കുന്ന വിമാനത്തിലിരുന്ന് താഴേക്ക് നോക്കുമ്പോൾ വൃത്തമല്ല പകരം കൊച്ചു കൊച്ച് തടാകങ്ങളാണ് കാണുന്നത്. പുഴകളും ചതുപ്പുകളും തടാകങ്ങളും നിറഞ്ഞ പ്രദേശങ്ങളാണിവിടെ എന്നാണ് കേട്ടിട്ടുള്ളത്.വടക്ക് ബാരൻ്റ്സ് കടലും തെക്കും കിഴക്കും വെള്ളക്കടലും (White Sea) അതിരിടുന്നതും പടിഞ്ഞാറ് സ്കാൻഡിനേവ്യയോട് കരയാൽ ബന്ധിപ്പിക്കപ്പെട്ടിട്ടുള്ളതുമായ കോല ഉപദ്വീപ് ,ഏഷ്യയിലേക്ക് പടർന്നു കിടക്കുന്ന സ്വന്തം ശരീരത്തെ കഴുത്തു തിരിച്ച് നോക്കുന്ന കുതിരത്തലയായിട്ടാണ് തോന്നിയിട്ടുള്ളത്.ആർട്ടിക് സമുദ്രത്തിൽ ഒഴുകിച്ചേരുന്ന കോല നദി കാരണമാണ് കോല ഉപദ്വീപ് എന്ന പേര് ലഭിച്ചത്.

സമയം ഉച്ചയോടടുത്തെങ്കിലും പുറത്ത് അധികം പ്രകാശമില്ല. ജാലകത്തിലൂടെ കുറെ നേരമായി സാമാന്യത്തിലും വലിപ്പമുള്ള പൂർണ്ണചന്ദ്രനെ കാണാം. വിമാനം ഒന്ന് കറങ്ങിത്തിരിഞ്ഞ് താഴാനുള്ള തയ്യാറെടുപ്പുകളിലാണ്. താഴെ ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രത്തിലേതുപോലെ മഞ്ഞ് വീണ സ്തൂപികാഗ്രമരക്കാടുകളാണ് അധികവും കാണുന്നത്. വടക്കൻ യൂറോപ്പിലെ പ്രശസ്തമായ ടൈഗ(Taiga) ജൈവ മേഖലയാണിവിടെ കാണപ്പെടുന്നത്.പോപ്ലാറും വില്ലോയും ഓക്കും മേപ്പിളും പല തരം പൈൻ മരങ്ങളുമൊക്കെയാണ് സാധാരണ ഇത്തരം പ്രദേശങ്ങളിൽ ഉണ്ടാവുക. വിമാനത്തിന്റെ ജാലക കാഴ്ച ആയതിനാലും മഞ്ഞിന്റെ അലങ്കാരങ്ങൾ അണിഞ്ഞ് നിൽക്കുന്നതിനാലും വളരെ താഴ്ന്നാണ് പറക്കുന്നതെങ്കിലും മരങ്ങളെ തിരിച്ചറിയാനേ പറ്റുന്നില്ല. ചെറിയ ചെറിയ തടാകങ്ങൾ, നീരൊഴുക്കുകൾ, ഇടയ്ക്കിടെ കൂർമ്പൻമേൽക്കൂരയുള്ള വീടുകൾ, ഹിമം വീണ് കിടക്കുന്ന റോഡുകൾ - നല്ല കലണ്ടർ ചിത്രങ്ങളിലേതുപോലെ മുർമാൻസ്ക്.

മഞ്ഞ് മാറ്റി തെളിച്ച റൺവേയിലേക്ക് മടിച്ചു മടിച്ചാണ് വിമാനം താണിറങ്ങിയത്. തെർമലുകൾക്കും ജാക്കറ്റുകൾക്കും താങ്ങാനാവാത്ത തണുപ്പാണ് പുറത്ത്. വിമാനത്താവളത്തിന്റെ ചാഞ്ഞ മേൽക്കൂരയിലും സമീപത്തെ വാഹനങ്ങളിലുമെല്ലാം വെള്ള അലങ്കാരങ്ങൾ




പോലെ മഞ്ഞ് കട്ടപിടിച്ച് കിടക്കുന്നത് കാണാൻ ഭംഗിയാണ്. ലഗേജുമായി പുറത്തെത്തിയപ്പോൾ ആണും പെണ്ണും നിരയായി നിന്ന് സിഗരറ്റ് പുകയ്ക്കുന്ന കാഴ്ചയാണ് കാണുന്നത്. പുകവലി കൂടുതലുള്ള പ്രദേശങ്ങളിലൊന്നായാണ് മൂർമാൻസ്ക് അറിയപ്പെടുന്നതെന്ന് എവിടെയോ വായിച്ചത് ഞാനോർമ്മിച്ചു. 'വഴിയേത് പുഴയേത്'' എന്ന് തിരിയാത്ത രീതിയിൽ പുറത്തെല്ലായിടത്തും മഞ്ഞാണ്. മഞ്ഞിന്റെ സാമ്രാജ്യത്തിലേക്കാണ് ഞങ്ങൾ എത്തിയിരിക്കുന്നത്.

ചില കാഴ്ചകൾ കണ്ട് നഗരത്തിലെ ഹോട്ടലിലേക്ക് പോകാനാണ് പ്ലാൻ.വീതി കുറവെങ്കിലും റോഡ് നല്ലതാണ്. റോഡ് മഞ്ഞിനാൽ മറയപ്പെട്ട് കിടക്കുന്നെങ്കിലും നല്ല വേഗതയിലാണ് വാഹനം. റോഡിൽ നിന്ന് വടിച്ചുവാരിയത് കൂടി ചേർന്നതുകൊണ്ടാവാം റോഡിറമ്പിൽ നല്ല കനത്തിലാണ് മഞ്ഞ്. വഴിവക്കിലെ മരങ്ങളും മഞ്ഞണിഞ്ഞുതന്നെ. പൊക്കം കുറഞ്ഞ ബൂർമ്പൻ മരങ്ങളാണിവിടെ പൊതുവെ കാണപ്പെടുന്നത്. നട്ടുച്ചയായിട്ടും, നമ്മുടെ നാട്ടിലെ പുലർകാലത്തിന്റെ പ്രതീതിയാണിവിടെ. വിളറിയ ചന്ദ്രൻ ആകാശത്ത് ഇപ്പോഴും തങ്ങിനിൽപ്പുണ്ട്. ചില അരുവികൾക്കും വെള്ളക്കെട്ടുകൾക്കും കുറുകെയുള്ള പാലങ്ങൾ കടന്നാണ് പോക്ക്.ആർട്ടിക് പ്രദേശത്ത് എത്തിയതിന്റെ ത്രില്ലിലാണ് എല്ലാവരും.

ആർട്ടിക്കിൽ ആദ്യമായി ചെല്ലുന്നവർക്ക് ഇവിടുത്തെ ജീവിതരീതികളും ഭക്ഷണവും സസ്യജന്തുജാലങ്ങളേയും പരിചയപ്പെടാൻ പറ്റിയ സ്ഥലമാണ് ഹസ്കി പാർക്ക് എന്ന് മുന്നേ കേട്ടിരുന്നു. ഞങ്ങളുടെ ഉച്ചഭക്ഷണവും ഇവിടെ നിന്നാണ്. രണ്ട് മൂന്ന് ചെറിയ കെട്ടിടങ്ങളും മഞ്ഞ് വീണ് ഭാഗികമായി മൂടപ്പെട്ട ഏതാനും കാറുകളും മറ്റും കിടക്കുന്ന പാർക്കിന്റെ മുന്നിൽ വാഹനമെത്തി. വാഹനത്തിൽ നിന്ന് ഇറങ്ങുന്നതു തന്നെ നല്ല കട്ടി മഞ്ഞിലേക്കാണ്. ഇവിടത്തെ പടിക്കെട്ടുകളും വേലിയും ഗേറ്റുമെല്ലാം മഞ്ഞിന്റെ തൊങ്ങൽ ചാർത്തിയാണ്. താപനില മൈനസിൽ തന്നെ തുടരുന്നതിനാലാവണം വീണ മഞ്ഞ് ഉരുകി മാറുന്നില്ല. സമുദ്രനിരപ്പ് തന്നെ ആയതിനാലാവണം, ഹിമാലയത്തിലൊക്കെ ഇത്രയും തണുപ്പിലൂടെ നടക്കുമ്പോഴുണ്ടാവുന്ന ബുദ്ധിമുട്ട് ഇവിടെ ഉണ്ടാവുന്നില്ല.

പാർക്ക് സന്ദർശനത്തിന് ശേഷമാവട്ടെ ആഹാരമെന്ന് ഞങ്ങൾ തീരുമാനിച്ചു.അതിന് മുമ്പ് അല്പം വോഡ്ക കഴിച്ച് റഷ്യൻനാടുമായി ഐകദാർഢ്യം പ്രഖ്യാപിച്ചേക്കാം എന്ന് കരുതി. പല തരം ബെറി പഴങ്ങളിട്ട, പല നിറങ്ങളിലുള്ള വോഡ്കയാണിവിടുത്തെ സ്പെഷൽ. 'തണുപ്പകറ്റാൻ നമുക്കാകുന്ന തീപ്പന്തങ്ങൾ വിഴുങ്ങാം' എന്ന് പറഞ്ഞു കൊണ്ട് ഞാനും ചില സുഹൃത്തുക്കളും വോഡ്കയുമായി ചങ്ങാത്തം കൂടി.റഷ്യയിൽ മദ്യപിക്കുന്നത് മദ്യപിക്കാതിരിക്കുന്നതിനേക്കാൾ എളുപ്പമാണെന്ന് തോന്നിയിട്ടുണ്ട്.

ഉള്ളിലെ തീപ്പന്തം ശരീരത്തെ മുഴുവൻ ചൂടുപിടിപ്പിച്ചിരിക്കുന്നു. നടപ്പാതയിലെ മുട്ടൊപ്പം മഞ്ഞിലൂടെയുള്ള നടത്തം. ക്രിസ്മസ് ട്രീ എന്ന പേരിൽ നമ്മൾ നട്ടുവളർത്തുന്ന എവർഗ്രീൻ ഫിർമരങ്ങൾ മഞ്ഞിന്റെ തൊങ്ങലുകളും ഞാത്തുകളുമണിഞ്ഞ് നിൽക്കുന്നത് കാണാൻ നല്ല രസമുണ്ട്. സൈബീരിയൻ ഹസ്കികളുടെ കുരയാണ് നമ്മളെ ഒരിടത്ത് വരവേൽക്കുന്നത്. സാധാരണ നായകളോളം വലിപ്പമില്ലെങ്കിലും ആരോഗ്യം തോന്നിക്കുന്ന, കട്ടിയായ രോമാവരണമുള്ള നായകൾ.കൂർമ്പൻ ചെവികൾ. ചെന്നായകളുടേതു പോലെ തിളങ്ങുന്ന കണ്ണുകൾ. തെറിച്ച നിൽക്കുന്ന പ്രകൃതം. 'കാടിന്റെ വിളി' കേട്ട് നാഗരികതയിൽ നിന്ന് കടത്തത്തിലേക്ക് തിരിച്ച നടന്ന ജാക്ക് ലണ്ടന്റെ ബക്കായിരുന്നു എന്റെ മനസിലപ്പോൾ. ഒരു ചെമ്പൻ നിറക്കാരനെ ബക്ക് എന്ന് ഓമനിച്ച് വിളിച്ച് ഞാനടുത്തപ്പോൾ ഒരു മുരൾച്ചയാൽ അവനെന്നെ തുരത്തിയോടിച്ചു.നോട്ടക്കാരന്റെ കൈയിൽ നിന്ന് അല്പം തീറ്റ വാങ്ങി ഞാനവനെ പാട്ടിലാക്കുക തന്നെ ചെയ്തു.ബക്ക് എന്ന പേര് അവന് ഇഷ്ടപ്പെട്ടെന്ന് തോന്നുന്നു. എന്നോടവൻ അസാധാരണ മെരുക്കം കാണിക്കുന്നല്ലോ എന്ന് ചിലർ അത്ഭുതപ്പെടാതിരുന്നില്ല. സ്നേഹിച്ചവർക്ക് ഹൃദയം പറിച്ചു കൊടുത്തവനായിരുന്നല്ലോ ബക്ക്. ബക്കിനേപ്പോലെ മഞ്ഞിൽ ചെറിയ കുഴിയുണ്ടാക്കി സ്വന്തം ഉച്ഛ്വാസത്താൽ കുഴിയെ ചൂട് പിടിപ്പിച്ച് അതിനുള്ളിലായിരുന്നു ഇവന്റെയും കിടപ്പ്.

ഹസ്കി പാർക്കിന്റെ പ്രധാന ആകർഷണീയത റെയിൻഡിയർ ഫാമാണ്. സായിപ്പ് ചെന്ന നാടുകളിലൊക്കെ ക്രിസ്മസും സാന്റാക്ലോസും സായിപ്പിന്റെ ഒപ്പം കൂടി. സാൻറാക്ലോസിനെ വലിച്ചു കൊണ്ടെത്തുന്ന റെയിൻഡിയറുകൾ എല്ലാ നാടുകളിലേയും താരങ്ങളാണ്.ചെറുപ്പം മുതലേ എനിക്ക് കൗതുകമായിരുന്നു ഈ മാൻ. ചന്ദ്രമതിയുടെ 'റെയിൽഡിയർ' എന്ന കഥയിൽ ഫിലിപ്പ എന്ന

യൂറോപ്യൻ വൃദ്ധ റെയിൻഡിയറെ അന്വേഷിച്ച് ചെല്ലുന്ന വർഷയോട് ചോദിക്കുന്നുണ്ട് 'അനേകം ചിത്ര/വിചിത്ര മൃഗങ്ങളുള്ള ഉഷ്ണ രാജ്യത്ത് നീ റെയിൻഡിയറെ സ്വപ്നം കാണുന്നതെന്തുകൊണ്ട് ' എന്ന്. ലോകമെങ്ങും കുട്ടികളുടെ സ്വപ്നങ്ങളിലെ നായകനാണ് വിചിത്ര കൊമ്പുകളുള്ള ഈ മഞ്ഞുമാൻ. ആർട്ടിക് നാടോടി കഥകളിൽ ഇവൻ/ഇവൾ മഞ്ഞുകട്ടകളെ മുത്തും കനകവും ഒക്കെയാക്കി മാറ്റുന്നുണ്ട്. ഇണക്കി വളർത്തുന്ന ലോകത്തിലെ ഏക മാനിനമാണ് ഇത്. ആർട്ടിക് പ്രദേശം മാത്രമാണ് ഇതിന്റെ സ്വാഭാവിക വാസസ്ഥാനം.വിചിത്രങ്ങളായ പിരിയൻ കൊമ്പുകളാണ് റെയിൻഡിയറുകളുടെ ഏറ്റവും പ്രധാന സവിശേഷത. പെൺ മാനിനും കൊമ്പുണ്ടെങ്കിലും ആൺ കൊമ്പുകൾക്കാണ് കൂടുതൽ വൈചിത്ര്യം. എടുക്കാൻ മേലാത്തതുപോലുള്ള വിടർന്ന പിരിയൻ കൊമ്പുകളുള്ള റെയിൻഡിയറെ നേരിൽ കാണുമ്പോൾ സാധാരണ മാനുകളോട് തോന്നുന്ന വാത്സല്യമല്ല മറിച്ച് സഹതാപമാണ് തോന്നുക.ഈ അസൗകര്യം എന്തേ പരിണാമം കൊഴിച്ചു കളഞ്ഞില്ല എന്നൊരു സംശയം നമുക്കുണ്ടാകാം.എന്നാൽ ആൺ റെയിൻഡിയറുകൾ ഇണയെ ആകർഷിക്കുന്നത് ഈ വിചിത്ര കൊമ്പുകൾ കാട്ടിയാണത്രേ. കൂടുതൽ ശിഖരങ്ങളുള്ള കൊമ്പുകൾ കൂടുതൽ ആരോഗ്യത്തിന്റെയും ശക്തിയുടേയും അടയാളമാണത്രേ. ജീവിവർഗ്ഗങ്ങളിലെല്ലാം പൊതുവെ ബലമാണല്ലോ ആണിന്റെ ആകർഷണീയതയുടെ പ്രധാന ഘടകം. സൂക്ഷിപ്പുകാർ തരുന്ന ഉണക്ക പായലു പോലുള്ള ഒരിനം പുല്ല് കൊടുത്ത് നമുക്കിവയെ താലോലിക്കാം; കൊമ്പു കൊള്ളാതെ സൂക്ഷിക്കണമെന്നു മാത്രം. ചന്ദ്രമതിയുടെ കഥയിൽ ഫിലിപ്പ വർഷയ്ക്ക് നിറയെ ശിഖരങ്ങളുള്ള വലിയൊരു കൊമ്പ് കാട്ടിക്കൊടുത്തുകൊണ്ട് പറയുന്ന 'ഞാൻ വെടിവെച്ചതാണീ തന്തയില്ലാത്തവനെ. ഒരു രാത്രിയിൽ മഞ്ഞുകട്ടകൾക്ക് മേലിട്ട് ഇവനെന്റെ ഭർത്താവിനെ ചവിട്ടി കൊന്നു'. സ്വപ്നത്തിലെ മാനിനെ അവൾ തിരയുന്നത് സ്വപ്നത്തിൽ തന്നെ എന്നതാണ് വിചിത്രകരം. എത്ര കരുത്തനായ റെയിൻഡിയറിനു പോലും ഒരു മനുഷ്യനെ ചവിട്ടിക്കൊല്ലാൻ പ്രാപ്തിയില്ല എന്നും വർഷയ്ക്കറിയാം.

ആർട്ടിക്കിലെ പുരാതന വാഹനമായ സ്ലെഡ്ജു (sled) കളുടെ ഒരു ഫീൽഡിലേക്കാണ് ഇനി നാമെത്തുന്നത്. മഞ്ഞിൽ വലിച്ചുകൊണ്ടു പോകുന്ന, ചക്രമില്ലാത്ത വണ്ടിയാണ് സ്ലെഡ്. നാട്ടിൻ പുറത്തെ പാളവണ്ടിയുടെ ഒരു ആർട്ടിക് രൂപം. പാളവണ്ടി വലിക്കുന്നത് മനുഷ്യനെങ്കിൽ സ്ലെഡ് വലിക്കുന്നത് ആർട്ടിക്കിലെ ഇണങ്ങുന്ന മൃഗങ്ങളായ നായയും റെയിൻഡിയറുമാണ്. 'കാടിന്റെ വിളി'യിലെ ബക്ക് നാട്ടു നായയിൽ നിന്ന് കാട്ടുനായയിലേക്കുള്ള 'റിവേഴ്സ് മെരുങ്ങലി'നിടയിൽ ഒരിക്കൽ വണ്ടി വലിക്കാരനായിരുന്നു. ക്രിസ്മസ് ഫാദറിന്റെ വണ്ടി വലിച്ചെത്തുന്ന റെയിൻഡിയറുകളെ കുറിച്ച് നേരത്തെ പറഞ്ഞല്ലോ. മുർമാൻസ്ക് പ്രദേശത്തെ മനുഷ്യർ ക്രിസ്മസിനെ ആണിന്റെ കുത്തകയാക്കി വിട്ടുകൊടുത്തില്ല. ഇവിടെ ചിലയിടങ്ങളിൽ ക്രിസ്മസ് ഫാദറും മദറും ഒരുമിച്ചാണ് എത്തുക.Ded Moroz എന്നും Snegurochka എന്നുമാണ് അപ്പൂപ്പന്റെയും അമ്മൂമ്മയുടേയും പേര്.ആർട്ടിക് പ്രദേശങ്ങളിൽ വിൻ്ററിൽ ഈ വാഹനത്തിന് മാത്രമാണ് പോകാനാവുക.ഇപ്പോഴും ആർട്ടിക്കിലെ, പ്രത്യേകിച്ച് സൈബീരിയയിലെ ചില ഒറ്റപ്പെട്ട ഗ്രാമങ്ങളിൽ ഹസ്കി സ്ലെഡുകൾ ഉപയോഗിക്കുന്നുണ്ടത്രേ. ആദ്യമായി ഉത്തരധ്രുവം കീഴടക്കിയ റോബർട്ട് പിയറി യാത്ര ആരംഭിച്ചപ്പോൾ ഒപ്പം 246 നായകൾ ഉണ്ടായിരുന്നത്രേ. വണ്ടി വലിക്കാൻ മടി കാണിക്കുന്നവയെ കൊന്ന് മറ്റുള്ളവർക്ക് ഭക്ഷണമാക്കും. അവസാനം ധ്രുവം കീഴടക്കുമ്പോൾ വിരലിലെണ്ണാവുന്നത്ര നായകളാണ് അവശേഷിച്ചത്. വണ്ടി വലിക്കാൻ റെയിൻഡിയറെക്കാൾ മിടുക്കർ ഹസ്കികളാണ്. അഞ്ചാറ് റെയിൻഡിയറുകൾ ചേർന്ന സംഘം ഒരു ദിവസം 20-25 കിലോമീറ്റർ സ്ലെഡ് വലിക്കുമെങ്കിൽ പത്ത്



പന്ത്രണ്ട് നായകൾ ചേർന്ന് 70-80 കിലോമീറ്റർ വലിക്കുമത്രേ. സൂപ്പർ ഫാസ്റ്റായി പോകേണ്ടാത്തവർക്ക് ലാഭം റെയിൻഡിയർ തന്നെ. അതാവുമ്പോൾ തീറ്റ സ്വയം തപ്പിപ്പിടിച്ച് പള്ളവീർപ്പിച്ചോളും. എന്നാൽ നായകൾക്കാവട്ടെ ഉടമസ്ഥർ തീറ്റ കൊടുക്കണം. ഇറച്ചിയോ മീനോ വേണം താനും.എന്നു മാത്രമല്ല ഇതുങ്ങൾ കണ്ടമാനം തീറ്റേം തിന്നും.

ഞങ്ങളുടെ സ്ലെഡ് യാത്രാ മോഹം നടക്കുമെന്ന് തോന്നുന്നില്ല. കുറേക്കൂടി കനത്തിൽ മഞ്ഞുണ്ടെങ്കിലേ വലിക്കാൻ പറ്റൂ എന്നാണവർ പറയുന്നത്. എന്തായാലും ഇവിടം വരെ വന്നിട്ട് സ്ലെഡിൽ കയറാതെ പോകുന്നത് ശരിയല്ലല്ലോ. ഞങ്ങൾ സ്വയം നായകളും മാനുകളുമായി സ്ലെഡ് വലിച്ച് ആ മോഹങ്ങ് നിറവേറ്റി.

അകത്ത് തീയെരിയുന്ന ടെന്റ് പോലൊരു കുടിൽ പാർക്കിനുള്ളിൽ ഒരിടത്തുണ്ട്. ടൂർ പോകുന്ന തിനിടയിൽ എവിടെ തീ കണ്ടാലും മണിച്ചേട്ടന്റെ നാടൻപാട്ട് തെറ്റിച്ച് പാടി ഡാൻസ് പോലൊരു കുത്തിമറിയൽ നടത്തുകയാണല്ലോ മലയാളിയുടെ ഒരു പൊതു മിനിമം പരിപാടി. ഞങ്ങളും ഒട്ടും കുറയ്ക്കാൻ പോയില്ല. ആദിയില്ലല്ലോ അന്തമില്ലല്ലോ എന്നൊക്കെ തൊണ്ടകീറിപ്പാടി സാമാന്യം ഭംഗിയായി കുത്തി മറിഞ്ഞു. പിന്നീട് ഞങ്ങളുടെ ഗൈഡ് മില പറയുമ്പോഴാണ് അറിയുന്നത് ആർട്ടിക് പ്രദേശത്തുള്ള സാമി എന്ന ഗോത്ര വിഭാഗത്തിന്റെ ഒരു തരം ടെന്റ് വീടാണ് അതെന്ന്. ആർട്ടിക് പ്രദേശങ്ങളിൽ റെയിൻഡിയറുകളെ വളർത്തി അലഞ്ഞു തിരിയുന്ന ഒരു ആദിവാസി വിഭാഗമാണ് സാമി. നോർവേ, സ്വീഡൻ, ഫിൻലാൻഡ് എന്നീ സ്കാൻഡിനേവ്യൻ രാജ്യങ്ങളുടെ ഉത്തരദേശത്തും റഷ്യയുടെ മൂർമാൻസ്ക് ഉൾപ്പെടുന്ന കോല ഉപദ്വീപിലും കാണപ്പെടുന്ന ഇവരെ മുമ്പ് ലാപ്പുകൾ (Lapps) എന്നും ലാപ് ദേശക്കാർ എന്നും വിളിച്ചിരുന്നു.ലാപ് ലാൻഡ് എന്ന് ഇവർ താമസിക്കുന്ന പ്രദേശങ്ങൾക്ക് ഇന്നും വിളിപ്പേരുണ്ട്.ലാപ് എന്ന വിളി ഇവർക്ക് ഇഷ്ടമില്ലാത്തതിനാൽ ഇപ്പോൾ ഇവരെ സാമി (Sami) എന്നും നാടിനെ സാപ്മി(Sapmi) എന്നുമാണ് വിളിക്കാറ്. റെയിൻഡിയർ വളർത്തലാണ് ഇവരുടെ കുലത്തൊഴിൽ. ഇന്നും സാപ്മി പ്രദേശങ്ങളിൽ റെയിൻഡിയറെ വളർത്താൻ ഇവർക്കു മാത്രമേ അവകാശമുള്ളൂ. ഈ ഹസ്കി പാർക്കും ഇവർ നടത്തുന്നതാണത്രേ. ഞങ്ങളുടെ കൂടെ ഒരു സാമിയുണ്ട് എന്ന് പറഞ്ഞപ്പോൾ അവർക്ക് അത്ഭുതമായി.( സ്വാമിദാസിനെ ഞങ്ങളപ്പോൾ ദാസില്ലാത്ത വെറും സാമി ആക്കി.ഞങ്ങളുടെ 'ഡാൻസ്' കണ്ടിട്ടോ എന്തോ സാമികൾക്ക് ഡാൻസ് ഇല്ല എന്നൊരു കമന്റും പാസാക്കി, ആദിവാസിയെന്നാൽ ഫുൾ ടൈം കള്ളുകുടിച്ച് ഡാൻസ് കളിക്കുന്നവരാണെന്നുള്ള ഞങ്ങളുടെ ധാരണയേയും മില പൊളിച്ചു.

ആദിമകാലങ്ങളിൽ റെയിൻഡിയറെ മേയിച്ചും മീൻ പിടിച്ചും വാൽറസ് പോലുള്ള കടൽ ജീവികളെയും മറ്റും നായാടിയും അലഞ്ഞു തിരിഞ്ഞ സാമിമാരുടെ താല്ക്കാലിക വിടായിരുന്നു ലാവു(Lavvu). ഉരുളൻ കമ്പുകൾ മുക്കാലി പോലെ പരസ്പരം കോർത്ത് കുത്തി നിറുത്തി മുമ്പ് വാൽറസിന്റെയോ റെയിൻഡിയറിന്റെയോ തുകലോ ഇപ്പോൾ കട്ടിയുള്ള പട്ടതയോ പൊതിഞ്ഞ് ഉണ്ടാക്കുന്ന ഒരു തരം ടെന്റാണിത്.കമ്പുകൾ പരസ്പരം കോർക്കുന്നതിലാണിതിന്റെ ബലം. കമ്പുകൾ കെട്ടാൻ കയറൊന്നും മുമ്പിവർ ഉപയോഗിക്കുമായിരുന്നില്ല. കാറ്റനുസരിച്ച് വീടിന്റെ ചരിവ് ഇവർ ക്രമീകരിക്കും. എസ്കിമോകളുടെ ഇഗ്ലൂ പോലെ ഇത്തരം മുക്കാലി വീടുകൾ സാമി സംസ്കാരത്തിന്റെ അടയാളമായി കരുതപ്പെടുന്നു. നോർവെയിലെ പ്രശസ്തമായ സാമി പാർലമെന്റ് മന്ദിരം ലാവു ഡിസൈനിലാണ് ചെയ്തിരിക്കുന്നത്.

പ്രാധാന്യത്തോടെ പ്രതിഷ്ഠിച്ചിരിക്കുന്ന കല്ലുകൾ ചിലത് പാർക്കിൽ കണ്ടു. ഇതും സാമി സംസ്കാരത്തിന്റെ ഭാഗമാണത്രേ. വിചിത്ര രൂപങ്ങളുള്ള കല്ലുകളെ ദൈവ രൂപങ്ങളായി കരുതുന്ന ഇവർ.സെയ്ഡി (Siedi) എന്നാണ് ഇത്തരം പ്രതിഷ്ഠകൾക്ക് പറയുക. നമ്മളെപ്പോലെ ചന്ദനത്തിരി കത്തിച്ചു വച്ച് കല്ലിനു മുമ്പിൽ പ്രാർത്ഥിക്കുന്ന സ്വഭാവം അവർക്ക് അന്നുമില്ല ഇന്നുമില്ല.

ഹസ്കി പാർക്ക് റെസ്റ്റോറന്റിലെ ലഞ്ചും സൂപ്പറായിരുന്നു. മീൻ സൂപ്പിലാണ് ലഞ്ച് ആരംഭിച്ചത്.എന്ത് മീനാണെന്ന് ചോദിച്ചപ്പോൾ സാമൺ എന്നാണ് പറഞ്ഞത്. ഒരു സംഭവമാണ് സാൽമൺ മീൻ. ഗ്രീൻലാൻഡിന്റേയും ഫാറോ ദ്വീപിന്റെയും സമീപ കടലുകളിൽ നിന്ന് നൂറു കണക്കിന് കിലോമീറ്ററുകൾ ദേശാടനം നടത്തി മുട്ടയിടാനായി കോല ഉപദ്വീപിലെ പുഴകളിലേക്ക് എത്തുന്ന സഞ്ചാരി മീൻ. സാൽമൺ ഊത്തപിടുത്തം ഇന്നാട്ടുകാർക്ക് ഒരാഘോഷം തന്നെ. പുകച്ചുണക്കിയ മീനിറച്ചി ചെറുതായി മുറിച്ചിട്ട, അല്പവും എരിവ് ചേർക്കാത്ത സൂപ്പ് അത്ര രുചികരമായി തോന്നിയില്ല. ഞങ്ങൾ കാത്തു കാത്തിരുന്ന റെയിൻഡിയർ മാംസമാണ് അടുത്ത വിഭവം. മീറ്റ് ബോൾ. നല്ല രുചി. ജീവിതത്തിലാദ്യമായി മാനിറച്ചി കഴിക്കയാണ്. നാട്ടിലാണെങ്കിൽ ഫോറസ്റ്റുകാർ പിടിച്ച് അഴിയെണ്ണിക്കും. ഇറച്ചിയുടെ കൂടെ കഴിക്കാൻ ഉണക്കി മൊരിച്ച ഒരിനം റൊട്ടിയും മധുരമില്ലാത്ത കേക്കുപോലുള്ള ഒരു റൊട്ടിയും ഉരുളക്കിഴങ്ങ് പുഴുങ്ങിയതുമുണ്ട്. പുളിയും മധുരവും ഒപ്പം ചേർന്ന ബെറി സോസും അത്ര മോശമായി തോന്നിയില്ല. വേറെന്തോ ഒരു മീൻ വിഭവവും സാലഡും അവസാനം ചോക്കലേറ്റും ചേർന്ന ലഞ്ച് പ്രതീക്ഷിച്ചതിനേക്കാൾ കേമമായി.

ചെറിയ നഗര സന്ദർശനം നടത്തി ഹോട്ടലിലേക്ക് പോകാനാണ് പ്ലാൻ.നഗരഹൃദയത്തോടടുത്ത്, കോല ഉൾക്കടലിൽ നങ്കൂരമിട്ടിരിക്കുന്ന ലെനിൻ മ്യൂസിയം കാണുകയാണ് അടുത്ത പരിപാടി. ലോകത്ത് ആദ്യമായി ആറ്റമിക് പവർ കൊണ്ട് പ്രവർത്തിക്കുന്ന പൊതു കപ്പലും ഐസ് ബ്രേക്കറുമായിരുന്ന ലെനിൻ ഇപ്പോൾ ഓട്ടമെല്ലാം പൂർത്തിയാക്കി ഒരു മ്യൂസിയമായി മാറിയിരിക്കുന്നു. കോവിഡ് കാലമായതിനാൽ പ്രവേശനം നിറുത്തി വെച്ചിരിക്കുകയാണ്. രണ്ടാം ലോകയുദ്ധത്തിൽ മൂർമാൻസ്കിന്റെ പങ്കും ആർട്ടിക് പര്യവേഷണങ്ങളുടെ ചരിത്രവുമെല്ലാം ഈ മ്യൂസിയത്തിലുണ്ട് എന്നാണ് കേട്ടിട്ടുള്ളത്. ഉത്തരധ്രുവത്തിലേക്ക് പോകുന്ന ആർട്ടിക് ക്രൂയിസുകൾ അടുക്കുന്ന ഡെക്കും ഇതാണ്. 10-13 ദിവസങ്ങൾ നീളുന്ന യാത്രാ പാക്കേജുകൾ ഇവിടെ നിന്നുണ്ട്. ജൂലായ് ഓഗസ്റ്റ് മാസങ്ങളിലാണത്രേ യാത്ര.

ആർട്ടിക് പ്രദേശത്തെ ഏറ്റവും വലിയ നഗരമാണ് മൂർമാൻസ്ക്. ആർട്ടിക് വൃത്തത്തിനുള്ളിൽ 2 ഡിഗ്രി വടക്കായാണ് കിടപ്പ്. ഭൂമധ്യരേഖയിൽ നിന്ന് 66 ഡിഗ്രി 33 മിനിട്ട് വടക്ക് ആണ് ആർട്ടിക് രേഖ. ഭൂമധ്യരേഖയിൽ നിന്ന് ഇതേ അകലം തെക്കായി അന്റാർട്ടിക് രേഖ. ധ്രുവത്തോട് അടുത്തായതിനാൽ

ഈ രേഖകളെ വൃത്തമായും പറയാറുണ്ട്. ഇവ കൂടാതെ 23 ഡിഗ്രി 26 മിനിട്ട് വടക്ക് ഉത്തരായനരേഖയും(Tropic of Cancer) അതേ അകലം തെക്കായി ദക്ഷിണായനരേഖയും(Tropic of Capricorn). പൂജ്യം ഡിഗ്രി അക്ഷാംശത്തിൽ ഭൂമധ്യരേഖയും(Equator) ചേർന്ന് ആകെ 5 അക്ഷാംശ രേഖകൾ. ഇതിൽ അൻ്റാർട്ടിക് വൃത്തം ഏകദേശം മുഴുവൻ കരയും ആർട്ടിക് വൃത്തം കൂടുതൽ കടലും കുറച്ചു ഭാഗം മാത്രം കരയുമാണ്. അമേരിക്കയുടെ അലാസ്ക ,കാനഡയുടെ വടക്ക് ഭാഗം, ഡെൻമാർക്കിന്റെ ഗ്രീൻലാൻഡ് ദ്വീപ് ഏകദേശം പൂർണമായും, സ്വീഡൻ, ഫിൻലാൻഡ്, നോർവേ, ഐസ്ലാൻഡ് ഈ രാജ്യങ്ങളുടെ വടക്കേ മൂലകൾ, റഷ്യയുടെ കോല ഉപദ്വീപ് മുതൽ സൈബീരിയയുടെ കുറെ ഭാഗങ്ങളും വരെ ആർട്ടിക് വലയത്തിലാണ്. അൻ്റാർട്ടിക് വലയത്തിൽ സ്ഥിര ജനവാസമില്ലെങ്കിൽ ഇവിടെ നാല്പതു ലക്ഷം ജനങ്ങളാണ് ജീവിക്കുന്നത്.

ഒന്നാം ലോകയുദ്ധ കാലത്താണ് മുർമാൻസ്ക് തുറമുഖവും നഗരവും സ്ഥാപിതമാകുന്നത്. ഒന്നും രണ്ടും ലോകയുദ്ധങ്ങളിൽ വലിയ പോർമുഖമായിരുന്നിവിടം. സോവ്യറ്റ് യൂണിയന്റെ വീരനഗരമായിരുന്ന മുർമാൻസ്ക്.108 കിലോമീറ്റർ നോർവേ അതിർത്തിയിൽ നിന്നും 182 കിലോമീറ്റർ ഫിൻലാൻഡ് അതിർത്തിയിൽ നിന്നും മാറി കിടക്കുന്ന ഇവിടം ആർട്ടിക്കിന്റെ വാതിലായും അറിയപ്പെടുന്നു. ആർട്ടിക്കിലെ അത്ഭുതങ്ങളായ ധ്രുവരാത്രികളും(Polar Nights) ധ്രുവപകലുകളും(Polar Days) ധ്രുവദീപ്തി(Arora)യുമൊക്കെ ഇവിടെയും ദൃശ്യമാണ്. ഡിസംബർ 2 മുതൽ ജനുവരി 11 വരെ 40 ദിവസം മുഴുവൻ രാത്രിയാണിവിടെ. സൂര്യൻ അപഹരിക്കപ്പെട്ട ഈ ദിവസങ്ങളാണ് ധ്രുവ രാത്രികൾ.ഈ ദിവസങ്ങളിൽ നട്ടുച്ചയ്ക്ക് പോലും സൂര്യൻ പ്രത്യക്ഷപ്പെടാതെ മറഞ്ഞിരുന്ന് ഔദാര്യം പോലെ അല്പം അരണ്ട വെളിച്ചം മാത്രം സമ്മാനിച്ച് തിരിച്ചു പോവും. പകലാണെന്ന



തോന്നലുണ്ടാക്കാൻ വേണ്ടി നഗരത്തിൽ പകൽ 11 മണി മുതൽ 2 മണി വരെ ലൈറ്റുകൾ ഓഫ് ചെയ്യും.ഇത്തരം ധ്രുവ രാത്രികളെ പകലാക്കാൻ റഷ്യ അവരുടെ മിർ ബഹിരാകാശ സ്റ്റേഷനിൽ വലിയ കണ്ണാടികൾ സ്ഥാപിക്കാൻ ശ്രമിച്ചെങ്കിലും അത് വിജയിക്കാതെ പോയി. ഇപ്പോൾ വീണ്ടും ആ ശ്രമം തുടങ്ങിയിട്ടുണ്ടെന്ന് കേൾക്കുന്നു. എന്തായാലും ഇവിടെ ജീവിക്കുന്നവർക്ക് ഈ ദിവസങ്ങൾ അത്ര സുഖകരമല്ല. മുഴുവൻ ദിവസവും മൈനസ് 20 ഡിഗ്രിയോടടുത്ത തണുപ്പും ഇരുട്ടും മൂടൽമഞ്ഞും മഞ്ഞുവീഴ്ചയും ഒക്കെ ചേർന്ന് മനുഷ്യന്റെ ശരീരത്തിനും മനസിനും ഒക്കെ ആരോഗ്യ പ്രശ്നങ്ങൾ(Polar helth disorder syndrome) സൃഷ്ടിക്കാറുണ്ട്.

ധ്രുവരാത്രികളുടെ നേർ വിപരീതമാണ് ധ്രുവപകലുകൾ. മെയ് പകുതി മുതൽ ജൂലായ് പകുതി വരെ 60 ദിവസങ്ങൾ പകലാണ്. രാത്രിയേ ഇല്ല. പാതിരാസൂര്യന്റെ കാലമാണിത്. ധ്രുവരാത്രികളുടെ കേടു തീർക്കും ഇന്നാട്ടുകാരും പ്രകൃതിയും ഇക്കാലത്ത്.ഈ പ്രദേശങ്ങളിലെ ശൈത്യത്തിൽ ഇലകൊഴിഞ്ഞ മരങ്ങൾ പച്ച ഇലകളാൽ ഉടുത്തു നിൽക്കും.തുന്ദ്ര പുൽമേടുകളും കുറ്റിക്കാടുകളും പൂക്കളാൽ സമൃദ്ധമാവും. ഹിമം മാറിയ പുഴകളിലേക്ക് കടൽമീനുകൾ ദേശാടനത്തിനെത്തും. തിമിംഗലങ്ങളും വാൽറസുകളും ഉൾക്കടലുകളിലേക്കു വരെ തുള്ളിക്കളിച്ചെത്തും.പുല്ലു തിന്നു മടുത്ത റെയിൻഡിയറുകൾ മാനം നോക്കി കിടക്കും. പാതിരാ സൂര്യനെയും ആകാശത്തേയും കൺകുളിർക്കെ കാണാൻ കൗതുകം

നിറഞ്ഞ കണ്ണുകളുമായി സഞ്ചാരികളെത്തും.

രണ്ടു യാത്രകൾ എന്ന പുസ്തകത്തിൽ സക്കറിയ ഈ ധ്രുവപകലുകളെ ഇപ്രകാരമാണ് വർണ്ണിക്കുന്നത്. "പാതിരാസൂര്യൻ ഒരു ആഡംബര പ്രേമിയാണ്. ചക്രവാളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ പല വർണ്ണമേഘങ്ങൾ തൂക്കിയിട്ട ഒരു മഹാവേദിയിലാണ് ചുറ്റുമൊരു പ്രഭാപരിവേഷവുമായി അദ്ദേഹം എരിയുന്നത്. സൂര്യന് നാടുവിടാൻ കഴിയുന്നില്ല. രാപ്പിശാച് കണ്ണുചുറ്റിച്ച യാത്രികനെപ്പോലെ പോളാർ ആകാശത്തിൽ ചുറ്റിത്തിരിയുകയാണ്........ ചക്രവാളത്തിൽ കുടുങ്ങിക്കിടന്ന സൂര്യൻ ഒരു മായാവിയെപ്പോലെ തെക്കും പടിഞ്ഞാറും വടക്കും ദിക്കുകളെ നിഗൂഢവർണ്ണങ്ങളുടെ ഒരു വമ്പിച്ച തിരയിളക്കത്തിലാഴ്ത്തിക്കൊണ്ട് ആകാശത്തെ അനന്തവും അജ്ഞാതവും അവർണ്ണനീയവുമായ ഒരു മാന്ത്രിക വേദിയാക്കി മാറ്റി". ധ്രുവ രാത്രികളും പകലുകളും അൻ്റാർട്ടിക് വൃത്തത്തിലുമുണ്ട്. ഭൂമിയുടെ സാങ്കല്പിക അച്ചുതണ്ടിന്റെ ചരിവു മൂലമാണിങ്ങനെ സംഭവിക്കുന്നത്.

സോവ്യറ്റ്നന്തര കാലത്താണ് മുർമാൻസ്ക് സഞ്ചാരികൾക്കായി തുറന്നത്. ഇപ്പോൾ റഷ്യയിൽ കൂടുതൽ സഞ്ചാരികളെത്തുന്ന നഗരങ്ങളിലൊന്നാണിത്. ആർട്ടിക് നഗരങ്ങളിൽ ഏറ്റവും കുറവ് ജീവിതച്ചിലവ് ഇവിടെയാണ്. ശൈത്യത്തിന്റെ തുടക്കമായ ഈ ദിവസങ്ങളിൽ ഇവിടെ സഞ്ചാരികൾ ഇരമ്പിയാർക്കേണ്ടതാണ്. കോവിഡ് കാലമായതിനാലാവാം നഗരത്തിൽ കാര്യമായ തിരക്കില്ലിപ്പോൾ.

നഗരത്തിൽ പലയിടത്തും ഉയർന്നു നിൽക്കുന്ന രസമാപിനികളിൽ മൈനസ് 5 എന്നും 6 എന്നും മറ്റു മാണ് കാണിക്കുന്നത്. നാലുമണി കഴിഞ്ഞതേ ഉള്ളെങ്കിലും സൂര്യൻ അസ്തമയത്തിന് കോപ്പുകൂട്ടുകയാണ്. വ്യാപാരശാലകളൊക്കെ വിളക്ക് തെളിച്ച് കഴിഞ്ഞു.റോഡിലും നഗരത്തിലൂടെ ഓടുന്ന ട്രാമുകളിലും മറ്റ് വാഹനങ്ങളിലും മഞ്ഞ് കനത്തിൽ തങ്ങിനിൽപ്പുണ്ട്. നഗരഹൃദയത്തിലെ റോഡുകളിൽ നടുവു ഭാഗത്തെ മഞ്ഞ് കോരി മാറ്റിയിട്ടുണ്ട്. ഇരുണ്ട ജാക്കറ്റുകളും മഞ്ഞു തൊപ്പികളും അണിഞ്ഞാണ് മനുഷ്യരിൽ അധികവും. പടിഞ്ഞാറേ ആകാശം ഇരുണ്ട മേഘങ്ങൾ ചിതറിക്കിടക്കുന്നെങ്കിലും പൊതുവെ വർണ്ണശബളവും മനോഹരവുമാണ്.

മുർമാൻസ്ക് നഗരത്തിലെ മാത്രമല്ല ആർട്ടിക് സർക്കിളിലെ തന്നെ ഏറ്റവും ഉയരം കൂടിയ കെട്ടിടമാണ് ഞങ്ങൾ താമസിക്കുന്ന അസിമുത്ത് ഹോട്ടൽ.നഗരഹൃദയത്തിലാണ് ഈ 19 നില കെട്ടിടം. സോവ്യറ്റ് കാലത്ത് ഇത് ആർട്ടിക് എന്ന സർക്കാർ ഹോട്ടൽ ആയിരുന്നു. പിന്നീട് അസിമുത്ത് എന്ന ഹോട്ടൽ കമ്പനി പാതി ഷെയറുകൾ വാങ്ങി ഹോട്ടൽ അസിമുത്തായി. പഴയ ഓർമ്മയിൽ ഇവിടുത്തെ റെസ്റ്റോറൻ്റ് ആർട്ടിക് എന്ന പേര് കൈമോശം വരാതെ സൂക്ഷിക്കുന്നു. സിനിമക്കാർ, എഴുത്തുകാർ, രാഷ്ട്രീയക്കാർ തുടങ്ങി മുർമാൻസ്കിൽ വന്ന പ്രശസ്ത വ്യക്തികളെല്ലാം ഇവിടെ താമസിച്ചിട്ടുണ്ടെന്നാണ് ഇവരുടെ അവകാശവാദം. എല്ലാവർക്കും ഹോട്ടലിനെക്കുറിച്ച് പറയാൻ നൂറു നാവാണ്.

മനുഷ്യനെ ഏറ്റവും കൂടുതൽ വിസ്മയിപ്പിച്ച പ്രകൃതി പ്രതിഭാസങ്ങളിലൊന്നായ ധ്രുവദീപ്തി തേടി ഞങ്ങളിന്ന് പാതിരയ്ക്ക് ഇറങ്ങുകയാണ്. ധ്രുവങ്ങളിൽ നിന്ന് 18 മുതൽ 23 ഡിഗ്രി വരെ അകലമുള്ള പ്രദേശങ്ങളിലാണ് ധ്രുവദീപ്തി ഏറ്റവും നന്നായി കാണാനാവുന്നത്. മുർമാൻസ്ക് പ്രദേശങ്ങൾ ഇതിന് വളരെ അനുയോജ്യമെന്നാണ് പറയപ്പെടുന്നത്."വിദൂരതയിൽ നിന്ന് അഗ്നിജ്വാല പോലുള്ള ഒരു തേജസ് പ്രത്യക്ഷപ്പെടുന്നു.വിവിധ വലിപ്പത്തിലും വർണ്ണത്തിലുമുള്ള പ്രകാശനാടകളായി അവ ആകാശത്തിന്റെ ഉച്ചകോടിയിലേക്ക് നീളുന്നു.പിന്നെ അവ അങ്ങനെ തന്നെ തങ്ങി നിന്ന് വെളിച്ചം വിതറും. ചുവപ്പ്, പച്ച, നീലവർണ്ണങ്ങളാണ് പ്രധാനമായും ഉണ്ടാവുക. ചിലപ്പോൾ മൂടൽമഞ്ഞു പോലെ തോന്നിക്കുന്ന ഇരുട്ടിന്റെ നേരിയ പാടയിൽ ഈ ദീപ്തി പ്രസരം പാടെ മങ്ങിപ്പോവുന്നു. അല്പസമയത്തിനു ശേഷം ഈ മറഭേദിച്ച് വീണ്ടും പ്രകാശം പരക്കുന്നു. അപ്പോൾ ഉലയിലിട്ടു പഴുപ്പിച്ച ഇരുമ്പുപാളിയുടെ ശോഭയായിരിക്കും ഈ പ്രകാശ വീചികൾക്ക് ഉണ്ടാവുക.പ്രഭാതമാകുന്നതോടെ ഈ പ്രകാശം ക്രമേണ വിളറി വെളുത്ത് അന്തർധാനം ചെയ്യുന്നു". ഈ വിവരണം ഒരു കവിതയിലേത് എന്നു തോന്നുമെങ്കിലും അങ്ങനെയല്ല; മലയാളം സർവ്വവിജ്ഞാനകോശത്തിലേതാണ്. ഇതിലും ഭംഗിയായും കൃത്യമായും ധ്രുവദീപ്തിയെ വിവരിക്കാൻ കവികൾക്കും ആവുമെന്ന് തോന്നുന്നില്ല. ഉത്തരധ്രുവപ്രദേശങ്ങളിൽ അറോറ ബോറിയാലിസ് എന്നും ദക്ഷിണ ധ്രുവപ്രദേശങ്ങളിൽ അറോറ ഓസ്ട്രേലിസ് എന്നും ഈ പ്രതിഭാസം അറിയപ്പെടുന്നു. സൗരക്കാറ്റിൽ നിന്നു വരുന്ന ചാർജിത കണങ്ങൾ ഭൂമിയുടെ കാന്തികവലയത്തിന്റെ സ്വാധീനത്താൽ ആകർഷിക്കപ്പെടുന്നു. ഈ കണങ്ങൾ ഭൗമാന്തരീക്ഷത്തിലെ വാതക തന്മാത്രകളുമായി കൂട്ടിയിടിച്ചാണ് ധ്രുവദീപ്തി ഉണ്ടാവുന്നത്.

ധ്രുവദീപ്തി തേടിയിറക്കത്തെ ധ്രുവദീപ്തിവേട്ട എന്ന് പറയാറുള്ളതിന്റെ യുക്തി എനിക്ക് എത്ര ആലോചിച്ചിട്ടും പിടികിട്ടിയിട്ടില്ല. നിലാവില്ലാത്ത സമയവും വായു മലിനീകരണമില്ലാത്ത പ്രദേശവും നോക്കി വേണം തേടാൻ. ഏതു സമയത്ത് എത്ര തീവ്രതയിൽ ധ്രുവദീപ്തിയുണ്ടാവും എന്ന് ചിലർ പ്രവചിക്കാറുണ്ട്. അതൊക്കെ നോക്കിയാണ് ഞങ്ങളുടെ യാത്ര. നഗരത്തിൽ നിന്ന് അറുപതിലേറെ കിലോമീറ്റർ സഞ്ചരിക്കണം. മഞ്ഞ് പുതഞ്ഞ വഴികളിലൂടെ വാനിലാണ് യാത്ര. ഇരുട്ടിൽ ചക്രവാളം വരെ മഞ്ഞിന്റെ അരണ്ട തിളക്കം മാത്രം. മരങ്ങളോ എന്തിന് കുറ്റിക്കാടുകൾ പോലുമില്ലാത്ത മഞ്ഞുപാടങ്ങളിലൂടെയാണ് യാത്ര. ഈ ഹിമപ്പരപ്പിൽ വാൻ പോകാനുള്ള വഴി ഇവരെങ്ങനെ കണ്ടു പിടിക്കുന്നു എന്നെനിക്ക് അത്ഭുതം തോന്നാതിരുന്നില്ല. വാനിൽ ഇത്രയും സഹയാത്രികരില്ലായിരുന്നെങ്കിൽ തീർച്ചയായും ഞാൻ പേടിച്ച് അലറിയേനെ. നല്ല വേഗതയിലാണ് വാനിന്റെ പോക്ക്.ദിമിത്രി എന്ന് പേരുള്ള ഒരു ബലിഷ്ഠ കായനാണ് ഞങ്ങളുടെ ഡ്രൈവറും ധ്രുവദീപ്തി വേട്ടയുടെ ഗൈഡും. അവസാനം ഒരു ഹിമപ്പരപ്പിൽ വാഹനം നിറുത്തി.ഇനി മഞ്ഞുപാടത്തിലൂടെ അല്പം നടക്കണം. പല അട്ടിവസ്ത്രങ്ങൾക്കുള്ളിലൂടെ കുത്തിനോവിക്കുന്ന തണുപ്പ്. ഗ്ലൗസിൽ നിന്ന് പുറത്തെടുത്താൽ കൈപ്പത്തികൾ നിമിഷങ്ങൾക്കകം മരവിച്ചു പോകും. താപനില മൈനസ് എട്ടോ ഒമ്പതോ മാത്രമെങ്കിലും ശക്തമായ ആർട്ടിക് കാറ്റിനാൽ മൈനസ് പതിനഞ്ചിന്റെയോ ഇരുപതിന്റെയോ ഫലം ചെയ്യേക്കാമെന്ന് ദിമിത്രി പറഞ്ഞു. നടക്കുമ്പോൾ ചിലയിടത്ത് മുട്ടുവരെ കാല് താണുപോവും. ട്രൈപോഡിൽ ക്യാമറയൊക്കെ സെറ്റ് ചെയ്ത് ദിമിത്രിയും ഞങ്ങളും കാത്തിരിക്കുകയാണ്. ധ്രുവദീപ്തിയില്ലാതെ നരച്ച ആകാശത്തിന്റെ പശ്ചാത്തലത്തിൽ അയാൾ ഞങ്ങളുടെ ചില ചിത്രങ്ങൾ പകർത്തി. അതീവ ദുഷ്കരമായ കാത്തിരിപ്പ് അനന്തമായി നീളുകയാണ്. ചക്രവാളത്തിൽ നേരിയ ചില നിറം മാറ്റങ്ങൾ ഉണ്ടാവുന്നുണ്ട്. ഞങ്ങളുടെ പ്രതീക്ഷകൾ ഇരട്ടിച്ചു. നിറം മാറ്റം അറോറയുടെ മുന്നോടി ആയേക്കാം.പക്ഷേ ആ വിളറിയ പ്രകാശമല്ലാതെ മറ്റൊന്നുമില്ല. തിരിച്ചു പോയാലോ എന്ന ചിന്തയിലായി ഞങ്ങൾ. ഒഴിഞ്ഞ കൂടയുമായി ഞങ്ങൾ മടങ്ങുകയാണ്.'ചിലോരടേത് റെഡിയാവും ചിലോരടേത് റെഡിയാവൂല ഞങ്ങളുടേത് റെഡിയായില്ല.' അല്ല പിന്നെ!

**ഉണ്ണികൃഷ്ണൻ കളമുള്ളതിൽ**
ശ്രീവ്യാസ എൻ എസ് എസ് കോളേജ്, വടക്കാഞ്ചേരി

# മൂന്ന് കവിതകൾ



## വല്ലാത്ത തിരക്ക്

പശു
പൂജിക്കപ്പെടുന്ന
തിരക്കിലായിരുന്നു,
പാലിന്
ദേവശിരസ്സിൽ
ധാരയുടെ
തിരക്കായിരുന്നു ,
നവഗം പഞ്ചഗവ്യമായി
മൂത്രവും ചാണകവും.
വളർത്തിയ
മനുഷ്യനാണ്
ഏറ്റവും
തിരക്ക്,
അയാൾ
ശവമായി മാറിയതിനാൽ
അഴുക്കുചാലിൽ
ഒഴുകിനടക്കുന്ന
തിരക്കിലായി.

## അപരം

നല്ല വീട്ടിലിരുന്ന്
നല്ല ഭക്ഷണം കഴിച്ച്
നല്ല ഉടുപ്പിട്ട്
ഞാൻ
പരമ ദരിദ്രരെക്കുറിച്ച്
കവിതകൾ
എഴുതിക്കൊണ്ടിരുന്നു -
എന്റെ കവിതകൾ
വായിക്കാത്തതു കൊണ്ട്
കൂടിയാവാം
അവർ വീണ്ടും
ദരിദ്രരായിത്തന്നെ
തുടർന്നു.

## ചങ്ങല

കല്ലേറുകൊണ്ട്
ഓടവേ
ചാവാലിപ്പട്ടി
മനസ്സിലോർത്തു -
കഴുത്തിലൊരു
തുടലില്ലാത്തവർക്ക്
സ്വാതന്ത്ര്യവും
തലയ്ക്കു മുകളിലെ
കല്ലാണ്.

**ഡോ. നുജും എ.**
അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റി

# വായനയിലെ സർഗ്ഗാത്മകതയും പെൺമൂല്യങ്ങളും

എഴുത്തുഭാഷ പുരുഷപക്ഷത്ത് അധികാരകേന്ദ്രിതമായ ചരിത്രത്തെ നിർമ്മിച്ചുകൊണ്ടിരിക്കുമ്പോൾ എഴുത്തിലെ സർഗ്ഗാത്മകത മറുപക്ഷത്ത് പെൺമൂല്യങ്ങളുടെ, അതായത് വലതുമസ്തിഷ്ക്കമൂല്യങ്ങളുടെ സന്നിവേശം വായനക്കാരന്റെ അബോധത്തിൽ ഗോത്രസംസ്കാരത്തിന്റെ പുനർവിന്യാസം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ മികച്ച ഉദാഹരണമാണ് യൂറോപ്യൻ രാജ്യങ്ങളിൽ രൂപപ്പെട്ട നവോത്ഥാനം. അത് ജനങ്ങളുടെ പൊതുബോധത്തെയും പൊതുമണ്ഡലത്തെയും മാനവികതയുടെ സങ്കൽപനാടിസ്ഥാനത്തിൽ സ്വരൂപിച്ചുകൊണ്ടിരുന്നു. എഴുത്ത് ഭരണകൂടത്തിന് അധികാരസംസ്ഥാപനത്തിന് ഉപകരണമാകുന്നതുപോലെ ഭരണീയർക്ക് സാഹിത്യം മാനവികനീതിയുടെ ഗോത്രബോധത്തെ സർഗ്ഗാത്മകമാക്കുന്നു. അതിന്റെ വായനയിലെയും എഴുത്തിലെയും സർഗ്ഗാത്മകത ചരിത്രാഖ്യാനങ്ങൾക്ക് പ്രതിരോധമൊരുക്കി പ്രതിചരിത്രം നിർമ്മിക്കുമ്പോൾ സംസ്കാരം കൂടുതൽ ഗോത്രാത്മകമാകും. അതിന്റെ ഒരു വശം മാത്രമാണ് മാനവികത. ആ മറുവശം അപരമനുഷ്യനോടും പ്രകൃതിയോടുമുള്ള നാഗരികതകളുടെ യുദ്ധപ്രഖ്യാപനം അവസാനിപ്പിക്കുമ്പോൾ സംജാതമാകും. അപ്പോൾ മാത്രമേ മാതൃസഹജമായ ഗോത്രാത്മകത യാഥാർത്ഥ്യമാകുകയുള്ളൂ.

വാമൊഴി, ചിത്രലിപി, ആൽഫബറ്റ് എന്നീ സംവേദനോപാധികൾ സംസ്കാര ത്തിന്റെയും മനുഷ്യചരിത്രത്തിന്റെയും ഗതിവിഗതികളെ നിർണ്ണയിക്കുന്നതിൽ നിർവ്വഹിക്കുന്ന പങ്ക് ലിംഗശാസ്ത്രപരമായി നിരീക്ഷിക്കപ്പെട്ടതാണ്. ആൽഫബറ്റ് നിലവിൽ വരുന്നതോടെ പെൺമൂല്യാധിഷ്ഠിതമായിരുന്ന സംസ്കാരവും അതിൽ ഉൾച്ചേർന്നിരുന്ന മാനവികതയും കലയും പുരുഷാധികാരത്താൽ നിയന്ത്രിക്കപ്പെട്ടതിന് ചരിത്രം സാക്ഷിയാണ്. ആൽഫബറ്റിന്റെ ചിഹ്നശാസ്ത്രം മനുഷ്യരിലെ പുരുഷമസ്തിഷ്ക്കത്തിൽ പ്രവർത്തിച്ചപ്പോൾ അവനിലെ വേട്ടയുടെ രീതിശാസ്ത്രം അതിനെ സ്വാംശീകരിക്കുകയായിരുന്നു. ചരിത്രാതീതകാലത്തെ പെണ്ണിൽ നിക്ഷിപ്തമായ പെറുക്കലിന്റെയും പരിപാലനത്തിന്റെയും രീതിശാസ്ത്രത്തിന് പുരുഷപക്ഷത്തിന് മുകളിൽ ആധിപത്യം നേടാനായില്ല. അവിടെ പെൺപക്ഷം രണ്ടാമതാകുകയും മാനവികത കലയോടൊപ്പം അനുബന്ധസ്ഥാനത്തൊതുങ്ങുകയും ചെയ്യുന്നു. പാശ്ചാത്യരെ സംബന്ധിച്ചിടത്തോളം 13-ാം നൂറ്റാണ്ടുവരെയുള്ള ഭരണവും മതവുമെല്ലാം ആ പുരുഷമസ്തിഷ്ക്കത്തിന്റെ മേൽനോട്ടത്തിലായിക്കഴിഞ്ഞിരുന്നു. എന്നാൽ ഈ അക്ഷരമാലയുടെ അധികാരം ഭരിക്കപ്പെടുന്നവരിലേക്ക് വരുന്ന ചരിത്രസന്ദർഭത്തിന് പെൺമസ്തിഷ്ക്കത്തിന്റെ പ്രഭാവം ഭാഗികമായെങ്കിലും ഉണർന്നു പ്രവർത്തിക്കുന്ന അവസ്ഥ കൈവരുന്നു. ജനപക്ഷത്തുനിന്നുകൊണ്ടുള്ള എല്ലാ പ്രതിരോധങ്ങളും പെൺമസ്തിഷ്ക്കത്തിന്റെ പ്രവണതകളിൽ നിന്നുവരുന്നതായിരിക്കും. കാരണം അത് മനുഷ്യന്റെ സാഹോദര്യത്തെയായിരിക്കും അടിസ്ഥാനപരമായി ആവശ്യപ്പെടുന്നത്. സാഹോദര്യം




മാതൃസൃഷ്ടമായ ഒരു മാനവിക/ഗോത്രമൂല്യമാണ്. അതുകൊണ്ട് ചരിത്രത്തിലെ എല്ലാ നവോത്ഥാനങ്ങളും സാഹോദര്യത്തിലധിഷ്ഠിതമായ സമഭാവനയിൽ നിന്നാവും ഉടലെടുക്കുക. അതാകട്ടെ സാമൂഹ്യനീതിയുടെ രൂപത്തിലും മണ്ഡലത്തിലുമാണ് സംഭവിക്കുക. അപ്പോഴും പെൺമസ്തിഷ്ക്ക-രീതിശാസ്ത്രത്തിന്റെ അഭാവം നമ്മുടെ ഭൗതികോപഭോഗത്തിന്റെ മണ്ഡലത്തിലോ പ്രകൃതി സമീപനത്തിലോ വർദ്ധിക്കുകയായിരുന്നു. അതാണ് പ്രകൃതിയെ വളരെ വേഗത്തിൽ ഇല്ലാതാക്കിയത്. അതായത് പ്രകൃതിയോടുള്ള സമീപനത്തിൽ പുരുഷശൈലി പിന്തുടർന്നു. സാമൂഹികനീതിബോധത്താൽ മനുഷ്യർ പഴയകാലത്തേക്കാൾ സ്വതന്ത്രമാകുമ്പോൾ ആ സ്വാതന്ത്ര്യം പ്രകൃതിയെ ചൂഷണം ചെയ്യുന്നതിലേയ്ക്കാണ് മറുഭാഗത്ത് നയിച്ചത്.

മതങ്ങളെ പൗരോഹിത്യനിഷ്ഠമാക്കുന്നതിലും അധികാരത്തെ പുരുഷനിഷ്ഠമാക്കുന്നതിലും ലോകം മുഴുവൻ ആൽഫബറ്റ് കൊണ്ടുവരുന്ന മാറ്റത്തിന്റെ സംസ്കാരം ഒരുപോലെയായിരിക്കുമ്പോഴും അതിന്റെ തീവ്രതയിലും ശൈലിയിലും വ്യത്യസ്തതകളുായിരുന്നു. ആധുനികകാലത്തെ ആഗോളീയതയിലേയ്ക്ക് സംക്രമിപ്പിച്ച ശക്തി പാശ്ചാത്യ കോളനികളാകയാൽ അതിനു കളമൊരുക്കിയ നവോത്ഥാനത്തിന്റെ സാക്ഷരശാസ്ത്രമാണ് നാം യൂറോപ്പിലെ നൂറ്റാണ്ടു യുദ്ധത്തിലും തുടർന്നുള്ള പ്ലേഗിലും കാണുന്നത്.

ആൽഫബറ്റ് മധ്യകാല യൂറോപ്പിനെ പുരുഷാധിപത്യ സംസ്കാരത്തിന്റെ പാരമ്യത്തിലെത്തിച്ചിരുന്നു. അതേസമയം അധികാരദുരമൂത്ത രാജാക്കന്മാർ അതിർത്തിയുടെ വികാസത്തിനായി പരസ്പരം പോരടിച്ചു. ഫ്രാൻസും ഇംഗ്ലണ്ടും നൂറുവർഷം നിരന്തരം യുദ്ധം ചെയ്തു. കാരണം പോലും വേണ്ടാത്ത നിലയിൽ എല്ലാ രാജ്യങ്ങളും ഏറ്റുമുട്ടലുകളിൽ മുഴുകി. ഗ്രാമങ്ങളിലെ മനുഷ്യർ പീഢിപ്പിക്കപ്പെട്ടു. സ്ത്രീകൾ ബലാൽസംഗം ചെയ്യപ്പെട്ടു. കൃഷിത്തോട്ടങ്ങളും വൈൻകേന്ദ്രങ്ങളും തകർക്കപ്പെട്ടു. കൊള്ളയും കൊലയും തീവയ്പ്പും സാധാരണമായി. യൂറോപ്പിൽ അരാജകത്വം നടമാടി.

ആ അവസരത്തിലാണ് പ്ലേഗിന്റെ വരവും അതിന്റെ അപ്രമാദിത്വവും യൂറോപ്പിൽ അരങ്ങേറിയത്. എല്ലാ വിഭാഗത്തിലുള്ളവരെയും അത്



ബാധിച്ചു. മൂന്നു പ്രാവശ്യമായി
അത് തുടരെ കടന്നുവന്നു. പ്ലേഗ്
യൂറോപ്പിന്റെ ജനസംഖ്യയെ മൂന്നി
ലൊന്നായി കുറച്ചു. എല്ലാ വിഭാഗം
മനുഷ്യരും അതിന്റെ ഇരകളായി.
ഭിഷഗ്വരരും ആർച്ച്ബിഷപ്പും
പ്രഭുക്കന്മാരും കച്ചവടക്കാരും
സാധാരണക്കാരും അതിൽ പെട്ടു.
കറുത്ത മരണം എന്നറിയപ്പെടുന്ന
പ്ലേഗ് കച്ചവടങ്ങളും മറ്റുപജീവന
മാർഗ്ഗങ്ങളും തകർത്തു. തൊഴിൽ
– കൃഷിയിടങ്ങൾ ശൂന്യമാക്കി,
സർവ്വകലാശാലകൾ അടച്ചു.
സധർമ്മിയും പാപിയും ഒരുപോ
ലെ മരണപ്പെട്ടത് സ്രഷ്ടാവിലുള്ള
വിശ്വാസത്തിന്റെ സന്ദേഹമുളവാ
ക്കി. ധീരോദാത്തതയുടെ കാലം
മങ്ങി. പ്രഭുവും കൊള്ളക്കാരും
ഒരുപോലെയായി. തൊഴിലുകളുടെ
അന്തരം ഇല്ലാതായി. പള്ളിയുടെ
പ്രസക്തി രാഷ്ട്രീയത്തിലേക്കു മാറി.
പോപ്പ് വത്തിക്കാനെ റോമിൽ
നിന്ന് അവിഗ്നനിലേയ്ക്ക് മാറ്റി.
ജനങ്ങളുടെ ഭൗതികജീവിതത്തിനു
മുകളിലെ അഭിലാഷമായിരുന്ന
മതം രാഷ്ട്രീയ ത്തിന്റെ അഴുക്കിലേ
യ്ക്ക് പുതഞ്ഞു. പൗരോഹിത്യത്തിന്
ബഹുജനങ്ങളിലായിരുന്ന വേഗ
ത്തിൽ മതിപ്പും വിശ്വാസ്യതയും
വേഗത്തിൽ നഷ്ടമായി. തങ്ങളുടെ
മേൽ ചുമത്തപ്പെട്ട നികുതികളും
അന്യായ നിയമങ്ങളും കരങ്ങളും
മറ്റും പിൻവലിക്കാൻ അവർ ആവ
ശ്യപ്പെട്ടു.

ശാരീരികവും മാനസികവുമായി
തളർന്നുപോവുന്ന ജനതയ്ക്ക് അന്നു
വരെയുണ്ടായിരുന്നതിലെല്ലാമുള്ള
ആത്മവിശ്വാസം നഷ്ടമായി. ഭാവി
യെക്കുറിച്ച് പ്രവചിക്കാൻ ഒരാൾ
ക്കും കഴിയാതെ വന്നു. ഒരു പുതിയ
ലോകവീക്ഷണത്തിനുള്ള സന്ദർഭ
മായിത്തീർന്നു അത്. ആ പുതിയ
ലോകത്തെയാകട്ടെ കൊണ്ടുവന്ന
ത് വായനയായിരുന്നു. സ്വതന്ത്രമാ
യിത്തീർന്ന അറിവായിരുന്നു.

നൂറ്റാണ്ടു യുദ്ധവും പ്ലേഗും അനേകം
മനുഷ്യരെ കൊന്നു. ജീവിച്ചി
രിക്കുന്നവരെ വ്യത്യസ്തമായ
ഒരന്തരീക്ഷത്തിലേയ്ക്ക് നയിക്കു
കയും ചെയ്തു. അനേകം സ്വത്തും
തോട്ടങ്ങളും സ്ഥാപനങ്ങളും
ശൂന്യമായിക്കിടന്നത് അവശേ
ഷിച്ചവർ സ്വന്തമാക്കുന്നതോടെ
പൊതുവിൽ ഒരു സമ്പന്നത കൈ
വന്നു. മൂലധനം അധികമായപ്പോൾ
കച്ചവടവും സാക്ഷരതയും ഉയർന്നു.
പുസ്തകങ്ങളും അവ വായിക്കുന്നവ
രും എണ്ണത്തിൽ വർദ്ധിച്ചു. ആളു
കൾക്ക് പള്ളിയിൽ വിശ്വാസം
നഷ്ടമായി, ഒറ്റയ്ക്ക് ചിന്തിക്കാനും ജീ
വിക്കാനും ശീലിച്ചു. യൂറോപ്പിൽ മുഴു
വൻ മനുഷ്യരിൽ മാറ്റം സംഭവിച്ചു.
ഏകാന്തതയും യുക്തിയും അനുഭ
വിക്കാൻ തുടങ്ങിയ ജനത വ്യക്തി
പ്രഭാവത്തിലും വ്യക്തിത്വത്തിലും
ഉറയ്ക്കാൻ തുടങ്ങി. അവരുടെ ഏകാ
ന്തതകളെ വായനയും എഴുത്തും
വരയും അർത്ഥപൂർണ്ണമാക്കി.

15–ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ പു
സ്തകങ്ങൾ പകർത്തിയെഴുതുന്നവർ
പകർപ്പുകളുടെ കച്ചവടം പ്രചാര
ത്തിൽ വന്നു. പുരാതനഗ്രന്ഥങ്ങളു
ടെ പകർപ്പുകൾ ധാരാളം വായിക്ക
പ്പെട്ടു. ഗ്രീസിലെയും റോമിലെയും
സാമ്രാജ്യങ്ങളുടെ ചരിത്രവും
ഇതിഹാസങ്ങളും വായിക്കപ്പെട്ടു.

സംസ്കാരവും അതിന്റെ ചരിത്രവുമായുള്ള സംവാദം ആളുകളിൽ ആത്മവിശ്വാസവും ഗുട്ടൻബർഗിൽ പ്രിന്റിഗ് സാങ്കേതികവിദ്യ ചൈനയിലേതിനേക്കാൾ പരിഷ്കൃതമായി സ്ഥാപിക്കപ്പെട്ടപ്പോൾ പുസ്തകങ്ങൾ എളുപ്പത്തിൽ പ്രിന്റ് ചെയ്യാൻ തുടങ്ങി. പ്രിന്റിംഗായിരുന്ന എഴുത്തിനെയും വായനയെയും സ്വതന്ത്രമാക്കാൻ വഴിവച്ച ഏറ്റവും വലിയ സാങ്കേതികവിപ്ലവം (2). ചൈനയിലും കൊറിയയിലും മറ്റും ചിത്രലിപിയായിരുന്ന പ്രിന്റ് ചെയ്തിരുന്നത്(1). ഇവിടെ ആൽഫബറ്റായപ്പോൾ അതിന്റെ സംവേദനദൂരം വളരെ കൂടുതലായി. പുസ്തകവില്പ്പനയും നിർമ്മാണവും ഒരുപോലെ പുഷ്ടിക്കപ്പെട്ടപ്പോൾ വായനയുടെ പരപ്പും ആഴവും വർദ്ധിച്ചു. ആശയങ്ങൾ കൂടുതൽ പ്രസരിക്കാനിടവന്നപ്പോൾ ആരാധനാലയങ്ങളിലെ കൈയെഴുത്തിലുള്ള ഗ്രന്ഥങ്ങൾക്ക് മൂല്യം നഷ്ടമായി. പ്രിന്റിംഗ് പുസ്തകങ്ങൾക്ക് ആധികാരികത വർദ്ധിച്ചു. വായനക്കാർ യാഥാസ്ഥിതികരെ വിലവെയ്ക്കാതെ വരികയും പുരോഹിതരെ കൂടുതൽ അവഗണിക്കുകയും ചെയ്തു. നിഷേധാത്മകമായ ആശയങ്ങൾ പ്രചരിപ്പിക്കുന്ന ഒന്നാണ് അച്ചടിച്ച ആൽഫബറ്റിലുള്ള പുസ്തകങ്ങൾ എന്ന നില വന്നു. അങ്ങനെ പ്രിന്റിംഗ് ഏറ്റവും വലിയ കുപ്പിടിത്തമായി മാറുകയായിരുന്നു. പ്രിന്റിംഗ് വരുന്നതിനുമുൻപു തന്നെ നവോത്ഥാനം ആരംഭിച്ചിരുന്നു. ഏകാന്തതകളും മൂലധനവും ഒത്തുചേർന്ന പ്ലേഗനന്തര കാലത്താണതിന് കളമൊരുങ്ങിയതെന്ന് നാം തിരിച്ചറിയുന്നു.

യുദ്ധം, ചതി, ശാസ്ത്രം, പ്രായോഗികതാവാദം, പണം എന്നിവ ഒരു വശത്ത് നിലനിൽക്കുമ്പോൾ കലയും കവിതയും സംഗീതവും ശിൽപകലയു വാസ്തുകലയും മറുഭാഗത്ത് കടന്നുവന്നു. നാലാം നൂറ്റാണ്ടിൽ, ചർച്ച് റോമായുടെ തെരുവിൽ അവിശ്വാസികളുടെ കലകളെ നശിപ്പിക്കുവാൻ തങ്ങളുടെ സേവകരെ വിട്ടതിന്റെ സ്ഥാനത്ത് ആയിരം വർഷങ്ങൾക്കു ശേഷം ക്ലാസിക് കലാകാരന്മാരെ ഉപയോഗിച്ച് കലയെ പുനസൃഷ്ടിച്ചു. നഗ്നതയെ പള്ളിക്കകത്തെ കലാരൂപങ്ങളിലേയ്ക്ക് സ്വാഗതം ചെയ്ത് മോഡലുകളെ നൽകി. അങ്ങനെ രണ്ടാമത്തെ കൽപ്പന ലംഘിക്കപ്പെട്ടു. മരണാനന്തര പാപമോചന സങ്കൽപ്പങ്ങളുടെ ഭാവനകളെ അതിജീവിച്ച് മനുഷ്യർ മനുഷ്യത്വം എന്ന പരികൽപന യിലേയ്ക്ക് നടന്നടുക്കുകയായിരുന്നു. മൃഗങ്ങളിൽ നിന്ന് മാനവരാശി പുലർത്തുന്ന സവിശേഷതകൾ വിചിന്തനം ചെയ്യപ്പെട്ടു. കലയുടെ സ്വതന്ത്രപരിണാമം ഭാവനാപരമായ സ്വാതന്ത്ര്യം സമ്മാനിച്ചപ്പോൾ വലത് മസ്തിഷ്ക്ക മൂല്യങ്ങൾ പതുക്കെ കടന്നുവന്നു. പക്ഷേ വ്യക്തിപരതയിലേയ്ക്കും അഹന്തയിലേയ്ക്കും ഇടത് മസ്തിഷ്ക്കധാർഷ്ട്യങ്ങൾ കേന്ദ്രീകരിക്കുകയായിരുന്നു. ഫ്യൂഡലിസത്തിന്റെ കീഴിൽ ആട്ടിൻ പറ്റങ്ങളായി നിന്ന അഹന്ത ഒറ്റയ്ക്ക്



നിൽക്കാൻ പരിശീലിച്ചു. അതേ സമയം ഹ്യൂമനിസം മനുഷ്യന്റെ ലിംഗബോധത്തിൽ കാര്യമായ പരിവർത്തനങ്ങൾ പ്രയോഗ ത്തിൽ വരുത്താതെ തന്നെ പുരു ഷമൂല്യങ്ങളെ കാലാനുസൃതമായി പരിഷ്ക്കരിക്കുകയായിരുന്നു. അത് ആൺ-പെൺതുല്യതയെ ആനുപാതികമായി നിർദ്ദേശി ക്കുന്നില്ല. പുരുഷൻ പുരുഷനെ മുൻനിർത്തി അവർക്കുവേണ്ടിത്ത ന്നെയുണ്ടാക്കിയ ഒരു ധർമ്മസിദ്ധാ ന്തമായിരുന്നു അത്. സാക്ഷരത പെണ്ണിനെയും പുരുഷമൂല്യങ്ങൾക്ക നുസരിച്ച് തന്നെ പരിഷ്ക്കരിച്ചു. ഫ്യൂഡലിസത്തിൽ നിന്ന് ഹ്യൂമനി സത്തിലേയ്ക്ക് പ്രത്യയശാസ്ത്രമായി ഒരു തരം മാറ്റം വന്നുവെന്നു മാത്രം. അവരുടെ പരിമിതമായ വായന യ്ക്കനുസരിച്ച് പുരുഷമൂല്യങ്ങൾക്കക ത്ത് തന്നെ അവരുടെ ഇടതർദ്ധ ത്തെ ചലിപ്പിച്ചു. വളരെക്കുറച്ചുപേർ പഠനത്തിന്റെയും വായനയുടെയും പുരുഷാധിപത്യഘടനയിൽ, സം സ്കാരത്തിൽ നിന്ന് സർഗ്ഗാത്മക മായി കുതറുന്നുണ്ടായിരുന്നു.

കലയുടെ ദൈവസമാനമായ സർ ഗ്ഗാത്മകതയിൽ വിസ്മയകരമായ സൃഷ്ടികളിലൂടെ നവോത്ഥാനത്തെ സമൃദ്ധമാക്കിയ കലാകാരനാണ് മൈക്കേൽ ആഞ്ചലോ. മാനവിക ധർമ്മത്തിന്റെ പ്രതിബിംബമെന്നു പറയാവുന്ന സൃഷ്ടിയായിരുന്നു ഡേവിഡ് എന്ന മാർബിൾ പ്രതിമ. അസാമാന്യമായ വിധത്തിൽ സാ ത്താനെതിരെ പോരാടി വിജയിച്ച ഒറ്റയാനായ നായകനായിരുന്നു അദ്ദേഹം. മാനവികധർമ്മത്തിന്റെ പ്രതീകം. പിയത്ത ഡേവിഡി ന്റെ പ്രതിയോഗിയായി. ഒരു പെൺദൈവത്തിന്റെ ദൗത്യത്തെ ബോധാതീതമായി ഖനനംചെയ്ത് കാഴ്ചക്കാരനെ ചലിപ്പിക്കുവാൻ പുനർജ്ജനിപ്പിക്കാനാകാതെ നി സ്സഹായയായിരിക്കുന്ന അമ്മ. മൈ ക്കേൽ പുതിയനിയമത്തെക്കാൾ പഴയനിയമങ്ങൾ പ്രചോദിതനാകു ന്ന ശിൽപ്പം.

ബനവെറ്റോ സെല്ലിനിയുടെ (1554) പെഴ്സ്യൂസ് ലഹരിയിൽ എന്ന പ്ര തിമ ശക്തനായ ഒരു നഗ്നപുരുഷൻ ഒരു കൈയിൽ രക്തമിറ്റുന്ന വാൾ



സിംഹങ്ങളുടെ ഭാഗത്ത് വടിപോ ലെ നേരെപിടിച്ച് മറുകൈയിൽ സർപ്പമുടിചേർത്ത് മന്ത്രവാദിനി യായ മെഡൂസയുടെ മുറിച്ചെടുത്ത ശിരസ്സ് ഉയർത്തി നിൽക്കുന്നു. വീക്ഷണം എന്ന സങ്കൽപ്പത്തിൽ വസ്തുവും കാഴ്ചക്കാരനുമാകുന്ന വസ്തുനിഷ്ഠത ഹ്യൂമനിസത്തിന്റെ ഭാഗമാണ്. പാശ്ചാത്ത്യസംസ്കാ രത്തിലെ ദൈവത്തിന് സംസ്ക്കാ രത്തിൽ പെൺദൈവങ്ങൾ അങ്ങ നെയായിരുന്നില്ല. അവർ ഉയരെ നിന്നുകൊണ്ട് നോക്കുന്നവരല്ല, നോക്കപ്പെടുന്നവരും നോക്കുന്ന വരും അവർതന്നെയാണ്. ഹ്യൂ മനിസം കലയും ശാസ്ത്രത്തെയും അതാതിന്റെ ലോകത്തേയ്ക്ക് സ്വത ന്ത്രമാക്കി. കപ്പിത്താൻമാരെ അവ രുടെ കടൽയാത്രകൾക്ക് ഊർജ്ജം നൽകി. ജനങ്ങൾ സ്വാതന്ത്ര്യം ആഗ്രഹിച്ചു. ഇംഗ്ലണ്ടിൽ പാർല മെന്റ് വന്നു. പള്ളികളിൽ നിന്ന് സർവ്വകലാശാലകൾ സ്വതന്ത്രമാ യി. സ്ത്രീകൾക്ക് അവകാശബോധം വന്നു. എല്ലാ വിഭാഗം ജനങ്ങളിലും മാറ്റങ്ങളുണ്ടായി. പോപ്പിന്റെ

അധികാരം നിഷ്പ്രഭമായി.

മനുഷ്യസമൂഹം ഗോത്രഘടനയിൽ നിന്ന് അതിന്റെ സങ്കോചരൂപമായ കുടുംബഘടനയിലേയ്ക്ക് പരിണമിച്ചു. എല്ലാ അംഗങ്ങൾക്കും അതിന്റെ ആനുകൂല്യം ലഭിക്കുന്നു. ഒരു സന്നദ്ധതയുള്ള പെണ്ണിനാൽ ആണ് ശുശ്രൂഷിക്കപ്പെടുന്നു. അയാൾ കുട്ടികളോട് കളിക്കാൻ പഠിക്കുന്നു. മക്കൾക്കായി സ്വയം സമർപ്പിക്കുന്ന പെണ്ണ് സംരക്ഷിക്കപ്പെടുന്നു. എല്ലാവർക്കും സുഹൃത്തോ കാമുകിയോ രഹസ്യമോ സഹായിയോ ഉണ്ടാകുന്നു. രണ്ട് മാതൃകകളാൽ കുട്ടികള പക്വമതികളാകുന്നു. ഗോത്രത്തിലെ വേട്ടക്കാരനും പെണ്ണും ഈ കുടുംത്തിൽ അതിന്റെ ഹ്രസ്വരൂപം പ്രാപിക്കുന്നു. ഈ പ്രവണത പ്രായോഗികമായിത്തീർന്നു. പെണ്ണിന്റെ സാന്നിധ്യത്തിൽ ആണ് മെരുങ്ങുകയും ആണിന്റെ സാന്നിധ്യത്തിൽ പെണ്ണ് കേന്ദ്ര സ്ഥാനത്ത് വരികയും ചെയ്യുന്നു. ആണിന്റെ ഇടതുമസ്തിഷ്കപ്രഭാവത്തെ പെണ്ണ് വലതുമസ്തിഷ്ക്കപ്രഭാവം കൊണ്ട് സന്തുലിതപ്പെടുത്തി കുടുംബം കടന്നുപോകുന്നു.

വത്തിക്കാനിൽ നിന്ന് പെണ്ണിനെ ഉപദേശകയെന്ന സ്ഥാനത്ത് നിന്നുപോലും പതിനൊന്നാം നൂറ്റാണ്ടിൽ മാറ്റിനിർത്തിയിരുന്നു. രാജ്ഞിയില്ലാത്ത ലോകത്തെ ഏകരാജാവ് പോപ്പായിരുന്നു(3). നവോത്ഥാനകാലത്തെ പോപ്പുമാർ അതിന്റെ ഫലം അനുഭവിക്കുകയായിരുന്നു. പ്രിന്റിംഗ് പ്രസ് വന്നതോടെ നവോത്ഥാനവും ഹ്യൂമനിസവും കൂടി കൊണ്ടുവന്ന ഇടത് മസ്തിഷ്ക്കാധിഷ്ഠിതവും പുരുഷാധിപത്യപരവുമായ വേട്ട -കൊല സമീപനത്തിലെ സ്വാതന്ത്ര്യം വത്തിക്കാനെ വീർപ്പുമുട്ടിച്ചു. പെണ്ണിന്റെ വലതർദ്ധമസ്തിഷ്ക്ക സമീപനത്തിന്റെ അഭാവമാണിതിന് കാരണം. സ്നേഹം, കരുണ, കല, സമത്വം, വാത്സല്യം പ്രകൃതിസ്നേഹം, പൊതുബോധം എന്നിവ അവിടെ തീരെ ഇല്ലാതായി. ജനങ്ങൾക്ക് അവരോടിതെല്ലാം പ്രകടിപ്പിക്കാൻ വത്തിക്കാന് അന്ന് ആകാത്തതുകൊണ്ടല്ലോ വിശ്വാസം നഷ്ടമായത്.

പുസ്തകങ്ങൾ തുടങ്ങിയ എഴുത്തുരൂപങ്ങൾ വ്യാപകമായതോടെ വ്യക്തികൾ സ്വതന്ത്രമായി അവരുടെ ഏകാന്തതകളിൽ രൂപപ്പെടുകയും






അണുകുടുംബങ്ങൾ രൂപം കൊള്ളുകയും ചെയ്യുന്നത് നവോത്ഥാനകാലത്താണല്ലോ. അതുവരെ പള്ളിയും പുരോഹിതനും അനുഭവിച്ചുകൊണ്ടിരുന്ന അധികാരവും കൈകാര്യം ചെയ്തുകൊണ്ടിരുന്ന സമ്പത്തും അന്യായമാണെന്ന തോന്നൽ സ്വാഭാവികമായും ഉണ്ടാകുന്നു. ചരിത്രത്തിൽ ഭാഷയുടെ ഉത്ഭവവികാസവേളകളിലെ നിർണ്ണായകഘട്ടങ്ങളിൽ ഇത്തരം പ്രതിരോധങ്ങൾ ഉണ്ടാകുന്നുണ്ട്.

പ്രധാനമായും മൂന്ന് പ്രാവശ്യമാണിതുണ്ടായത്. ബി.സി രണ്ടായിരത്തോടടുത്ത് സിനായിയിൽ തഴച്ചുനിന്നിരുന്ന ഈജിപ്ഷ്യൻ ബഹുദൈവ, ബിംബരോധനകൾക്കെതിരെയായി പുരുഷദൈവത്തിന്റെ മേൽനോട്ടത്തിൽ പരലോക വിശ്വാസത്തിനുപകരം വ്യക്തി സദാചാരത്തിലുള്ള വിശ്വാസവും കടന്നുവരുന്നു. ഇസ്രയേലികളുടെ വിശുദ്ധപുസ്തകമായി ആൽഫബറ്റിക് എഴുത്ത് കടന്നുവരുന്നത് അപ്പോഴാണ് ചിത്രലേഖനലിപിയെ തകർത്ത് അക്ഷരലിപിയുടെ വരവോടെ മാറ്റങ്ങൾ സംഭവിക്കുന്നത്. അതോടെ പുരുഷൻ പെണ്ണിന്റെ എല്ലാ സ്വാതന്ത്ര്യവും അവകാശവും കവരുന്നു. പെൺദൈവങ്ങളെ നിരാകരിക്കുന്നു, ബിംബങ്ങൾ ദൈവവിരുദ്ധമാകുന്നു.

കലയുടെയും കവിതയുടെയും അകമ്പടിയിൽ രണ്ടായിരം വർഷങ്ങൾക്കുശേഷം റോമാസാമ്രാജ്യത്തിൽ സംഭവിച്ച പ്രതിരോധമാണ് ക്രിസ്തുമതമായി മാറിയത്. റോമിലെ ബഹുദൈവങ്ങളെ നിരാകരിച്ചുകൊണ്ട് ഏകമതത്തിലേയ്ക്ക് സ്വാംശീകരിക്കുകയായിരുന്നു അനേകം ഇമേജസിലൂടെ സെന്റ് പോൾ ചെയ്തത്. ഹീബ്രുക്കാരെപ്പോലെ ക്രിസ്ത്യാനികളും ലാളിത്യത്തെയും ധർമ്മത്തെയും കൊണ്ടാടികൊണ്ട് പുതിയനിയമമെന്ന ഗ്രന്ഥത്തിൽ നിന്ന് ഊർജ്ജമുൾക്കൊണ്ടു. ദൈവശാസ്ത്രപിതാക്കന്മാർ പെൺദൈവാരാധനകളെ പൈശാചികമാക്കി കണ്ടു. മുൻകാല പ്രാബല്യത്തോടെ പെണ്ണവകാശങ്ങൾ തമസ്കരിച്ചു.

മൂന്നാമത്തെ പ്രതിരോധം അറേബ്യയിലായിരുന്നു. അരൂപിയായ ആൺദൈവത്തെ പ്രതി ഖുർആൻ കടന്നുവന്നു. അതേ പെൺസമീപനം അതിന്റെ പുരോഹിതലോകം ആവർത്തിച്ചു. പെണ്ണുങ്ങളുടെ അവകാശങ്ങൾ അവിടെയും പരിമിതപ്പെട്ടു. അതിനായി മൂന്നു വിഭാഗവും ഒരുപോലെ അവരുടെ വിശുദ്ധപുസ്തകങ്ങളെയും വാമൊഴികളെയും പ്രയോജനപ്പെടുത്തി. നാലാമത്തേത് നവോത്ഥാനകാലത്ത് അരങ്ങേറിയ പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനം. 1517 ഒക്ടോബർ 31 ൽ അറിയപ്പെടാത്ത ഒരു യോഗിയായ ജർമ്മൻ യോഗിയായ മാർട്ടിൻ ലൂഥർ വിട്ടർബർഗ് ചർച്ചിൽ പോപ്പിനെ സംബന്ധിച്ച 95 അനുവർത്തനങ്ങളുടെ വ്യാപാരം നിരാകരിച്ചുകൊണ്ടുള്ള പോസ്റ്റർ പതിക്കുന്നു. അതിന്റെ ഫലമായി അനേകം ഗ്രന്ഥങ്ങളിൽ ആ ഭിന്നിപ്പിന്റെ വേരുകൾ കണ്ടെത്തുകയുണ്ടായി. പല പ്രകാരങ്ങളിൽ ചർച്ചിന്റെ അധികാരദുർവിനിയോഗം ചോദ്യം ചെയ്യപ്പെട്ടു. പുതിയ പ്രസ്സുകൾ ആ

നവോത്ഥാനത്തെ പിന്തുണച്ചു. അച്ചടിക്കപ്പെട്ട ലഘുലേഖകളാലും പ്രഭാഷണങ്ങളാലും ആശയങ്ങൾ വളരെ വേഗം പ്രചരിക്കപ്പെട്ടു. ദേശീയതയും ഹ്യൂമനിസവും അവിടെ രൂപപ്പെടുകയായിരുന്നു. ഗ്രന്ഥത്തിന്റെ അധികാരം പള്ളിയിൽ നിന്ന് ജനങ്ങളിലേയ്ക്ക് മാറുന്ന സന്ദർഭമായിരുന്നു അത്. ആരാണ് പുസ്തകം വായിച്ച് വ്യാഖ്യാനിക്കാൻ അധികാരപ്പെട്ടിരിക്കുന്നത്? ലാറ്റിൻ അറിയാവുന്ന ഏതാനും പുരോഹിതരായിരുന്നു അതിന് അധികാരപ്പെട്ടിരുന്നത്. വിശ്വാസികൾക്ക് ബൈബിൾ വായനയ്ക്കായി കൈമാറ്റം ചെയ്യപ്പെട്ടിരുന്നില്ല. അത് അകത്തളത്തിൽ മാത്രമായി സൂക്ഷിച്ചിരുന്നു. പൗരോഹിത്യം അതിനെ പ്രത്യേകം പൂട്ടിവച്ചു. സ്വർഗ്ഗരാജ്യത്തിലേയ്ക്ക് ഒരാളെ പ്രവേശിപ്പിക്കാൻ നിയോഗിക്കപ്പെട്ട പുരോഹിതനുമാത്രമേ കഴിയുകയുള്ളൂ എന്ന് വിശ്വസിക്കപ്പെട്ടു. പള്ളിയ്ക്ക് വെളിയിൽ സായൂജ്യമില്ലെന്ന് അഗസ്റ്റിൻ പ്രഖ്യാപിച്ചിരുന്നു. മാർട്ടിൻ ലൂഥർ വ്യക്തിക്കും ദൈവത്തിനും ഇടയ്ക്ക് ആരുടെയും ആവശ്യമില്ലെന്ന് വാദിച്ചു. ക്രിസ്ത്യാനികൾ അവരുടെ ഏകാന്തതകളിൽ ഗ്രന്ഥം വായിക്കണം. അഗസ്റ്റിന്റെ പ്രസ്താവനയെ ഓരോ മനുഷ്യനും അവരവരുടെ പുരോഹിതരാണ് എന്ന് മറുപ്രസ്താവന കൊണ്ട് നിരാകരിച്ചു. ലൂഥർ വിഗ്രഹങ്ങളാലുള്ള നിറമാർന്ന ആഘോഷങ്ങളെ തള്ളിക്കളഞ്ഞു. അവിടെയും ബിംബങ്ങളും ആൽഫബറ്റും തമ്മിലുള്ള സംഘർഷങ്ങൾ തന്നെയായിരുന്നു അരങ്ങേറിയത്. യഥാർത്ഥത്തിൽ ഇടത് മസ്തിഷ്കമൂല്യങ്ങളെ സാക്ഷരതയിലൂടെ ഗ്രന്ഥനിഷ്ഠമായി ഊട്ടിയുറപ്പിക്കുകയായിരുന്നു പ്രോട്ടസ്റ്റന്റ് പ്രസ്ഥാനം ചെയ്തത്. ഒരു തരത്തിൽ പുരുഷമൂല്യങ്ങളുടെ പുരോഹിതവാഴ്ചയിൽ നിന്നുള്ള അതിന്റെ ജനകീയവത്ക്കരണമാണ് ഇവിടെ സംഭവിക്കുന്നത്. അത് പ്രാദേശികഭാഷകിലേയ്ക്കുള്ള പരിഭാഷകൾക്കും ഗ്രന്ഥത്തിന്റെ പ്രചാരത്തിനും വഴിവെച്ചു. അങ്ങനെ വായനയെ വിപുലമായി ജനകീയവത്കരിക്കാൻ പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിന് കഴിഞ്ഞു.

ലിഖിതഭാഷ നിബന്ധിക്കുന്നതിലെ യുക്തിയും ഗണിതാത്മകതയും വഴങ്ങാതെ, സംസ്കാരത്തിലെ ബിംബാ(ഇമേജ്)നുഭവത്തെയാണ് കല അതിന്റെ അതീതഭാഷയിലൂടെ സർഗ്ഗാത്മകമായി വീണ്ടെടുക്കുന്നത്. സർഗ്ഗാത്മകമായ വായനയിലൂടെയല്ലാതെ, ജനിതകസഹജമായ (അ)ബോധത്തിലേയ്ക്ക് ധ്യാനാത്മകമാകാതെ, ആ സൗന്ദര്യാനുഭൂതിയിലെത്തിച്ചേരാനാവില്ല. ഏകപക്ഷീയമായ ചരിത്രാഖ്യാനങ്ങളിൽ (ചതുരം) നിന്ന് അവിഭാജ്യമായ സംസ്കാരത്തിലേയ്ക്കുള്ള (വട്ടത്തിലേയ്ക്കുള്ള) സംക്രമണമാണത്. അവിടെ നാഗരികരിലെ ഗോത്രായ്മയെ വായനയിൽ വീടെടുക്കുകയാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്. വ്യക്തിയിൽ കവിഞ്ഞ് സാപിയൻ (അ)ബോധം മാത്രമാകേണ്ടുണ്ട്. സാക്ഷരയുക്തിയെ അതിജീവിക്കുമ്പോൾ, അതിന്റെ ചതുരത്തിൽ നിന്ന് പുറത്തെടുക്കുമ്പോൾ മാത്രമാണ് വായന സർഗ്ഗാത്മകമാകുന്നത്. ലിഖിതഭാഷയിലെ കോഡ് ഓഫ് ലായും ബൈബിളും ഖുറാനും ഇതിഹാസങ്ങളും സ്മൃതികളും നിയമാവലികളുമടങ്ങുന്ന ആഖ്യാനങ്ങളും മറ്റും അതിന്റെ ചതുരനിർമ്മിതികളിൽ നിന്ന് വായനയിലൂടെ സ്വതന്ത്രമാകുമ്പോൾ മാത്രമാണ് എഴുത്തിന്റെ (വേട്ടയുടെ) പുരുഷാധികാര അജയെ നമുക്ക് മറികടക്കാനാകുന്നത്.

ലിപിഭാഷയെ വിസ്മരിച്ച് ഇമേജുകളിലൂടെ നിർഭയം സഞ്ചരിക്കുമ്പോൾ ചരിത്രാഖ്യാനങ്ങളെ അതിജീവിച്ച് നമുക്ക് സംസ്ക്കാരവട്ടത്തിലെത്താം. അവിടെ ബഹുസംസ്കൃതികളെ നിർണ്ണയിച്ചിരുന്ന ലിംഗാതീതമായ ഗോത്രായ്മയിൽ നിന്ന് നാഗരികതകൾ അപരമാക്കിത്തീർത്ത പെണ്ണ് നിർവ്വഹിക്കുന്ന കർത്തൃത്വം തിരിച്ചറിയാനാവുന്നു. ലിപിയുടെ ഉത്ഭവം മുതൽ രൂപപ്പെടുന്ന ലിഖിതഭാഷയിലെ ബഹുവിധ നിർമ്മിതികൾ (കൃതികൾ) അതിന്റെ കൈകാര്യം നേടിയെടുത്ത പുരുഷന്റെ ചരിത്ര നിർമ്മിതികളാണ് അക്ഷരനിഷ്ഠമായ എഴുത്തിന്റെ കള്ളികളിൽ നമ്മെ തളയ്ക്കുന്ന പിതാവോ വല്യേട്ടനോ അതിനകത്ത് കണ്ണുരുട്ടുന്നുണ്ട്. അത് പുരോഹിതന്റെയോ താരത്തിന്റെയോ രൂപത്തിലാകാം. വ്യവസ്ഥയോ അധികാരമോ ജ്ഞാനിമമോ ആകാം. ഏതായാലും അവയ്ക്കെല്ലാം മുഖവും ഭാവവും പുരുഷന്റെതാണ്; പെണ്ണിന്റെതല്ല. രൂപം ചതുരത്തിന്റെതാണ്. വട്ടത്തിന്റെതല്ല. സംസ്കാരത്തിന്റെ സൂക്ഷ്മരൂപങ്ങളിലെല്ലാം സമ്മർദ്ദപ്പെടുത്തുന്ന സർഗ്ഗാത്മകതകൊണ്ട് മാത്രമേ മനുഷ്യന്റെ

ലിംഗബാഹ്യവും അധികാരബാഹ്യവും സുസ്ഥിരവുമായ സംസ്കൃതിയിലേയ്ക്ക് നാമെത്തിച്ചേരുകയുള്ളൂ. അതിന്റെ രൂപഭാവങ്ങൾ ഏതായാലും ലിംഗബാഹ്യമായിരിക്കുകതന്നെ ചെയ്യും.

കുറിപ്പുകൾ

1. Erasmus ecstatically hailed printing as “the greatest of all inventions”. page 68, The march of folly, Barbera W, Touchman.

2. page 198, Alphabet versus Goddess.

3. Gregory’s eleventh century celibacy fiat ensured that no pope thereafter could acknowledge any woman as his advisor. This made the Papal court the only one in the western world where a king without a queen presided. By banning woman from any positions of authority within its corridors, the Vatican created conditions for great mischief. In conjunction with a new invention that swiftly disseminated information and changed the mindset of a culture, conditions were a place for a debacle. Page 340, Alphabet versus Goddesses.

**എൻ കെ സുനിൽ കുമാർ**
എം.ജി കോളേജ് തിരുവനന്തപുരം

# വന്ധ്യം

ചിരിക്കുന്ന പൂവിനെ വെറുതെയൊന്ന്
നോക്കി നിൽക്കാൻ പോലും കണ്ണു പായിച്ചില്ല!

ഈണത്തിലൊഴുകും പാട്ടൊന്നു കേൾക്കാൻ
ഒരിക്കലും കാത് കൊടുത്തില്ല!

ഒരിളം കാറ്റേറ്റ് തലയാട്ടും മരത്തലപ്പുകളിലെ
പക്ഷികളിലൊന്നിനെയും ഒരു നാളും കണ്ടതില്ല.

പരൽമീനുകൾ നീന്തി തുടിച്ചു തുള്ളും
വയൽച്ചാലുകൾ നടന്നു കേറിയില്ല.

പാട്ട് പാടിയില്ല കഥകൾ തീർക്കും
പുതുലോകങ്ങളിലൊന്നുപോലും സ്വപ്നം കണ്ടതുമില്ല.

കണ്ണടച്ചൊരു കവിത കേട്ടതില്ല
കൺ തുറന്നൊരു കവിതയിൽ മുങ്ങി നിവർന്നതുമില്ല.

വർണ്ണ ഭേദങ്ങൾ തീർക്കും ഓർമ്മതൻ
ക്യാൻവാസുകളൊന്നുമൊരുക്കിയില്ല.

കളിച്ചില്ല പൊട്ടിച്ചിരിച്ചില്ല കളിയാക്കിയില്ല
ചങ്ങാതികൾ തീർക്കും തിരുത്തലുകളാൽ ജ്ഞാന സ്നാനം ചെയ്യപ്പെട്ടില്ല.

വികൃതിക്കലപിലകൾക്കിടം കൊടുത്തില്ല.
വന്ധ്യ ജീവിതപ്പെരുവഴിയിൽ
നൃശംസതയുടെ കത്തി രാകി കൊച്ചു പെൺ കിടാവിൻ
പച്ച ജീവനെടുത്തവൻ
മരണ ഗ്രേഡ് കുറിച്ചൊരു മൃത്യുവിൻ സാക്ഷ്യപത്രം കരസ്ഥമാക്കി!

**ഡോ. ശങ്കരനാരായണൻ പാലേരി**
എൻ എസ് എസ് ട്രെയിനിങ് കോളേജ്, ഒറ്റപ്പാലം, പാലക്കാട്

# ഓൺലൈൻ വിദ്യാഭ്യാസം: സാധ്യതകളുണ്ട് സ്കൂളുകളിലും


കൊറോണയുടെ ഭീഷണി പിൻവലിഞ്ഞു തുടങ്ങിയതോടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. സ്വാഭാവികമായും ഓൺലൈൻ ക്ലാസ്സുകൾ ഇല്ലാതായി തുടങ്ങി. അപ്പോഴും ഒരു ചോദ്യം ഗണനീയമായി നിൽപ്പുണ്ട്. ഓൺലൈൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള ക്ലാസ്സുകൾ കോവിഡ് പോലെയുള്ള മഹാമാരിക്കാലത്ത് മാത്രമാണോ അനിവാര്യമായിട്ടുള്ളത്?

മാറുന്ന വിദ്യാഭ്യാസ സമീപനങ്ങളിൽ ഓൺലൈൻ സാങ്കേതിക വിദ്യയും വെബ് അധിഷ്ഠിത പഠനങ്ങളും ഒഴിവാക്കാനാവാത്തവയായിരിക്കും എന്നത് സംശയരഹിതമാണ്. മഹാമാരികൾ മാറിയാലും ഓൺലൈൻ പഠനം നിലനില്ക്കാതെ തരമില്ല. ഓൺലൈൻ എന്നത് ഒരു കോവിഡ് കാല സബ്സ്റ്റിട്യൂട്ട് മാത്രമായി കാണേണ്ടതില്ല. മികച്ച അധ്യാപകരുടെ ക്ലാസ്സുകൾ ഏതു വിദ്യാർത്ഥിക്കും എപ്പോഴും ലഭ്യമാവും, സ്കൂൾ സമയം കഴിഞ്ഞും സജീവ പഠനം നടക്കും, വിദ്യാർത്ഥിക്ക് താല്പര്യമുള്ള സമയം പഠനത്തിന് ഉപയോഗിക്കുവാൻ സാധിക്കും, വിദ്യഭ്യാസ സംവിധാനങ്ങളുടെ നിലനിൽപ്പിനു വേണ്ടി ചിലവിടുന്ന വൻതുക ലാഭിക്കാൻ സർക്കാരുകളെ സഹായിക്കും തുടങ്ങി നിരവധി അക്കാദമികവും ഭരണപരവുമായ കാരണങ്ങളാൽ ഓൺലൈൻ തുടരുമെന്നതിൽ സംശയം വേണ്ട.

ഓൺലൈൻ രീതിയിലുള്ള അധ്യാപന സംവിധാനങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് തുടരുമെന്നത് ഉറപ്പാണ്. ബ്ലെൻഡഡ് ലേണിങ്, ഓപ്പൺ എഡ്യൂക്കേഷൻ റിസോഴ്സ് (OER), ഇ-പാഠശാല. മൂക് (MOOC) കോഴ്സുകൾ തുടങ്ങി വിവിധ പേരുകളിൽ ഓൺലൈൻ ടീച്ചിങ് മുന്നേ തുടങ്ങിയതാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത്, അതിനിയും തുടരുകയും ചെയ്യും. ഓൺലൈൻ മാത്രം ആശ്രയിച്ചുള്ള കോഴ്സുകൾപോലും സജീവമാവാൻ സാധ്യതയുണ്ട്. എന്നാൽ സ്കൂൾ തലത്തിൽ ഈ രീതി എത്രത്തോളം സാധ്യമാണ്, സ്കൂളുകളിൽ ഓൺലൈൻ ടീച്ചിങ് തുടരുമെങ്കിൽത്തന്നെ ഏതൊക്കെ രീതിയിൽ എന്നുള്ളതെല്ലാം സുപ്രധാനമായ ചോദ്യങ്ങളാണ്.

### സ്കൂളുകളിലെ ഓൺലൈൻ സാധ്യത

കോളേജുകളും സർവ്വകലാശാലകളും ഓൺലൈൻ സാധ്യത അധ്യാപന രംഗത്ത് മുന്നേ ഉപയോഗപെ



ടുത്തിയിട്ടുള്ളതും ഇനിയും തുടരും എന്ന് ഉറപ്പുള്ളതുമാണ്. സ്കൂളുകൾ ഓൺലൈൻ ക്ളാസ്സുകളെ ഉപയോഗിച്ച് തുടങ്ങിയത് കൊറോണ കാലം മുതലാണ്. അതിൽത്തന്നെ വിക്ടേഴ്സ് ചാനൽ വഴിയുള്ള ക്ളാസുകൾ ഓൺലൈൻ ക്ളാസ്സുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്താൻ വയ്യ. അത് ക്ലാസുകളുടെ വീഡിയോ പ്രക്ഷേപണമാണ്.

അധ്യാപനം ക്ലാസ്സ്മുറിയിൽ മാത്രം എന്ന രീതിശാസ്ത്രം സ്കൂളുകൾ തുടരേണ്ടതില്ല. കുട്ടികൾ വിവിധ റിസോഴ്സുകളിൽനിന്ന് പഠിക്കട്ടെ. സ്കൂളുകൾ അടച്ചിടുന്ന അവസ്ഥ ഇനി വരില്ല എന്നു കരുതാം. അടച്ചിടാത്ത കാലത്ത് ഓൺലൈൻ രീതിക്ക് പ്രസക്തിയില്ല എന്ന ധാരണ ശരിയല്ല. മാറുന്ന കാലത്തിന്റെ അധ്യയന താല്പര്യങ്ങൾക്കൊപ്പം വളർത്തിയെടുക്കേണ്ടുന്ന സമീപനമാണ് ഓൺലൈൻ ടീച്ചിങ്. അതിനെ ശരിയാംവണ്ണം ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്.

“എന്നാൽ പിന്നെ ഓൺലൈൻ മതി" എന്ന പ്രചാരണമല്ല ഈ പറഞ്ഞതിന്റെ ഉദ്ദേശം. സ്കൂൾ സമയത്തു ഫോർമൽ ക്ലാസ്സ്മുറികളിൽ അധ്യാപകൻ നേരിട്ടു പഠിപ്പിക്കുന്നതിനു പുറമെ ഓൺലൈൻ വഴിയും അധിക അധ്യയനമോ അനുബന്ധ അധ്യയനമോ നൽകാം എന്നാണ്. ഗെയിഡുകളുടെയും ഇ-ടീച്ചിങ് ആപ്പുകളുടെയും അമിത സ്വാധീനത്തെ മറികടക്കാൻ ഇത്തരം ഓൺലൈൻ ക്ളാസ്സുകൾ ഗുണം ചെയ്യാതിരിക്കില്ല.

## ഓൺലൈൻ രീതിതന്നെയെങ്കിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഓൺലൈൻ ഒരു പൂർണ്ണ മാധ്യമമായല്ല ഇനി അധ്യാപകർ സ്വീകരിക്കേണ്ടത്, പാഠഭാഗങ്ങളുടെ കൂടുതൽ വിശദമായ പഠനങ്ങൾ, അനുബന്ധ പഠനങ്ങൾ തുടങ്ങി വിവിധ കാര്യങ്ങൾക്ക് ഓൺലൈൻ ഉപയോഗപ്പെടുത്താം. ചില കാര്യങ്ങള ശ്രദ്ധിച്ചാൽ ഈ രീതിശാസ്ത്രത്തെ കൂടുതൽ ശക്തമാക്കാം. നന്നായി ഉപയോഗപ്പെടുത്താൻ കഴിയുമെങ്കിൽ അധ്യാപകർക്കും പഠിതാക്കൾക്കും ഓൺലൈൻ പഠനരീതി തുടരുന്നത് ഉപകാരപ്രദം തന്നെയാണ്

സ്വന്തമായി ക്ലാസ്സുകൾ ചിട്ടപ്പെടുത്തുമ്പോൾ അധ്യാപകരും ചിലത് ശ്രദ്ധിക്കണം. സാധാരണ ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്ന പെഡഗോജി സമീപനത്തിൽ നിന്ന് സാങ്കേതിക വിദ്യയിലൂന്നിയ പഠനരീതികൾക്ക് വ്യത്യാസമുണ്ട്. മുഖ്യമായും ഹ്യൂട്ടഗോജിയാണ് (സ്വയം പഠനത്തിന്റെ ബോധനശാസ്ത്രം) സാങ്കേതിക വിദ്യ ഉപയോഗിച്ചെടുക്കുന്ന ക്ലാസുകളുടെ അടിസ്ഥാനം. അതുകൊണ്ട് പെഡഗോജി, ഹ്യൂട്ടഗോജി, സൈബർഗോജി എന്നീ മൂന്നു രീതിശാസ്ത്രങ്ങളും ഉപയോഗപ്പെടുത്തി വേണം ക്ലാസ്സുകൾ ഒരുക്കാൻ.

മുന്നേ നിശ്ചയിച്ച സമയത്തെടുക്കേണ്ട ക്ളാസുകളും ഒരു സമയക്രമവും പാലിക്കേണ്ടാത്ത ക്ളാസുകളും അധ്യാപകർക്ക് തയ്യാറാക്കാം. ഇന്റർനെറ്റ് വഴി വിവിധ ആപ്പുകളിലൂടെ ലഭ്യമാക്കുന്ന ക്ലാസ്സുകളുടെ

പ്രധാന പ്രത്യേകത അവ ഉപയോഗപ്പെടുത്തുന്നതിൽ പഠിതാവിനു കിട്ടുന്ന സ്വാതന്ത്ര്യമാണ്. ഇന്റർനെറ്റിൽ പോസ്റ്റ് ചെയ്യുന്ന അല്ലെങ്കിൽ വാട്സാപ്പ്, ഫേസ്ബുക്, ഇൻസ്റ്റാഗ്രാം (മറ്റേതെങ്കിലും മാധ്യമവുമാവാം) വഴിയോ നൽകാവുന്ന ക്യാപ്സൂൾ വീഡിയോകൾ, വീഡിയോ ക്ലാസ്സുകൾ, സ്ലൈഡ് പ്രസന്റേഷനുകൾ, ഓഡിയോ ക്ലിപ്പുകൾ, ഇ-നോട്ടുകൾ, ബ്ലോഗ് വഴിയുള്ള ക്ലാസ്സുകൾ എല്ലാം പഠിതാവിന്റെ സമയം അനുസരിച്ച് ഉപയോഗിക്കാനാവും. വീട്ടിൽ ഇന്റർനെറ്റ് ലഭ്യമല്ലാത്ത കുട്ടികൾക്ക് നെറ്റ് ലഭ്യമാവുന്നിടത്തേക്ക് മാറിനിന്നും, രക്ഷിതാക്കളുടെ മൊബൈൽ ലഭ്യമാവുന്ന സമയത്തും ഒക്കെ ക്ലാസ് കാണാനുള്ള സ്വാതന്ത്ര്യമുണ്ട്. ഓഡിയോ ക്ലിപ്പുകൾ അഞ്ചു മിനിറ്റിൽ ഒതുങ്ങുന്നതാണ് നല്ലത്. കാപ്സ്യൂൾ വിഡിയോകൾ പഠിപ്പിക്കേണ്ടുന്ന ഭാഗത്തിന്റെ ഏറ്റവും സൂക്ഷ്മമായ, പരസ്യം പോലുള്ള, പരമാവധി ഒന്നര മിനിറ്റിൽ കൂടാത്തവയായിരിക്കണം. വീഡിയോ ക്ളാസുകൾക്കും അഞ്ചു മുതൽ ഒൻപതു മിനിറ്റുകളിൽ കൂടുതൽ ദൈർഘ്യമുണ്ടാവരുത്.

സൂം, വെബെക്സ്, ഗൂഗിൾ തുടങ്ങിയ ഓൺലൈൻ മീറ്റിംഗ് ആപ്പുകൾ വഴി നടത്തുന്ന ക്ലാസുകൾ സമയക്ലിപ്തത ആവശ്യമുള്ളവയാണ്. അത്തരം ക്ലാസ്സുകളും അരമണിക്കൂറിൽ കൂടുതൽ ദീർഘിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ക്ലാസ്സ് നടക്കുമ്പോൾ ഇന്റർനെറ്റ് ലഭ്യത അനിവാര്യമായതുകൊണ്ട് എല്ലാ കുട്ടികൾക്കും പങ്കെടുക്കാൻ കഴിയണമെന്നില്ല. ഒരു ദിവസം എല്ലാ വിഷയങ്ങളിലും ക്ലാസ്സ് എന്ന രീതി മാറ്റി രണ്ടോ മൂന്നോ വിഷയങ്ങളിൽ ക്ലാസ്സും ബാക്കി തുടർ പ്രവർത്തനങ്ങളും എന്നതാണ് മനശ്ശാസ്ത്രപരം.

ഓൺലൈൻ മീറ്റിംഗുകൾ ലെക്ച്ചറിംഗിന് പ്രാധാന്യം നല്കുന്നവയാവരുത്. വിവിധ പ്രസന്റേഷനുകളും, വീഡിയോ ലിങ്കുകളുമൊക്കെ ഉപയോഗിച്ച് പഠിതാവിന് ഹൃദ്യമാവുന്ന രീതിയിൽ പുഷ്ടിപ്പെടുത്തണം.



ഓരോ അദ്ധ്യായവും പഠിപ്പിച്ചു തീർക്കുന്ന രീതി ആവശ്യമില്ല. പ്രധാന ആശയങ്ങളും ചാപ്റ്ററുകളിലെ അധ്യയനധാതുവും മാത്രം ഓൺലൈൻ ക്ലിപ്പുകളായി ഒരുക്കിയാൽ മതി. നിലവിൽ ടെക്സ്റ്റ് പുസ്തകങ്ങളിൽ ലഭ്യമായ ക്യൂ ആർ കോഡുകളുടെ ലിങ്കുകൾ ഉപയോഗപ്പെടുത്താൻ കുട്ടികളോട് ആവശ്യപ്പെടുകയുമാവാം. ടെക്സ്റ്റ്പുസ്തകം ഉപയോഗിക്കാൻ വേണ്ടുന്ന എല്ലാ സപ്പോർട്ടുകളും പഠിതാക്കൾക്ക് നൽകിയാൽ മതി. ആ രീതിയിൽ നടക്കുന്ന പഠനത്തിന്റെ മോണിറ്ററിങ് അധ്യാപകർ നടത്തണം. സ്വയം പഠനത്തിലധിഷ്ഠിതമായ അസ്സയിൻമെന്റുകൾക്ക്, വിക്ടേഴ്സ് ചാനലുകളുടെ തുടർച്ചയായി നൽകുന്ന പഠന പ്രവർത്തനത്തെക്കാൾ പൂർണ്ണത കൈവരും. കഴിഞ്ഞ വർഷം നിരവധി അൺ എയ്ഡഡ് സ്കൂളുകൾ നടപ്പാക്കിയ രീതി ചില പരിഷ്കാരങ്ങളോടെ അനുകരിക്കാവുന്നതാണ് കേന്ദ്രീകൃത ക്ലാസ്സും ഓൺലൈൻ സപ്പോർട്ടും എന്നത് മാറ്റി സ്കൂളുകൾ മുഖേനയുള്ള വികേന്ദ്രീകൃത ഓൺലൈൻ അധ്യയന രീതിയിലേക്ക് സമീപനം മാറണം,.

## ഉപയോഗപ്പെടുത്താം, കരുതലോടെ

ഓൺലൈൻ വഴിയുള്ള അധ്യാപനത്തിന്റെ ഏറ്റവും വലിയ ദാർശനിക നേട്ടം അത് അറിവ് നേടലിനെ ജനാധിപത്യ വൽക്കരിക്കുന്നു എന്നതാണ്. വിദ്യാർത്ഥിക്ക് അവനാഗ്രഹിക്കുന്ന സമയത്ത് അവന്റെ താല്പര്യാനുസൃതം വേണ്ടുന്നത് സ്വീകരിക്കാൻ അവസരമുണ്ടാവുന്നു എന്നത് ചെറിയ കാര്യമല്ല. തന്റെ വിരൽത്തുമ്പിൽ അറിവെത്തുമ്പോൾ അദ്ധ്യാപകരുടെ അപ്രമാദിത്തത്തെ മറികടക്കാൻ കുട്ടികൾക്ക് സാധിക്കും. ഈ അവസ്ഥ അധ്യാപകരുടെ പ്രാധാന്യം ഇല്ലാതാക്കുകയല്ല, മറിച്ച് അവരെ കൂടുതൽ ഉത്തരവാദിത്ത ബോധമുള്ളവരാക്കുകയാണ് ചെയ്യുക. കരുതലോടെ ഉപയോഗപെടുത്തിയാൽ ഓൺലൈൻ അധ്യയനം ഏറെ ഗുണപരമാണ്. പഠിതാവിനും പഠിപ്പിക്കുന്നവർക്കും. അതിനുതകുന്ന സമീപനങ്ങൾ സ്കൂളുകളിൽനിന്ന് ഉയർന്നുവരും എന്ന് പ്രത്യാശിക്കാം.

**ഡോ. ബീസ പി ഭാസ്കർ**
MPMM SN ട്രസ്റ്റ് കോളേജ്, ഷോർണ്ണൂർ

# ശീതനിദ്ര

ഒരൊറ്റ രാത്രികൊണ്ട് വസന്തമിറങ്ങിപ്പോകയും
ശിശിരം നിന്നെ ശിലയാക്കയും ചെയ്തു.
മണ്ണകങ്ങളിലെ സ്വപ്നത്തിൽനിന്ന്
സൂര്യനിലേക്കു കുതിച്ച കിളിർപ്പുകൾ,
വലിയ വെള്ളാരങ്കല്ലുകൾക്കിടയിൽ
ശ്രമപ്പെട്ട് വഴികണ്ടെത്തിയ ഉറവകൾ,
പ്യൂപ്പപൊട്ടിച്ച് തുമ്പിതുള്ളാനൊരുമ്പെട്ട
ഒരു കുഴിയാന,
സ്വയംമറന്ന് നൃത്തം ചെയ്തൊഴുകവേ
ഉറഞ്ഞുപോയ നദി,
ആർത്തലച്ചു പെയ്തുതുടങ്ങിയപ്പോൾ
ആകാശച്ചരുവിൽ കുടുങ്ങിപ്പോയ മഴ,
ഇലകളുടെ ഉന്മാദഗന്ധങ്ങളിൽ
അലഞ്ഞുമലിഞ്ഞും മതികെട്ടുനിന്ന്
കുരുങ്ങിപ്പോയ ഒരു കാറ്റ്,
മൂളിത്തുടങ്ങിയതും
വഴിയിലുപേക്ഷിക്കപ്പെട്ട കിളിപ്പാട്ട്..
എല്ലാം മഞ്ഞിന്റെ മുറുകിയ കരവലയത്തിൽ
ശ്വസിക്കാൻ മറന്ന് നിലച്ചു.

അറിയുമോ?
ഒറ്റവിനാഴികകൊണ്ട്
ഒരഹല്യയെ ശിലയാക്കാൻ
അത്രമേൽ പ്രാണൻ
പകുത്തൊരാൾക്കേ കഴിയൂ എന്ന്.


**Dr. Jithesh Kavil**
Sree Narayana College Kannur


# Nanotechnology for Achieving Sustainable Development Goals

Population explosion and industrial growth have created serious implications on the energy crisis and pollution of the ecosystem. A clean energy technology and a green environment are inevitable for the sustainable development of the society. In other words these are the two important sustainable development goals (SDG) out of 17 SDGs proposed by United Nations. The concept of sustainable development was described by the 1987 Bruntland Commission Report as "development that meets the needs of the present without compromising the ability of future generations to meet their own needs."

After industrial revolution, carbon emission has been a serious environmental issue that leads to global warming and climate change. The major sources of the green house gases are from the combustion of non-renewable fossil fuels for electricity generation and transport. World economy demands the need of a clean and inexhaustible renewable energy technology as the future energy source. Majority of the energy resources of the world are non-renewable fossil fuels and more than 80 % of India's power comes from fossil fuels and nuclear energy. Therefore we need a pivotal approach to make sure that we reduce our carbon foot print by embracing advances in the technology.

Urbanisation, increasing per capita energy consumption in India has lead to energy poverty and increasing carbon emission. The government of India has made impressive progress in sustainable and affordable renewable energy policy. NITI Aayog's renewable energy goal is to generate 175 GW energy from renewable sources by 2022 which is 55 % higher than the currently installed projects of 60 GW. India has presented its renewable energy goal in UN climate change conference held in Glasgow (COP26) in October-November 2021. In the summit India pledged to become a 'net zero' carbon emitter by 2070. India is the world's fourth biggest emitter of carbon dioxide after China, US and EU. We have emitted a per capita of 1.9 tonnes of $CO_2$ in 2019 compared with 15.5 tonnes





of US 12.5 tonnes of Russia and 8.1 tonnes of China that year. Net zero or carbon neutral means India will not add to the green house gases in the environment. Other policies of India COP26 include the generation of 50 % energy from renewable sources by 2030, for achieving this goal we will produce 500 GW energy from non-fossil fuels.

Possible solution to achieve these goals is renewable energy sources. These include solar energy, wind energy, hydro energy, biomass and geothermal energy. India's renewable energy sector is developing at faster rate. India is at the fourth position in the overall installed renewable technologies. The present renewable technologies can convert energy in an efficient manner. However the storage of these intermittent sources of energy and its supply upon demand is the bottle neck in renewable energy technology. During the last few decades researchers and policy makers were searching for functional materials that can be used for renewable energy conversion, energy storage and environmental remediation.

Lithium ion batteries have been used conventionally as a storage device. However the performance degradation, low power applications are the major disadvantages of batteries.

Supercapacitors or ultracapacitors have been emerged as a new energy storage device with very high power delivery capacity than batteries and energy storage capacity than normal capacitors. The major component in supercapacitor is electrode made up of nanomaterials with very high surface area. Materials having dimension in the range of 1-100 nanometer scale are generally called nano-materials. Tailoring the electrical, mechanical, optical and other properties of materials by controlling the matter in nano regime is called nanotechnology. Working principle of supaercapacitor is very simple. When potential is applied across the electrodes in supercapacitor an electrical double layer is created at the surface of nano electrodes.

Low cost and environmental friendly carbon allotropes such as graphene, activated charcoal, carbon nano tubes, etc. were used as electrodes in commercial supercapacitor devices. These devices have been using currently in regenerative breaking system, medical devices, wearable electronic devices, memory devices, etc. Supercapacitor technology is not a competing technology for battery, these are complementary technologies; for high power applications we can use batteries and for low power applications we can use supercpacitors.



**ഡോ. വന്ദന ബി.**
എൻ.എസ്.എസ്. വനിതാ കോളേജ്, നീറമൺകര


# ഓലമെടയലുംപുരമേയലും : ഒരു ഗ്രാമീണ നിറവിന്റെ ഓർമ്മ

നഗരവത്കരണവും ഫ്ളാറ്റ് സംസ്കാരവും കേരള സമൂഹത്തെ പിടിമുറുക്കുന്നു എങ്കിലും ഇപ്പോഴും ഗ്രാമവും തെങ്ങും തൊടിയും മറ്റും നാമമാത്രമായെങ്കിലും നിലനിൽക്കുന്നു എന്നത് ഒരു ആശ്വാസമാണ്.  ഏക്കറുകണക്കിന് നിലങ്ങളും കൃഷിഭൂമിയും തരിശിട്ട് മലയാളി ടെറസ് പച്ചക്കറിക്കൃഷിയിലേക്ക് മാറിയിരിക്കുന്നു. എന്നാൽ ഇപ്പോൾ ചോർച്ച തടയാനായി ഭൂരിഭാഗം ടെറസുകളും റൂഫിംഗ് ഷീറ്റ് കൊണ്ട് മൂടിയിരിക്കുന്നു. ഒരു മുപ്പത് കൊല്ലങ്ങൾക്കപ്പുറത്ത് വീടുകൾ കാണാമായിരുന്നു. കോൺക്രീറ്റ് വീടുകൾ അപൂർവ്വമായിരുന്നു. ചില വലിയ വീടുകളും മനകളും ഓടുമേഞ്ഞവയായിരുന്നു.

ഓലമേഞ്ഞ വീടുകൾ ഓരോ വർഷവും പഴയതായി മാറുകയും അടുത്ത വർഷകാലത്തിന് മുൻപ് പുത്തനായിത്തീരുകയും ചെയ്തിരുന്നു. മുഴുവൻ മേൽക്കൂരയും പൊളിച്ചിറക്കി ഉത്തരവും കഴുക്കോലും പട്ടികയും ചുമരും തട്ടിൻപുറവും അടിച്ചുവൃത്തിയാക്കി പുത്തൻ ഓലമേഞ്ഞ് നിലവും ചാണകം മെഴുകി വെടിപ്പാക്കിക്കഴിയുമ്പോൾ ഓരോ ഓലക്കെട്ടും വീടുകളെ തികച്ചും പുതിയതാക്കി മാറ്റിയിരുന്നു. പല്ലി, പാറ്റ, എലി മുതലായ ജീവികളെയെല്ലാം ഓരോ വർഷവും പുറത്താക്കുന്നു. നീണ്ട ഒരു വർഷത്തെ ക്രമമായ അദ്ധ്വാനമായിരുന്നു ഓരോ ഓലകെട്ടും. അതൊരു ഉത്സവം തന്നെയായിരുന്നു. പൊളിച്ചിറക്കിയ പഴയ ഓല തൊഴുത്തുമേയാനും തീകത്തിക്കാനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിച്ചിരുന്നു. സാധാരണക്കാരുടെ വീടുകൾ പൊളിച്ചിറക്കിയതിൽ നിന്നും കൊള്ളാവുന്ന പഴയ ഓലയും പുതിയ ഓലയും ചേർത്തടുക്കി കെട്ടുമ്പോൾ സമ്പന്നരുടെ വീടുകൾ രണ്ടും 'പുത്തൻ' ഇട്ട് കെട്ടിയിരുന്നു. മൂന്നുനാല് മുറിയും അടുക്കളയും വരാന്തയും മറ്റുമുള്ള വീടുകൾ കെട്ടിമേയാൻ സാധാരണഗതിയിൽ മുന്നൂറ് മടൽ ഓലവരെ വേണ്ടിയിരുന്നു.

ഒരുമടൽ ഓല എന്നു പറയുമ്പോൾ രണ്ട് 'കീറു'കൾ ചേരുന്നതായിരുന്നു. അങ്ങനെ നോക്കിയാൽ ഒരു വീട് കെട്ടിമേയാൻ സാധാരണഗതിയിൽ അഞ്ഞൂറിന് മേൽ അറുന്നൂറിനകം കീറുകൾ വേണമായിരുന്നു. ഒരു കീറ് ഓലപോലും ആരുംതന്നെ പുറത്തുനിന്ന് വിലകൊടുത്ത് വാങ്ങിയിരുന്നില്ല. എന്നാൽ ഓരോ വർഷവും കെട്ടിമിച്ചം വരുന്ന മെടഞ്ഞ ഓല വിലയ്ക്ക് വിൽക്കാൻ സാധിച്ചിരുന്നു. മൊത്തക്കച്ചവടക്കാരായ ചെട്ടിയാർമാരും മറ്റും സാമാന്യം നല്ല വിലകൊടുത്തുതന്നെ മെടഞ്ഞ ഓല കൊപ്രാക്കളങ്ങളും വലിയ ഷെഡ്ഡുകളും സ്കൂളുകളും പാരലൽ കോളേജുകളും മേയുന്നതിനായി വാങ്ങിയിരുന്നു.

ഓരോ കുടുംബത്തിന്റെയും കൂട്ടായ അധ്വാനമായിരുന്നു ഓല മെടഞ്ഞ് ഉണക്കി അടുക്കി സൂക്ഷിക്കുക എന്നത്.  ഗൃഹനാഥനും സ്ത്രീകളും കുട്ടികളും എല്ലാം തന്നെ തങ്ങളുടേതായ സംഭാവന ഓരോ കീറ് ഓല



യിലും അർപ്പിച്ചിരുന്നു. അതായത് ഒരു കുടുംബം അന്തിയുറങ്ങുന്നത് തങ്ങളുടെ ഒരു വർഷത്തെ കൂട്ടായ അധ്വാനത്തിന്റെ തണലിലും സുരക്ഷിതത്വത്തിലും തണുപ്പിലും ആയിരുന്നു. ഓലകെട്ടിലേക്ക് എത്തുന്നതിന് മുൻപ് ഓല എപ്രകാരമാണ് മെടഞ്ഞെടുക്കുന്നത് എന്ന് നോക്കാം.

നല്ല കായ്ഫലമുള്ള തെങ്ങിൽ നിന്നും വീതിയും നീളവുമുള്ള, പുഴുക്കുത്തും വണ്ട് ശല്യവും ബാധിക്കാത്ത 'അടിമടൽ' ഓലകളായിരുന്നു മെടയാനായി തെരഞ്ഞെടുക്കുക. സ്വാഭാവികമായി തെങ്ങിൽ നിന്നും ഉണങ്ങിവീഴുന്ന ഓലകളും ഉപയോഗിച്ചിരുന്നു. എങ്കിലും ഓരോ 'ഒഴി' തേങ്ങയിടലിലും 'തണ്ടാന്മാർ' വെട്ടിയിടുന്ന പച്ച ഓലകളായിരുന്നു കൂടുതലും വെയിലത്ത് ഉണക്കി ഉപയോഗിച്ചിരുന്നത്. ഒരു തെങ്ങിൽ നിന്നും ഒരു സമയം രണ്ടോ മൂന്നോ ഓലകൾ മാത്രമേ വെട്ടുകയുള്ളൂ. അവയിൽ മടൽ ഒടിയാതെ ഓലയ്ക്കാൽ കീറുകയോ പൊട്ടുകയോ ചെയ്യാതെ വലിച്ച് വെയിലുള്ള നിരന്ന സ്ഥലങ്ങളിൽ ഉണങ്ങാനിടുന്നു. ഉണങ്ങാനിടുന്നതിന് മുൻപ് ഓലകളിൽ നിന്നും 'വഴുത' ഉരിഞ്ഞെടുത്തിരുന്നു. ഇവ ഉണക്കി കുതിർത്ത് ഒരേ നീളത്തിൽ കീറിയെടുത്തായിരുന്നു ഓലകെട്ടുസമയത്ത് കഴുക്കോലുമായി ഓലയെ കെട്ടിയുറപ്പിക്കാൻ ഉപയോഗിച്ചിരുന്നത്. ഇതിന് 'കെട്ടുനാര്' എന്നറിയപ്പെടുന്നു. ഉണങ്ങാനിട്ടിരിക്കുന്ന ഓലകളിൽ മഴവെള്ളം വീണാൽ അതിന്റെ ഗുണം കുറഞ്ഞതായി കണക്കാക്കിയിരുന്നു. പട്ടിയും, പൂച്ചയും, കളിക്കുന്ന കുട്ടികളും ഉണങ്ങാനിട്ടിരിക്കുന്ന ഓലയിലൂടെ ഓടിയാൽ വീട്ടിലെ മുതിർന്നവർ വടിയെടുക്കും. അത്രയ്ക്കും സൂക്ഷ്മതയോടെയായിരുന്നു പച്ച ഓലകൾ ഉണക്കിയെടുത്തിരുന്നത്. ഉണങ്ങിയ ഓലകൾ അടിമടൽ ചേർത്ത് വെട്ടിക്കളഞ്ഞശേഷം രണ്ട് തെങ്ങുകളുടെ ഇടയിൽ കെട്ടിവെച്ച 'കഴ'കളിൽ തലകീഴായി തൂക്കിച്ചാരി നിർത്തുന്നു. തലകീഴായി അടുക്കുന്നതിന് കാരണം മഴപെയ്താലും ഓലപ്പൊളികളിൽ വെള്ളം വീണ് ഓലകൾ ദ്രവിച്ച് പോകാതിരിക്കാൻ വേണ്ടിയായിരുന്നു.

ഓലകീറൽ എന്നതാണ് അടുത്ത ഘട്ടം. വീട്ടിലെ ചായ്പ്പിലുള്ള കാർഷികോപകരണങ്ങളായ കുന്താലി, മൺവെട്ടി, പിക്ക്ആക്സ്, കമ്പിപ്പാര, കലപ്പ, മരമടിപ്പലക, വക്കാണി, നകം, കോടാലി, നെല്ലറുപ്പുകത്തി (അരിവാൾ), പുല്ലറുപ്പുകത്തി (ചെറിയ അരിവാൾ) എന്നിവയോടൊപ്പം നല്ല വായ്ത്തലമൂർച്ചയും 'പട്ടതി'യുമുള്ള ഉരുക്ക് വെട്ടുകത്തിയും സൂക്ഷിച്ചിരുന്നു. പിടിയിൽ നിന്ന് മുൻഭാഗത്തേക്ക് ഭാരം കൂടിയതും അൽപം മുന്നിലേക്ക് വളഞ്ഞതുമായ വെട്ടുകത്തികൾ ആയിരുന്നു ഓലകീറാനായി ഉപയോഗിച്ചിരുന്നത്. സ്ഥിരമായി ഓലകീറുന്നതിന് മാത്രം ഉപയോഗിക്കുന്നതിനാൽത്തന്നെ അവയുടെ വായ്ത്തല വജ്രംപോലെ മൂർച്ചയിൽ തിളങ്ങിയിരുന്നു. വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ കാലോ കൈയ്യോ അറ്റുപോകാൻ മാത്രം മൂർച്ചയുള്ള ഇത്തരം വെട്ടുകത്തിയുപയോഗിച്ച് ഉണങ്ങിയ ഓലകൾ ഓരോന്നായി നെടുകേ പിളർക്കുകയാണ് ആദ്യമായി ചെയ്യുന്നത്.

ഓലയുടെ തുമ്പ് (തുമ്പോല) രണ്ടര-മൂന്ന് അടിയോളം വെട്ടിക്ക

ളഞ്ഞതിന് ശേഷം വളരെ സൂക്ഷ്മ തയോടെ ഒരുമടൽ ഓല ആദ്യം കീറിയെടുക്കുന്നു. പിന്നീട് അതിൽ ഓരോ കീറിൽ നിന്നും മടൽപ്പൊളി (മടൽപ്ലാച്ചി) ചീകിമാറ്റി മടലിന്റെ കനം കുറക്കുന്നു. വെട്ടിമാറ്റിയതുമ്പോല കൂട്ടിക്കെട്ടി ഒരു വർഷത്തോളം സൂക്ഷിക്കാറുണ്ട്. രാത്രി യാത്രകളിൽ 'ചൂട്ടുകറ്റ'കളായി അവ ഉപയോഗിച്ചിരുന്നു. ചീകിയിട്ട മടൽപ്പൊളികൾ നല്ല ഒന്നാംതരം അടുപ്പ് വിറകായി ഉപയോഗിച്ചിരുന്നു. മടൽ ചീന്തുമ്പോൾ സൂക്ഷിച്ചില്ലെങ്കിൽ നഖത്തിനിടയിൽ 'ആര്' കുത്തിക്കയറാൻ സാധ്യതയുണ്ട്. അങ്ങനെ സംഭവിച്ചാൽ അവിടം പഴുത്തുപൊട്ടുക തന്നെയായിരുന്നു ഫലം. അപകടസാധ്യത കൂടിയ ജോലിയായതിനാലായിരിക്കണം ഇത് പരിചയസമ്പന്നരായവർ മാത്രം ചെയ്തിരുന്നു.

കീറിയിട്ട ഓലകൾ കുതിർത്ത് എടുക്കുക എന്നതാണ് അടുത്ത ഘട്ടം. രണ്ട് രീതിയിലായിരുന്നു ഓല കുതിർത്തത്. കിണറിന് സമീപത്തായി ഒരു താൽക്കാലിക ചാലുകീറി ഓല മലർത്തി ഒന്നിനുമീതെ ഒന്നായി അടുക്കി അതിൽ വെള്ളം തളിച്ചശേഷം ഒരു പച്ചഓല അതിനുമുകളിൽ കമഴ്ത്തിയിടുന്നു. ദിവസത്തിൽ രണ്ടുമൂന്നു തവണ വെള്ളം തളിച്ചുകൊടുക്കാറുണ്ട്.പരമാവധി മൂന്നുദിവസം ഈ പ്രക്രിയ തുടർന്നാൽ ഓല കുതിർന്നുകിട്ടും. എന്നാൽ മറ്റ് സാഹചര്യങ്ങൾ ഒന്നും ഇല്ലെങ്കിൽ മാത്രമേ ഇത്തരത്തിൽ ഓല കുതിർത്തിരുന്നുള്ളൂ. കാരണം ഇങ്ങനെ കുതിർത്തെടുക്കുന്ന ഓലകൾക്ക് മെടയുന്ന ഘട്ടത്തിൽ മയം കുറവായിരിക്കും. അതിലുപരി അവ എളുപ്പം ദ്രവിച്ചു പോകാനുള്ള സാധ്യതയുമുണ്ട്.

സാധാരണഗതിയിൽ ഓല കുതിർക്കുന്നത് തോടുകളിൽ ആയിരുന്നു. വാഴപ്പണകൾക്കിടയിൽ കെട്ടിനിർത്തിയ വെള്ളത്തിൽ ഓലകൾ ഒന്നിനുമുകളിൽ മറ്റൊന്ന് എന്ന നിലയിൽ മലർത്തി അടുക്കിത്താഴ്ത്തുന്നു. ഇപ്രകാരം വെള്ളത്തിൽ പൂർണ്ണമായും താഴ്ത്തിയിട്ട ഓലകൾക്കു മുകളിൽ ഭാരമുള്ള തടിയോ വാഴപ്പിണ്ടിയോ വെക്കുന്നു. പരമാവധി രണ്ടുദിവസമാണ് ഇപ്രകാരം കുതിർക്കാനിടുന്നത്. അല്ലെങ്കിൽ ഓല അഴുകിപ്പോകാൻ സാധ്യതയുണ്ട്. ഇപ്രകാരം കുതിർത്തെടുക്കുന്ന ഓലയ്ക്ക് മയവും ഈടും ഗുണവും കൂടുതലായിരുന്നു. നല്ല കറുത്ത നിറത്തിലായിരുന്നു അവ പുറത്തെടുക്കുക. അതിലുള്ള ചെളിയും മറ്റും കഴുകിക്കളഞ്ഞശേഷം വലിച്ചു കരയിൽ കയറ്റിയിടുന്നു. ഓലയിലെ 'പുളി' മുഴുവൻ പോകുന്നു എന്നതാണ് ഇതിന്റെ മറ്റൊരു ഗുണം. മെടയുന്ന സമയത്ത് ഓലക്കാലുകൾ എളുപ്പം നിവർന്ന് നല്ല ഞെരുക്കത്തിൽ മെടഞ്ഞെടുക്കാനും സാധിക്കുന്നു. നല്ല നിലപ്പുള്ള സ്ഥലത്ത് ചെറിയ ഈർപ്പത്തോടെ ഓലകൾ മെടയാൻ ആരംഭിക്കുന്നു.

ഓലമെടയൽ യഥാർത്ഥത്തിൽ ഒരു കലതന്നെയാണ്. ചിലർക്ക് എത്ര വർഷങ്ങൾ ഓലമെടഞ്ഞാലും ഭംഗിയായി ചെയ്യാൻ കഴിയാറില്ല എന്നതിൽ നിന്നുതന്നെ അതിനുള്ള അർപ്പണമനോഭാവം എത്രത്തോളം വേണ്ടതാണ് എന്ന് മനസ്സിലാക്കാം. കുതിർത്ത് കരയിലിട്ട ഓലയിൽ നിന്നും ഏറ്റവും നല്ല ഒരു കീറ് തെരഞ്ഞെടുത്ത് 'അമ്പോല' മുറിച്ചെടുക്കുകയാണ് ആദ്യമായി ചെയ്യുന്നത്. മെടയുന്ന ഘട്ടത്തിൽ ഏതെങ്കിലും ഓലകൾ ദ്രവിച്ചതോ കീറിയതോ മറ്റോ ആണെങ്കിൽ അവിടെ അമ്പോലകൾ തിരുകിക്കയറ്റിയാണ് മെടയുക. അടിവശം അമ്പുപോലെ കൂർപ്പിച്ച് അറുത്തെടുക്കുന്ന ഓലക്കാലുകൾക്ക് പറയുന്ന പേരാണ് അമ്പോല. ചില ഓല





കൾക്ക് ഓലക്കാലുകൾ തമ്മിലുള്ള അകലം (വാരം) കൂടുതലായിരിക്കും. അങ്ങനെയുള്ളപ്പോൾ വിടവ് വരാതിരിക്കാനായി അവയ്ക്കിടയിൽ അമ്പോല വെച്ച് മെടയുന്നു. എന്നാൽ ചില ഓലകൾക്ക് ഓലക്കാലുകൾ തമ്മിലുള്ള അകലം വളരെ കുറഞ്ഞ് ഞെരുക്കം കൂടിയിരിക്കും. ഇത്തരം ഓലകൾ മെടയാൻ ബുദ്ധിമുട്ടായതിനാൽ രണ്ട് ഓലക്കാലുകൾ ചേർത്ത് ഒറ്റയാക്കി മെടയുന്നു. ഓലക്കാലുകൾ ഉരിഞ്ഞുകളയുന്നത് നല്ല മെടയലിന്റെ ലക്ഷണമായിരുന്നില്ല. സ്വഭാവികമായും അഞ്ചോ ആറോ അമ്പോലകൾ ഒരു കീറ് ഓലമെടയാൻ വേണ്ടിവരാറുണ്ട്.

ഓല മെടയുന്നതിന് മൂന്ന് ഘടകങ്ങളുണ്ട്. അവ യഥാക്രമം ഒരൊടിപ്പ്, രണ്ടൊടിപ്പ്, മൂന്നൊടിപ്പും തലയണയ്ക്കലും എന്നിവയാണ്. ഇതിൽ ഒന്നും രണ്ടും ഒടിപ്പുകൾ തുടക്കക്കാരും കുട്ടികളും ചെയ്യുമ്പോൾ മൂന്നാമത്തെ ഒടിക്കലും തലയണപ്പും (Finishing Work) പ്രാഗത്ഭ്യമുള്ളവർ മാത്രം ചെയ്യുന്നു. സാധാരണയായി മൂന്നുംകൂടി ഒരാൾ തന്നെ ചെയ്യും. വലിയ വീടുകളിലും മറ്റും ഓലമെടയാൻ പ്രത്യേകം കൂലിക്കാരെയും ഏർപ്പാടാക്കിയിരുന്നു. ഓലക്കടച്ചവടക്കാർ സ്ഥിരമായി കൂലിക്ക് മെടയുന്നവരെ ഏർപ്പാടാക്കിയിരുന്നു. ഗ്രാമങ്ങളിലെ ഒരു പ്രധാന തൊഴിൽ കൂടിയായിരുന്നു ഓലമെടയൽ. കായികാധ്വാനം അൽപം കുറവായതിനാൽ തന്നെ സ്ത്രീകളും പ്രായമായ പുരുഷന്മാരുമായിരുന്നു കൂടുതലും ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നത്. ക്ഷമയും സഹിഷ്ണുതയും അങ്ങേയറ്റം വേണ്ടുന്ന ഒന്നായിരുന്നു ഓലമെടയൽ. ചിലർ ഒരു ദിവസം തന്നെ അറുപതും എഴുപതും വരെ കീറ് ഓലകൾ മെടയാറുണ്ട്. നല്ല ഭംഗിയായി ഓലമെടയുന്നവർക്ക് ആണ്ടിൽ എല്ലാക്കാലത്തും ജോലി ലഭിച്ചിരുന്നു. സമൂഹം അവർക്ക് തൊഴിൽ വൈദഗ്ധ്യത്തിനുള്ള അംഗീകാരം എന്ന നിലയിൽ ഒരു പ്രത്യേക പരിഗണനയും നൽകിയിരുന്നു. അവർ മെടയുന്ന ഓലക്ക് ആവശ്യക്കാരും കൂടുതലായിരുന്നു.

ഇപ്രകാരം മെടഞ്ഞെടുക്കുന്ന ഓലകൾ വെയിലത്ത് ചിക്കി ഉണക്കുന്നു. മഴനനയാതെ മൂന്നോ നാലോ ദിവസം തിരിച്ചും മറിച്ചും ഉണക്കിയെടുക്കുന്ന ഓരോ കീറ് ഓലയും അടുത്ത പുരമേയലിന് (ഓലകെട്ടെന്ന് തെക്കൻ കേരളത്തിൽ) അടുക്കി സൂക്ഷിക്കുകയാണ് അടുത്തപടി. ഓലപ്പുര (ഷെഡ്) കെട്ടി അതിനുള്ളിൽ രണ്ടര അടിയോളം പൊക്കത്തിൽ കാൽ നാട്ടി അതിനു മുകളിൽ തട്ടൊരുക്കി അതിലായിരുന്നു ഓലകൾ ക്രമമായി അടുക്കിയിരുന്നത്. ഇരുവശത്തുനിന്നും ഓലയുടെ തുമ്പുകൾ അഭിമുഖമാക്കി അടുക്കടുക്കായി പത്ത് അടിയിലേറെ പൊക്കത്തിൽ അടുക്കാൻ സാധിക്കുന്നു. ചിതൽ മുതലായവ കയറാതിരിക്കാൻ തട്ടിനടിയിൽ കരിഓയിൽ പുരട്ടിക്കൊടുക്കുന്നു. ഒരു വർഷത്തിൽ കൂടുതൽ തട്ടിൽ ഓലകൾ സൂക്ഷിക്കാറില്ല. രണ്ടാഴ്ചയിലൊരിക്കലോ മാസത്തിലൊരിക്കലോ അടുക്കിയ ഓലകൾ ഒന്നുകൂടി പൊളിച്ചടുക്കാറുണ്ട്. ഇതിലൂടെ ചെറിയ

പാമ്പുകളായ ചുരുട്ട, എട്ടടിവീരൻ,
എലി, പാറ്റ മുതലായ ജീവികളുടെ
കുടിയേറ്റം തടയാൻ സാധിക്കുന്നു.

ചിലപ്പോൾ ഷെഡിനകത്തല്ലാതെ
തുറസ്സായ സ്ഥലത്തും ഓലകൾ
അടുക്കാറുണ്ട്. ഇതിനായി ആദ്യം
മൂന്നടിയിലധികം ഉയരത്തിൽ
ബലമുള്ള കാലുകൾ നാട്ടി സമചതു
രാകൃതിയിൽ ഒരു തട്ടുണ്ടാക്കുന്നു.
ഇത്തരം തട്ടുകൾക്ക് 'ഓലപ്പന്തൽ'
എന്നുപറയുന്നു. പത്തുകീറ് ഓല
കൾ ഒരുവശത്ത് ഒന്നിച്ച് കമഴ്ത്തി
അടുക്കുന്നു. അതിന് വലതുവശത്ത്
അടുത്ത പത്തുകീറ്, അതിനും
വലത്ത് വീണ്ടും പത്ത് കീറ് എന്നി
ങ്ങനെ ക്രമത്തിൽ ഒരു ചതുരം പൂർ
ത്തിയാക്കുന്നു. ഇപ്രകാരം പത്ത്
കീറ് ഓലകൾ വീതം ഒരു ചതുരം
പൂർത്തിയാക്കുമ്പോൾ ഇരുപത്
മടൽ ഓലയായി (40 കീറ് = 20
മടൽ) ഇങ്ങനെ ലംബമായി ക്ര
മേണ അടുക്കിക്കയറ്റുന്നു. വെയില
നേരിട്ട് ലഭിക്കുന്നതിനാൽ
ഓലപ്പന്തൽ ഇടക്കിടെ പൊളിച്ച്
അടുക്കേണ്ടതില്ല. മഴപെയ്താൽ
വെള്ളം ഉള്ളിലേക്ക് ഇറങ്ങാതിരി
ക്കാനായി ഏറ്റവും മുകളിൽ വയ്ക്കുന്ന
ഓലകൾ മലർത്തി അടുക്കുന്നു. മഴ
വെള്ളം നടുക്കുള്ള ചതുരഭാഗത്ത്
വീണ് പുറത്തേക്ക് ഒഴുകിപ്പോകും.
ഇപ്രകാരം മൂന്നും നാലും ഓലപ്പന്ത
ലുകൾ വലിയ വീടുകളുടെ മുറ്റത്തി
ന് വടക്കായി കാണുന്നു. എലി,
ചിതൽ, പാമ്പ് മുതലായ ജീവികളു
ടെ ആക്രമണം ഓലപ്പന്തലുകളിൽ
ഉണ്ടാകാറില്ല.

**ഓലകെട്ട്:**


വേനൽക്കാലാവസാനത്തിനു
മുൻപ് തന്നെ ഗ്രാമത്തിലെ
വീടുകളെല്ലാം ഓലകെട്ടലിന്
വിധേയമാകുന്നു. ഈ സമയം
പുരുഷന്മാരിൽ മിക്കവരുടെയും
പ്രധാന തൊഴിൽ ഓലകെട്ടാണ്.
തേങ്ങയിടൽ, കൊയ്ത്ത് മുതലായ
തൊഴിലുകളെ അപേക്ഷിച്ച് കൂലി
യായി പണം ലഭിക്കുന്നു എന്നതാ
ണ് ഓലകെട്ടിനുള്ള ഒരു മെച്ചം.
ഓലമെടയൽ പോലെ തന്നെ
ഓലകെട്ടും ക്ഷമയും ഒപ്പം കലയും
ഒന്നുചേരുന്നതാണ്. പ്രഗത്ഭരായ
ഓലകെട്ടുകാരുടെ നേതൃത്വത്തിലാ
യിരുന്നു ഓരോ വീടും കെട്ടി മേ
ഞ്ഞിരുന്നത്. മുന്നൂറ് മടലിന് മുക
ളിൽ ഓലവേണ്ടിവരുന്ന വീടുകൾ
മേയാൻ സാധാരണഗതിയിൽ
അഞ്ചുപേർ വേണമായിരുന്നു.
കൂടാതെ ഗൃഹനാഥനും കുട്ടികൾ
ഉൾപ്പെടെയുള്ള എല്ലാ കുടുംബാംഗ
ങ്ങളും ഓലകെട്ടിൽ സഹായിച്ചിരു
ന്നു. രണ്ട് പേർ താഴെനിന്ന് ഓല
'ചൂണ്ടി'ക്കൊടുക്കാനും (മുകളിലേക്ക്
എറിഞ്ഞുകൊടുക്കുക) മൂന്നുപേർ
മുകളിൽ ഓലകെട്ടാനും കയറും.
നേരത്തെ സൂചിപ്പിച്ചതുപോലെ
ആദ്യം രണ്ടുപേർ മുകളിൽ (പുരപ്പു
റത്ത്) കയറി പഴയ ഓല ഒടിഞ്ഞു
പൊടിഞ്ഞുപോകാതെ പൊളിച്ച്
താഴെയിറക്കുന്നു. അതിൽ നിന്നും
കൊള്ളാവുന്നവ പൊടിതട്ടി മാറ്റി
യടുക്കിയശേഷം ബാക്കിയുള്ളവ
മറ്റൊരിടത്ത് കൂട്ടിയിടും. പിന്നീട്
മേൽക്കൂര മുഴവൻ ചൂലുകൊണ്ട്
അടിച്ചുവൃത്തിയാക്കി ചിതൽനാശി
നിയും ഉറുമ്പ് പൊടിയും മറ്റും പുരട്ടി
വൃത്തിയാക്കുന്നു. ഓലപ്പന്തലിൽ
നിന്നും ഏറ്റവും വീതിയും നീളവു
മുള്ള ഓലകൾ തെരഞ്ഞെടുത്ത്
'അടിവാരി' കെട്ടാനായി ഉപയോ
ഗിക്കുന്നു. പഴയതും കൂടി ചേർത്ത്
കെട്ടാനുപയോഗിക്കുന്ന വീടിനും
അടിവാരികെട്ടാൻ രണ്ടും പുത്തൻ
തന്നെ ഉപയോഗിക്കും.

ഓരോ വാരിയും ഇടതുവശത്തുനി
ന്നും വലതുവശത്തേക്ക് ഒന്നിന്
മുകളിലേക്ക് അടുത്ത ഓല ഒരടി
വീതം കയറ്റിയാണ് കെട്ടുന്നത്.



എല്ലാവാരിയും കൂരയുടെ മുകളറ്റം വരെ ഇതേ രീതിയിൽ തന്നെ കെട്ടണം. ഈ ക്രമം ഒരു വാരിയിലെങ്കിലും തെറ്റിപ്പോയാൽ മഴയത്ത് ആ ഭാഗത്ത് ചോർച്ച യുണ്ടാകും. ഓലകെട്ടിലുണ്ടാകുന്ന ഈ തെറ്റിന് 'പോര്' എന്നറിയപ്പെടുന്നു. അതിനാൽതന്നെ പോര് ഒഴിവാക്കി ഓലകെട്ടേണ്ടത് പണിക്കാരുടെ ഉത്തരവാദിത്തമാണ്. ഓലകെട്ടിന് ശേഷം തുലാമഴയത്ത് ചോർച്ച സാധാരണയാണ്. അന്നേരം പുതിയ ഒരു കീറ് ഓല ആ ഭാഗത്ത് ഇളക്കി തിരുകിക്കയറ്റാറുണ്ട്. ഇതിന് 'ഊടുവലിക്കൽ' എന്നു പറയുന്നു.

ഓരോ വാരി ഓലയും നേരത്തേ കീറി കുതിർത്ത് ഉണക്കി മയപ്പെടുത്തി സൂക്ഷിച്ചിരിക്കുന്ന വഴുതയുടെ കെട്ടനാരുകൾ ഉപയോഗിച്ച് കഴുക്കോലിനോട് പിരിച്ചുകയക്കി കെട്ടിയുറപ്പിക്കുന്നു. അടിവാരിയും (ഇറമ്പ്) ഏറ്റവും മുകളിലെ വാരിയും (കമിഴ്ത്തോല) പൊതിയലും ഒഴികെ ബാക്കിയെല്ലാ വാരിയും ഓല മലർത്തിയാണ് കെട്ടുന്നത്. പുത്തൻ അടിയിലും പഴയത് മുകളിലുമായി കെട്ടുന്നതിനാൽ വീടിനുള്ളിൽ നിന്ന് നോക്കുമ്പോൾ പുത്തൻ ഓല മാത്രമേ കാണാൻ കഴിയുകയുള്ളൂ. മേൽക്കൂര ചതുരാകൃതിയിൽ ആരൂഢത്തിൽ നിന്നും നാലുവശത്തേക്കും ആയതിനാൽ ത്തന്നെ ഓലകെട്ടിൽ നാലുകോടികളും (വശങ്ങൾ) ഒടിച്ചുകെട്ടുകയാണ് ചെയ്യുന്നത്. ഒരു കോടി മുകളറ്റം വരെ കെട്ടിത്തീർന്നതിനു ശേഷം മാത്രമേ മറുവശം കെട്ടിക്കയറുകയുള്ളൂ. ഇപ്രകാരം നാലുകോടികളും ഒടിച്ചുമടക്കിക്കെട്ടി ഒടുവിൽ പുരയുടെ ആരൂഢത്തിനു മുകളിൽ എത്തിക്കഴിഞ്ഞാൽ ഇരുവശത്തും (പൂമുഖ വശവും അടുക്കളവശവും) രണ്ടു പുത്തൻ ഓലകൾ വീതം കമഴ്ത്തി ചേർത്ത് കെട്ടുന്നു. ഇതിന് 'കമഴ്ത്തൽ' എന്നു പറയുന്നു. ഇവക്കു മുകളിൽ ഏറ്റവും നല്ലതും വീതിയും നീളവുമുള്ള ഓലക്കീറുകൾ ആദ്യം അടുക്കളവശത്തുനിന്നും പൂമുഖഭാഗത്തേക്ക് തുമ്പുവരത്തക്കവണ്ണവും അതിനു മുകളിൽ തിരിച്ചും ഭംഗിയായി പൊതിഞ്ഞുകെട്ടുന്നു. ഈ



പ്രക്രിയയ്ക്ക് പൊതിയൽ എന്നുപറയുന്നു. പൊതിഞ്ഞ ഓലകൾ ബലപ്പെടുത്താനായി 'സൂചി' കുത്തുകയാണ് ഏറ്റവും ഒടുവിലത്തേതും ഏറ്റവും ശ്രമകരവുമായ ദൗത്യം. പണിക്കാരിൽ ഏറ്റവും പരിചയസമ്പന്നരായ ആളായിരിക്കും സൂചി കുത്തുക.

താഴെ നിന്നും മറ്റുള്ളവർ അലക്ക് (കമുകിന്റെ കീറ്) രണ്ടരയടിയോളം നീളത്തിൽ ചെത്തിയെടുത്ത് ഒരറ്റം കൂർപ്പിച്ചത് (സൂചി) അഞ്ചോ ഏഴോ ഒൻപതോ (വീടിന്റെ മോന്തായത്തിന്റെ നീളത്തിനനുസരിച്ച്) ഒരു ചല്ലിക്കയർ ചുറ്റി മുകളിലേക്ക് എറിഞ്ഞുകൊടുക്കുന്നു. മോന്തായത്തിലൂടെ പൊതിഞ്ഞ ഓലകൾ ചേർത്ത് വലതുവശത്തു നിന്നും അലകിന്റെ സൂചികൾ കുത്തി ചല്ലിക്കയർ പിരിച്ചുകെട്ടി ബലപ്പെടുത്തുന്നു. കെട്ടിയ ഓലക്ക് മുകളിൽ പുരയുടെ മുകളിൽ വാട്ടിയ പച്ച ഓലയോ തടിയോ നീളത്തിൽ താഴേക്കിട്ട് സൂചിയുമായി കെട്ടി ബലപ്പിക്കുന്നു. ഓലകൾ കാറ്റടിച്ച് പൊങ്ങാതിരിക്കാനായി ഇടുന്ന ഇത്തരം വസ്തുക്കൾ 'കാറ്റാടി' എന്നറിയപ്പെടുന്നു. സ്കൂളുകളും വലിയ ഷെഡുകളും മറ്റും കാറ്റാടി ഇടുന്നതിനു പകരം ചെറിയ മുളം പട്ടികകൾ നെടുകെയും കുറുയേുമായി വരത്തക്കവണ്ണം പുരയുടെ മുകളിൽ 45 ഡിഗ്രി ചരിവിൽ കെട്ടി ഉറപ്പിക്കുകയാണ് ചെയ്യാറ്. ഇവ ദൂരെ നിന്ന് കാണാൻ നല്ല ഭംഗിയായിരിക്കും. ഇതോടെ ഓലകെട്ട് കഴിഞ്ഞു. ഏറ്റവും ഒടുവിലായി അടിവാരി (ഇറമ്പ്)യുടെ തുമ്പ് മൂർച്ചയുള്ള കത്തികൊണ്ട് നീളമുള്ള പട്ടികകൾ മുകളിലും താഴെയുമായി ചേർത്ത് പിടിച്ച് അറുത്തുമാറ്റുന്നു. അറുത്തുമാറ്റിയ ഇറമ്പ് ഓലകൾ തറയിലിട്ട് ചവിട്ടാൻ ഇടവരാതെ ദൂരെയുള്ള പ്ലാവിന്റെ ചുവട്ടിൽ കൊണ്ടിടുന്നതോടെ ഒരു വർഷത്തെ ഓലകെട്ട് പൂർത്തിയായി.

ഓലകെട്ട് ഒരു കുടുംബത്തിന്റെ ഒരുവർഷത്തെ തയ്യാറെടുപ്പിന്റെ പരിസമാപ്തിയായതിനാൽത്തന്നെ അത് ഒരു ആഘോഷം തന്നെയായിരുന്നു. ഓലകെട്ട് കഴിയുന്നതോടെ പൂമുഖം മാത്രം ആദ്യം നല്ലതുപോലെ തൂത്ത് തുടച്ച് വൃത്തിയാക്കി വെള്ളം കുടഞ്ഞ് പുരമേഞ്ഞവർക്കും ഗൃഹനാഥനും വിഭവസമൃദ്ധമായ ഊണ് വിളമ്പുന്നു. ഊണിനുള്ള വിഭവങ്ങൾ വീടിനുപുറത്ത് പ്രത്യേകം തയ്യാറാക്കിയ ഇടത്തായിരുന്നു ഒരുക്കിയിരുന്നത്. ചോറ്, പപ്പടം, അച്ചാറ്, പുളിശ്ശേരി, സാമ്പാറ് എന്നിവയെക്കൂടാതെ പ്രത്യേക വിഭവം എന്ന രീതിയിൽ ചക്ക ഉടച്ച് കറി (എരിശ്ശേരി) നിർബന്ധമായിരുന്നു. ഒടുവിൽ പായസവും കൂട്ടി ഊണ് കഴിച്ച് എണീക്കുന്നതോടെ പുരമേയൽ പൂർത്തിയാകുന്നു. പിറ്റേന്നാൾ മുതൽ അടുത്ത വർഷത്തേക്കുള്ള തയ്യാറെടുപ്പുകൾ തുടങ്ങുകയായി. പുതുതായി ഓലകെട്ടി മേഞ്ഞ വീടിനുള്ളിലെ പുതുമണം പഴയ തലമുറയിലുള്ളവർക്ക് ഒരിക്കലും മറക്കാനാവില്ല. അതൊരു ഗൃഹാതുരതയുടെ ഓർമപ്പെടുത്തലാകുന്നു.

# എ.കെ.പി.സി.ടി.എ. സാംസ്കാരിക വേദി ടി. എം. കൃഷ്ണ ഉദ്ഘാടനം ചെയ്തു

സാംസ്കാരിക വൈവിധ്യങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയെ സാംസ്കാരികമായി നവീകരിക്കുക, സാംസ്കാരിക നവോത്ഥാനത്തിന് നേതൃത്വം നൽകുക, സാംസ്കാരിക ഭിന്നതകളെ അഭിമുഖീകരിക്കുക, മതനിരപേക്ഷ മൂല്യങ്ങളിലും ലിംഗനീതിയിലും അധിഷ്ഠിതമായ സമൂഹത്തെ വിഭാവനം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടുകൂടി എയ്ഡഡ് കോളേജ് മേഖലയിലെ പ്രബല അദ്ധ്യാപകസംഘടനയായ ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ.കെ.പി.സി.ടി.എ.) പുതിയതായി രൂപീകരിച്ച സാംസ്കാരിക വേദിയുടെ ഉദ്ഘാടനം പ്രസിദ്ധ ഇന്ത്യൻ സംഗീതജ്ഞനും മഗ്സസെ പുരസ്കാര ജേതാവുമായ ടി.എം.കൃഷ്ണ നിർവഹിച്ചു. സമകാലിക ഇന്ത്യ: സൗന്ദര്യശാസ്ത്രവും രാഷ്ട്രീയവും എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ച ടി.എം. കൃഷ്ണ ഇന്ത്യയിൽ ഇന്ന് സംസ്കാരത്തെയും കലയെയും ഭരിച്ചുകൊണ്ടിരിക്കുന്ന ഉച്ചസംസ്കാരത്തെ മാർക്സിയൻ ചിന്തകളുടെ അടിസ്ഥാനത്തിൽ നിശിതമായി വിമർശിച്ചു. വിവേചനങ്ങളില്ലാതെ കലയെയും സംസ്കാരത്തെയും കാണേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സമകാലിക ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ അദ്ധ്യാപകർ സാംസ്കാരിക മേഖലകളിൽ ഇടപെടേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും ടി.എം.കൃഷ്ണ ഊന്നിപ്പറഞ്ഞു. ഒരു അദ്ധ്യാപകസംഘടന സാംസ്കാരിക വിഷയങ്ങൾ ഏറ്റെടുക്കുന്നതിലുള്ള സന്തോഷവും അദ്ദേഹം പങ്കു വെച്ചു. മുൻ വിദ്യാഭ്യാസ സാംസ്കാരിക വകുപ്പ് മന്ത്രി എം.എ .ബേബി മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യൻ ഭരണഘടന മുന്നോട്ട് വയ്ക്കുന്ന മതനിരപേക്ഷ, ജനാധിപത്യ മൂല്യങ്ങളെ മുഴുവൻ ഇല്ലാതാക്കിക്കൊണ്ട് സാംസ്കാരിക ദേശീയതയുടെ മറവിൽ മതാധിഷ്ഠിത സമൂഹത്തെ സൃഷ്ടിക്കാനുള്ള നവഫാസിസ്റ്റ് ശ്രമങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ വർദ്ധിച്ചു വരികയാണെന്നും ഈ സാഹചര്യത്തിൽ സാംസ്കാരികമായ അനീതികളെ പ്രതിരോധിക്കേണ്ട ബാധ്യത എ കെ പി സി ടി എ അടക്കമുള്ള പുരോഗമന ശക്തികൾക്കുണ്ടെന്നും അതിന് ഇത്തരം സാംസ്കാരിക വേദികൾ ഒരനിവാര്യതയാണെന്നും എം.എ.ബേബി അഭിപ്രായപ്പെട്ടു. ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടന്ന സമ്മേളനത്തിൽ എകെപിസിടിഎ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് അദ്ധ്യക്ഷത വഹിച്ചു. എകെപിസിടിഎ സംസ്ഥാന സെക്രട്ടറി എ.നിശാന്ത് ആമുഖപ്രഭാഷണം നടത്തി.സാംസ്കാരിക വേദി കൺവീനർ ഡോ.എൻ. രേണുക സംഘടനയുടെ പുതു സംരംഭത്തെ പരിചയപ്പെടുത്തി. എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ.വി.പി.മർക്കോസ് സാംസ്കാരിക വേദിയുടെ കാഴ്ചപ്പാടുകൾ വിശദമാക്കിക്കൊണ്ട് ഭാവിപരിപാടികൾ അവതരിപ്പിച്ചു. സംസ്കാരം എന്ന സങ്കല്പനത്തെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രഭാഷണ പരമ്പര സംഘടിപ്പിക്കാനും കലാപഠനത്തെ അടിസ്ഥാനമാക്കി ഒരു ശില്പശാല നടത്താനുമുള്ള ആലോചനയാണ് ഇക്കൊല്ലത്തെ പരിപാടികളായി മുന്നോട്ടു വെച്ചിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയും പൊതു സമൂഹവുമായുള്ള ബന്ധം നിരന്തരം നിലനിർത്തുന്നതിന് ഇണക്കു കണ്ണിയായി പ്രവർത്തിക്കാൻ സാംസ്കാരിക വേദിക്കു കഴിയട്ടെ എന്ന് സമ്മേളനത്തിൽ സംസാരിച്ച എല്ലാവരും പ്രത്യാശ രേഖപ്പെടുത്തി. ജനുവരി 27 ന് വൈകിട്ട് നടന്ന സമ്മേളനത്തിൽ സൂം മീറ്റിങ്ങിലും ഫേസ് ബുക്ക്, യൂട്യൂബ് - ലൈവിലുമായി ആയിരത്തോളം ആളുകൾ പങ്കെടുത്തു.

ഉദ്ഘാടനപരിപാടിയുടെ വീഡിയോ കാണുവാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക

# ത്രിദിന പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു

പത്തനംതിട്ട ജില്ല കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടനയുടെ അക്കാദമിക് - സർവ്വീസ് സെൽ - വനിത സബ് കമ്മറ്റികളുടെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളിൽ ത്രിദിന പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. സി.പത്മനാഭൻ ഉദ്ഘാടനം ചെയ്തു.എം.ജി. സർവ്വകലാശാല മേഖല സെക്രട്ടറി പ്രൊഫ.(ഡോ.) മാർക്കോസ് വി.പി അഭിവാദ്യങ്ങൾ അർപ്പിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗവേഷണ ധന സഹായ സാധ്യതകൾ, സർവ്വകലാശാല ചട്ടങ്ങളും, ഇതര സർവ്വീസ് കാര്യങ്ങളും,ഐ.സി.സി : തത്വവും പ്രയോഗവും എന്നീ വിഷയങ്ങളിൽ ഡോ.കെ. എസ് അനൂപ് ദാസ്, ഡോ.എ. എസ് സുമേഷ്,ഡോ. എൻ രേണുക എന്നിവർ പ്രഭാഷണങ്ങൾക്ക് നേതൃത്വം നൽകി. സമാപന സമ്മേളനത്തിൽ പ്രൊഫ. ടി.കെ.ജി നായർ സമാപന സന്ദേശം നൽകി. ജില്ല പ്രസിഡൻ്റ് ഡോ. പ്രദീപ് പി.എസ് , ജില്ല സെക്രട്ടറി റെയിസൻ സാം രാജു, ജില്ല ട്രഷറർ ഡോ.മഹേഷ് എസ്. കെ എന്നിവർ പ്രസംഗിച്ചു.

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.295

ISSN 2454-4795
Rs.11/- FEBRUARY - 2022






അഭിവാദ്യങ്ങൾ

## എ.കെ.പി.സി.ടി.എ. ബ്രാഞ്ച്, മാർത്തോമ്മ കോളേജ്, തിരുവല്ല

Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. A.S. Sumesh**